# ഗിരിദീപം

നവംബർ 2025



നവംബർ 23

മിശിഹായുടെ രാജത്വതിരുനാൾ



നവംബർ എട്ടാം തീയതി
മെത്രാഭിഷേകത്തിന്റെ
എട്ടാം വാർഷികം
ആഘോഷിക്കുന്ന
തലശേരി അതിരൂപതയുടെ
ഇടയൻ അഭിവന്ദ്യ
മാർ ജോസഫ് പാംപ്ലാനി
പിതാവിന്
അതിരൂപതകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

*Hearty Congratulations*



തലശ്ശേരി അതിരൂപത ആലോചനസമിതി അംഗങ്ങൾ

നവംബർ 2025

വാല്യം 08
ലക്കം 11

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 714/2025, Circular No. 15/2025 ........ 05
2. കച്ചേരിക്കാര്യം ........ 09
3. വൈദികക്ഷേമം ........ 33
4. സെമിനാരി വാർത്തകൾ ........ 35
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 36
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 41
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 44
   തിരുബാലസഖ്യം ........ 49
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 51
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 54
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 63
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 65
    നിർമ്മലഗിരി കോളേജ് ........ 66
    TRACE ........ 68
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ........ 69
    എയ്ഞ്ചൽ ഡയാലിസിസ് ........ 73
    കരിസ്മാറ്റിക് ........ 74
    ADAM ........ 76
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 78
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 80
    ബയോമൗണ്ടൻ ........ 84
    ഇൻഫാം ........ 89
13. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 90
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 91
15. Engagements - Nov. (Archbishop Mar Joseph Pamplany) ........ 93
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 95
17. Engagements - Nov. (Archbishop Mar George Njaralakatt) ........ 97
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 714 /2025, Circular No. 15/2025

## മരിയൻ തീർത്ഥാടനം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

'ദൈവത്തിന്റെ തീർത്ഥാടകജനം' (Pilgrim People of God) എന്നാണ് സഭയെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. വി. അഗസ്റ്റീനോസിന്റെ വീക്ഷണത്തിൽ ഭൂമിയിലെ നമ്മുടെ ജീവിതം മുഴുവൻ ദൈവത്തിലേക്കുള്ള യാത്രയാണ്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥമനുസരിച്ച് തീർത്ഥാടനങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ ഭൗമിക യാത്രയെ ഓർമ്മപ്പെടുത്തുന്നു. കൂടാതെ പ്രാർത്ഥനയിലും ആത്മീയജീവിതത്തിലും ആഴപ്പെടാനുള്ള പ്രത്യേക സന്ദർഭമായി ഇത് പരമ്പരാഗതമായി കണക്കാക്കപ്പെടുന്നു. (CCC 2691).

ജൂബിലി വർഷത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം തലശ്ശേരി അതിരൂപതയിലെ മുഴുവൻ ദൈവജനത്തെയും ഉൾപ്പെടുത്തിക്കൊണ്ട് വിവിധ തീർത്ഥാടനങ്ങൾ നമ്മൾ നടത്തിയിരുന്നല്ലോ. കഴിഞ്ഞ വർഷം ചെമ്പേരിയിലേക്ക് നടത്തിയ മരിയൻ തീർത്ഥാടനവും ചെറുപുഴയിലേക്ക് നടത്തിയ നാല്പതാം വെള്ളി തീർത്ഥാടനവും വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പനത്തടിയിലേക്ക് നടത്തിയ സാൻജോസ് തീർത്ഥാടനവും പുതുഞ്ഞായറാഴ്ച കൊളക്കാട് കുരിശുമലയിലേക്ക് നടത്തിയ സാൻതോം തീർത്ഥാടനവും ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധിക്കപ്പെടുകയും തലശ്ശേരി അതിരൂപതയ്ക്കു മുഴുവൻ ആത്മീയ ഉണർവിന് കാരണമാവുകയും ചെയ്തു. നമ്മുടെ അതിരൂപതയ്ക്ക് ആത്മീയ ഉണർവിന് കാര

ണമാകുന്നതിനാൽ എല്ലാ വർഷവും ഈ തീർത്ഥാടനങ്ങൾ സംഘടി പ്പിക്കുമെന്ന കാര്യം സ്നേഹത്തോടെ അറിയിക്കുന്നു.

ആദ്യ നൂറ്റാണ്ടുമുതൽ സഭയിൽ തീർത്ഥാടനങ്ങൾക്ക് പ്രാധാന്യ മുണ്ടായിരുന്നു. ആദ്ധ്യാത്മിക ഉണർവും വളർച്ചയും ലക്ഷ്യം വച്ചാണ് തീർത്ഥാടനങ്ങൾ നടത്തുന്നത്. ദൈവത്തോടും വിശുദ്ധരോടുമുള്ള ഭക്തി പ്രകടിപ്പിക്കാനുള്ള ഉത്തമമായ മാർഗ്ഗമായാണ് സഭ തീർത്ഥാട നങ്ങളെ കാണുന്നത്. വ്യക്തിപരമായ നേർച്ചകൾ നിറവേറ്റാനും ശാരീ രികവും മാനസികവുമായ രോഗസൗഖ്യങ്ങൾക്കും കൂട്ടായ ക്രിസ്തീയ സാക്ഷ്യം നല്കാനുമായിട്ടാണ് ദൈവജനം തീർത്ഥാടനങ്ങൾ നടത്തു ന്നത്. കഴിഞ്ഞ വർഷം ഡിസംബർ മാസം ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് നടത്തിയ തലശ്ശേരി അതിരൂപതയുടെ പ്രഥമ മരിയൻ തീർത്ഥാടനം മലബാറിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ തീർത്ഥാടനമായി മാറി. ഇരുപത്തയ്യായിരത്തോളം ആളുകൾ ജപമാല കൈകളിലേന്തി ത്യാഗപൂർവ്വം നടത്തിയ തീർത്ഥാടനം നമ്മുടെ ദേശ ത്തിനു മുഴുവൻ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മാധ്യസ്ഥ്യ ത്തിനും സംരക്ഷണത്തിനും കാരണമായി.

പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാളാചരണ ത്തിന്റെ ഭാഗമായി ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് മരി യൻ തീർത്ഥാടനം നടത്തുന്നത്. പരിശുദ്ധ കന്യകാമറിയത്തോടുള്ള സവിശേഷമായ ഭക്തി കുടിയേറ്റ ജനതയുടെ ആദ്ധ്യാത്മിക ജീവിത ത്തിന്റെ ഭാഗമായതിനാലും ബസിലിക്ക ദൈവാലയം തീർത്ഥാടന ദൈവാലയമായതിനാലും മരിയൻ തീർത്ഥാടനത്തിന് വലിയ പ്രസ ക്തിയുണ്ട്. ചെമ്പേരി, വായാട്ടുപറമ്പ്, ആലക്കോട്, എടൂർ, കുന്നോത്ത്, ചെമ്പന്തൊട്ടി, പൈസക്കരി, നെല്ലിക്കാംപൊയിൽ, മണിക്കടവ് എന്നീ ഒൻപത് ഫൊറോനകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് മരി യൻ തീർത്ഥാടനം സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷത്തെ തീർത്ഥാ ടനാനുഭവത്തിൽനിന്ന് ചെമ്പേരി ബസിലിക്കയിൽ കൂടുതൽ തീർത്ഥാ ടകരെ സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പുകളും തീർത്ഥാടനം ബുദ്ധി മുട്ടുകൾ ഇല്ലാതെ പൂർത്തിയാക്കാൻ ആവശ്യമായ മറ്റ് ക്രമീകരണ ങ്ങളും ഈ വർഷം ചെയ്യുന്നതാണ്.

2025 ഡിസംബർ 05 വെള്ളിയാഴ്ച വൈകുന്നേരം 4.30 ന് എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽനിന്ന് ദിവ്യകാരുണ്യ

ആരാധനയ്ക്കുശേഷം ചെമ്പേരിയിലേക്കുള്ള തീർത്ഥാടനം ആരംഭിക്കും. കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിൽനിന്നുള്ള തീർത്ഥാടകർ എടൂരിൽനിന്ന് വരുന്ന തീർത്ഥാടകസംഘത്തോട് ചേരുകയും തുടർന്ന് ഒരുമിച്ച് മലയോര ഹൈവേയിലൂടെ ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തുകയും ചെയ്യും. ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൻനിന്ന് രാത്രി 9.00 മണിക്ക് തീർത്ഥാടനം ആരംഭിക്കുകയും വായാട്ടുപറമ്പ് ഫൊറോനയിൽനിന്നുള്ള തീർത്ഥാടകരൊരുമിച്ച് ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തുകയും ചെയ്യും. ഡിസംബർ 06 ശനിയാഴ്ച പുലർച്ചെ 4.30 ന് ചെമ്പേരി ബസിലിക്കയിൽ നടക്കുന്ന ദിവ്യബലിയോടെയാണ് തീർത്ഥാടനം അവസാനിക്കുന്നത്. ദിവ്യബലിയുടെ സമാപനത്തിൽ തലശ്ശേരി അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്ന ചടങ്ങും ഉണ്ടായിരിക്കും. ചെമ്പന്തൊട്ടി, പൈസക്കരി ഫൊറോനകളിൽനിന്നും ശനിയാഴ്ച രാവിലെ 3.30 ന് ബസിലിക്കയിൽ എത്തിച്ചേരുംവിധത്തിലുള്ള തീർത്ഥാടനവും ചെമ്പേരി ഫൊറോനകളിലെ എല്ലാ പള്ളികളിൽനിന്നും ജപമാല പ്രദക്ഷിണമായി ദൈവജനം ചെമ്പേരി ബസിലിക്കയിലേക്ക് ശനിയാഴ്ച പുലർച്ചെ 4.00 മണിയോടെ എത്തിച്ചേരും വിധത്തിലുള്ള തീർത്ഥാടനങ്ങളും നടത്തും. മറ്റ് ഫൊറോനകളിൽനിന്നുള്ള തീർത്ഥാടകർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിന്ന് തീർത്ഥാടനത്തിന്റെ ഭാഗമാകാവുന്നതാണ്.

ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനയും വി. കുമ്പസാരവും ഉൾപ്പെടുത്തിയുള്ള മരിയൻ സന്ധ്യകൾ ഈ തീർത്ഥാടനത്തോടനുബന്ധിച്ച് പള്ളികളിൽ നടത്തുന്നതാണ്. തീർത്ഥാടനം കടന്നുപോകുന്ന വഴികളിൽ വിശ്രമത്തിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. വാഹനങ്ങളിൽ വരുവാൻ ആഗ്രഹിക്കുന്നവർക്കും ഈ തീർത്ഥാടനത്തിന്റെ ഭാഗമാകാവുന്നതാണ്. ശനിയാഴ്ച രാവിലെ 4.30 നുള്ള ദിവ്യബലിക്കുശേഷം തീർത്ഥാടകർക്ക് ലളിതമായ പ്രഭാതഭക്ഷണവും മടക്കയാത്രക്കുള്ള വാഹനസൗകര്യങ്ങളും ക്രമീകരിക്കുന്നതാണ്.

തീർത്ഥാടകരായി ബസിലിക്കയിൽ എത്തി പ്രാർത്ഥിക്കുന്നവർക്ക് ദണ്ഡവിമോചനം സഭ അനുവദിച്ചിട്ടുള്ളതിനാൽ 2025 ഡിസംബർ 06 ന് രാവിലെ തീർത്ഥാടകരായി ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക

യിൽ എത്തുന്ന തീർത്ഥാടകർക്ക് പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതായിരിക്കും. തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുന്നവർ നേരത്തെ പ്രാർത്ഥിച്ച് ഒരുങ്ങുമല്ലോ. ദീർഘദൂരം കാൽനടയായി നടക്കുവാനുള്ള മുന്നൊരുക്കങ്ങളും നടത്തേണ്ടതാണ്. തീർത്ഥാടനം കടുപോകുന്ന വഴികളിൽ ക്രിസ്തുമസ് കാലത്തിന്റെ അലങ്കാരങ്ങൾ നടത്തിയും പരിശുദ്ധ കന്യകാമറിയത്തിന്റെ രൂപങ്ങൾ അലങ്കരിച്ചുവച്ചും പരിശുദ്ധ കന്യകാമറിയത്തോടുള്ള സ്നേഹം നമുക്ക് പ്രകടിപ്പിക്കാം. കാൽനടയായി നടത്തുന്ന തീർത്ഥാടനം നിശബ്ദതയുടെയും അദ്ധ്വാനത്തിന്റെയും ജീവിതലാളിത്യത്തിന്റെയും മൂല്യം കണ്ടെത്തുവാനുള്ള അവസരമാണെന്നുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം.

ജപമാല കൈകളിലേന്തി ചെമ്പേരി ബസിലിക്കയിലേക്ക് ത്യാഗപൂർവ്വം തീർത്ഥാടകരായി, പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കുവാനും പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യത്തിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ഒക്ടോബർ 22 ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 നവംബർ 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## നവംബർ 2025

**1. പുതിയ നിയമനം**

റവ. ഫാ. ജെയിംസ് തോട്ടപ്പിള്ളിൽ SJ - അസി. വികാരി, നെല്ലിക്കാംപൊയിൽ

**2. വിവാഹപരസ്യം നടത്താനുള്ള അനുമതി**

2025 ആഗസ്റ്റ് മാസത്തിലെ സീറോ മലബാർ സിനഡ് തീരുമാനമനുസരിച്ച് മനസമ്മതത്തിനുമുമ്പ് വിവാഹപരസ്യം നടത്താനുള്ള അനുമതി വരന്റെയോ വധുവിന്റെയോ വികാരിക്ക് നല്കാവുന്നതാണ്. ഇപ്രകാരം വിവാഹപരസ്യം നടത്തുമ്പോൾ 3 ഞായറാഴ്ചകളിൽ നിർബന്ധമായും വിവാഹപരസ്യം നടത്തേണ്ടതും അനുമതിക്കായി രേഖാമൂലം ബഹു. വികാരിയച്ചന്റെ പക്കൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

**3. പ്രസ്ബിറ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപത പ്രസ്ബിറ്ററൽ കൗൺസിൽ യോഗം 2025 നവംബർ 18 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളായ ബഹു. വൈദികർ ഈ യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**4. പ്രെസ്ബിത്തേരിയം**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2025 നവംബർ 22 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ചേരുന്നതാണ്. തലശ്ശേരി അതിരൂപതയിലെ എല്ലാ വൈദികരും അതിരൂപതയിൽ വികാരിമാരായും അസി. വികാരിമാരായും സേവനം ചെയ്യുന്ന സന്ന്യാസവൈദികരും ഈ യോഗത്തിൽ എത്തിച്ചേരേണ്ടതാണ്.

**5. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിന്റെ യോഗം 2025 നവംബർ 29 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ്

1.30 വരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വച്ച് ചേരുന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഈ യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**6. ജൂബിലേറിയൻസ് സംഗമം**

ഈ വർഷം പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരുടെ സംഗമം 2025 നവംബർ 17 തിങ്കളാഴ്ച തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽവച്ച് നടത്തുന്നതാണ്. അന്നേ ദിവസം വൈകുന്നേരം 6.30 ന് റംശാ പ്രാർത്ഥനും തുടർന്ന് അത്താഴവും അനുമോദനമീറ്റിംഗും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട അച്ചന്മാർക്ക് ഹൃദ്യമായ സ്വാഗതം.

**7. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. വൈദികരുടെ കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ദിവ്യബലി**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. വൈദികരുടെ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 2025 നവംബർ 15 ശനിയാഴ്ച രാവിലെ 10.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ബഹു. വൈദികർക്കുവേണ്ടി ദിവ്യബലിയും തുടർന്ന് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും നടത്തുന്നതാണ്. തലശ്ശേരി അതിരൂപതയിലെ വൈദിക കൂട്ടായ്മയിൽ നിന്ന് വേർപിരിഞ്ഞുപോയ ബഹു. വൈദികരുടെ കുടുംബാംഗങ്ങളെ തലശ്ശേരിയിലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**8. നിയമാവലി പരീക്ഷ**

തലശ്ശേരി അതിരൂപതയുടെ നിയമാവലി അടിസ്ഥാനമാക്കി ജൂനിയർ വൈദികർക്കുവേണ്ടിയുള്ള പരീക്ഷ 2025 ഡിസംബർ 8 തിങ്കളാഴ്ച തലശ്ശേരി ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് നടത്തുന്നതാണ്. 2023-2024, 2024-2025 എന്നീ രണ്ട് ബാച്ചുകളിലെ ബഹു. വൈദികരാണ് പരീക്ഷ എഴുതേണ്ടത്. അന്നേദിവസം രാവിലെ 10 മണി മുതൽ 11 മണിവരെ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചൻ നയിക്കുന്ന ക്ലാസ്സ് ഉണ്ടായിരിക്കും. 11.15 മുതൽ 12.45 വരെയുള്ള സമയത്താണ് പരീക്ഷ നടക്കുന്നത്.

**9. അനുമോദനങ്ങൾ**

**റവ. ഫാ. ജോസഫ് (ഷിനോജ്) തുണ്ടത്തിൽ :** ഓസ്ട്രിയായിലെ സാൻപോർട്ടൻ രൂപതയിൽ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്ന ബഹു. ജോസഫ് തുണ്ടത്തിലച്ചനെ 5 പള്ളികളുടെ വികാരിയായി സാൻപോർട്ടൻ രൂപതാദ്ധ്യക്ഷൻ നിയമിച്ചു. Harbach, Harmanschlag,

Karlstift, Bad Grobpertholz, St. Martin എന്നീ ഇടവകകളുടെ വികാരിയായാണ് അച്ചൻ നിയമിതനായത്. പ്രിയപ്പെട്ട തുണ്ടത്തിലച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

## 10. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് അനുമോദനങ്ങളും ആശംസകളും

ഈശോയ്ക്കുവേണ്ടിയും ദൈവജനത്തിനുംവേണ്ടിയും ജീവിക്കുന്ന വൈദികരാൽ സമ്പന്നമാണ് തലശ്ശേരി അതിരൂപത. മലബാറിലെ ദൈവജനത്തിന്റെ വളർച്ചക്കു പിന്നിൽ ആത്മാർത്ഥമായി പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ച ബഹു. വൈദികരുടെ പങ്ക് വിസ്മരിക്കാനാവാത്തതാണ്. പ്രതികൂല സാഹചര്യങ്ങളിലും പ്രതിസന്ധികളിലും തങ്ങളുടെ അജഗണങ്ങളുടെ ഒപ്പം നടന്ന ബഹു. വൈദികരുടെ സേവനങ്ങൾ നന്ദിയോടെ അനുസ്മരിക്കാനുള്ള അവസരമാണ് അവരുടെ പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷം. ഈ വർഷം നമ്മുടെ അതിരൂപതയിൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഏഴ് വൈദികരും രജത ജൂബിലി ആഘോഷിക്കുന്ന പത്തു വൈദികരുമാണുള്ളത്. ഓരോ വൈദികരും പിന്നിട്ട അജപാലന വഴികൾ അവർ നമ്മുടെ അതിരൂപതയ്ക്കു നല്കിയ സംഭാവനകൾ വെളിപ്പെടുത്തുന്നതാണ്. 'എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും' എന്ന ദൈവീകവാഗ്ദാനം തങ്ങളുടെ പൗരോഹിത്യശുശ്രൂഷയിലൂടെ പൂർത്തിയാക്കിയ തലശ്ശേരി അതിരൂപതയുടെ അഭിമാനമായ പ്രിയപ്പെട്ട വൈദികർക്ക് ഹൃദയം നിറഞ്ഞ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

### സുവർണ്ണജൂബിലി

#### 1. റവ. ഫാ. ജോസഫ് ചാത്തനാട്ട്

പാലാ രൂപതയിലെ മറ്റക്കര ഇടവകയിൽ കുര്യാക്കോസ് മറിയം ദമ്പതികളുടെ മകനായി 1949 ഡിസംബർ 04 ന് ബഹു. ചാത്തനാട്ടച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1975 ഡിസംബർ 17 ന് മറ്റക്കരയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് അഞ്ചു സഹോദരന്മാരും രണ്ട് സഹോദരിമാരുമാണുള്ളത്.

| | | | |
|---|---|---|---|
| 1. | കണ്ണോത്ത് | അസി. വികാരി | 02. 05. 1976 - 15. 05. 1977 |
| 2. | എടൂർ | ,, | 15. 05. 1977 - 30. 04. 1978 |
| 3. | ചുള്ളി | വികാരി | 30. 04. 1978 - 05. 12. 1982 |
| 4. | പാത്തൻപാറ | ,, | 01. 05. 1984 - 24. 05. 1991 |

| | | | |
|---|---|---|---|
| 5. | പാണത്തൂർ & എള്ളുകൊച്ചി | വികാരി | 25. 05. 1991 – 04. 05. 1996 |
| 6. | ഗഡിബാഗ് & ദേവഗിരി | ” | 04. 05. 1996 – 22. 05. 2000 |
| 7. | ബൽത്തങ്ങടി | പ്രൊക്യുറേറ്റർ | 22. 05. 2000 – 15. 05.2004 |
| 8. | ജഡ്ക്കൽ & അജിരി | വികാരി | 23. 05. 2004 – 17. 05. 2008 |
| 9. | മണ്ഡപം | ” | 18. 05. 2008 – 12. 05. 2012 |
| 10. | കരുവഞ്ചാൽ | ” | 13. 05. 2012 – 14. 05. 2016 |
| 11. | കുന്നോത്ത് | വികാരി | 14. 05. 2016 – 11. 05. 2019 |
| 12. | പ്രീസ്റ്റ് ഹോം | ഡയറക്ടർ | 12. 05. 2019 – 11. 06. 2021 |
| 13. | ചന്ദനയ്ക്കാംപാറ | വികാരി | 12. 06. 2021 – |

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകൾ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുവാൻ ബഹു. ചാത്തനാട്ടച്ചന് കഴിഞ്ഞു. ചുള്ളിയിൽ വികാരി ആയിരിക്കുമ്പോൾ ചുള്ളിയിലെ ആദ്യത്തെ ദൈവാലയത്തിന്റെ നിർമ്മാണം നടത്തി. പാത്തൻപാറയിൽ യു. പി സ്കൂൾ കെട്ടിടം, പാണത്തൂർ കുരിശുപള്ളി, ദേവഗിരിയിൽ പള്ളി എന്നീ നിർമ്മാണപ്രവർത്തനങ്ങൾ അച്ചൻ നടത്തി. 1996 മുതൽ 2008 വരെയുള്ള കാലയളവിൽ ബൽത്തങ്ങാടി രൂപതയിൽ ശുശ്രൂഷ ചെയ്തു. ബൽത്തങ്ങാടി രൂപതയുടെ തുടക്കത്തിൽ പ്രൊക്യുറേറ്റർ എന്ന നിലയിൽ അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ ഒപ്പം ത്യാഗോജ്വലമായ സേവനങ്ങൾ കാഴ്ചവയ്ക്കുവാൻ അച്ചന് കഴിഞ്ഞു. ചന്ദനയ്ക്കാംപാറ ഇടവകയിൽ സ്പോർട്ട്സ് ഹോസ്റ്റൽ സർക്കാർ സഹായത്തോടെ എത്തിക്കുവാനും സ്കൂളിന്റെ വളർച്ചയ്ക്കായി ധാരാളം പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ അച്ചന് കഴിഞ്ഞു.

നിശ്ചയദാർഢ്യത്തോടെ അജപാലന മേഖലകളിൽ ഇടപെടുന്ന ശൈലിയാണ് ബഹു. ചാത്തനാട്ടച്ചന്റേത്. ഏവരോടും സൗഹൃദത്തോടെ പെരുമാറുകയും ഏത് കാര്യത്തിനും മുന്നിട്ടിറങ്ങുകയും ചെയ്യുന്ന രീതി അച്ചനെ ഏവർക്കും പ്രിയങ്കരനാക്കുന്നുണ്ട്. പ്രിയപ്പെട്ട ചാത്തനാട്ടച്ചാ, മലബാറിലെ ദൈവജനത്തിന്റെയും തലശ്ശേരി അതിരൂപതയുടെയും വളർച്ചയ്ക്ക് അങ്ങ് നൽകിയ സംഭാവനകൾ ഓർമ്മിച്ചുകൊണ്ട് സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**2. റവ. ഫാ. ജോസ് ഇളയാനിത്തോട്ടം**

പാലാ രൂപതയിലെ കുടക്കച്ചിറയിൽ ലൂക്കോസ് മേരി ദമ്പതികളുടെ മകനായി 1947 നവംബർ 14 ന് ബഹു. ജോസ് ഇളയാനിത്തോട്ടം അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാ

രിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1956 മാർച്ച് 11 ന് ചെമ്പേരി ലൂർദ്ദ് മാതാ ദൈവാലയത്തിൽ വച്ച് അഭി. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീക രിച്ചു. അച്ചന് മൂന്ന് സഹോദരന്മാരും അഞ്ചു സഹോദരിമാരുമാണു ള്ളത്. സഹോദരിമാരിൽ ഒരാൾ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രി ഗേഷനിൽ സന്യാസിനിയാണ്.

| | | | |
|---|---|---|---|
| 1. | ഉദയഗിരി | അസി. വികാരി | 10. 04. 1976 – 30. 04. 1978 |
| 2. | കോടഞ്ചേരി | ” | 30. 04. 1978 – 28. 03. 1980 |
| 3. | വളയം, വാഴമല | വികാരി | 29. 03. 1980 – 14. 06. 1980 |
| 4. | കുന്നുംകൈ & ബെഡൂർ | ” | 15. 06. 1980 – 30. 04. 1985 |
| 5. | ആര്യപ്പറമ്പ് | ” | 01. 05. 1985 – 19. 05. 1989 |
| 6. | അറബി | ” | 20. 05. 1989 – 12. 05. 1990 |
| 7. | ചരൾ | ” | 13. 05. 1990 – 06. 05. 1993 |
| 8. | കാഞ്ഞിരടുക്കം & ഉദയപുരം | ” | 08. 05. 1993 – 07. 05. 1994 |
| 9. | കണ്ണിവയൽ | ” | 07. 05. 1994 – 19. 05. 2002 |
| 10. | കുന്നോത്ത് | ” | 19. 05. 2002 – 05. 02. 2005 |
| | പെരിങ്കരി (അധികചുമതല) | | 01. 09. 2004 – 05. 02. 2005 |
| 11. | ചുണ്ടപ്പറമ്പ് | ” | 13. 05. 2007 – 14. 05. 2011 |
| 12. | കമ്പല്ലൂർ | ” | 15. 05. 2011 – 16. 05. 2014 |
| 13. | നെടുവാലൂർ | ” | 17. 05. 2014 – 16. 05. 2015 |
| 14. | കാര്യപ്പള്ളി | ” | 17. 05. 2015 – 22. 11. 2015 |
| 15. | ശാന്തിഭവൻ | വിശ്രമജീവിതം | 22. 11. 2015 മുതൽ |

വളരെ സൗമ്യമായ വ്യക്തിത്വത്തിന്റെ ഉടമയാണ് ബഹു. ജോസ ച്ചൻ. ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടംപിടിക്കുവാൻ ജോസച്ചന് കഴിഞ്ഞു. നമ്മുടെ അതിരൂപതയുടെ ആദ്യകാല പ്രതിസന്ധികളിലും അസൗകര്യങ്ങളിലും കഠിനാധ്വാനം ചെയ്ത നല്ല ഇടയനായിരുന്നു ബഹു. ജോസച്ചൻ. 2015 മുതൽ കരുവഞ്ചാൽ ശാന്തിഭവനിൽ അച്ചൻ വിശ്രമജീവിതം നയിച്ചു വരികയാണ്. രോഗപീഢകൾ അച്ചനെ വിഷ മിപ്പിക്കുന്നുണ്ടെങ്കിലും ശ്രേഷ്ഠമായ തന്റെ പൗരോഹിത്യ ജീവിത ത്തെക്കുറിച്ച് സന്തോഷത്തോടെയാണ് അച്ചൻ ഓർമ്മിക്കുന്നത്. തല ശ്ശേരി അതിരൂപതയുടെ വളർച്ചയിൽ സ്തുത്യർഹമായ സേവനം കാഴ്ച വെച്ച പ്രിയപ്പെട്ട ജോസച്ചന് സുവർണ്ണ ജൂബിലിയുടെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**3. റവ. ഫാ. ജോർജ് എളൂക്കുന്നേൽ**

ചങ്ങനാശ്ശേരി അതിരൂപതയിലെ കൊരട്ടി ഇടവകയിൽ ഡൊമി നിക്, ക്ലാരമ്മ ദമ്പതികളുടെ മകനായി 1951 മെയ് 15 ന് ബഹു. ജോർജച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. വിമലശ്ശേരി ഇടവകയിൽ വച്ച് 1975 ഡിസംബർ 19 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് അഞ്ചു സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. ഒരു സഹോദരൻ വൈദികനാണ്.

| | | | |
|---|---|---|---|
| 1. | മാലോം | അസി. വികാരി | 10. 04. 1976 – 30. 04. 1978 |
| 2. | പൂവാരംതോട് | വികാരി | 30. 04. 1978 – 28. 04. 1982 |
| 3. | മുഡൂർ | ” | 28. 04. 1982 – 14. 05. 1988 |
| 4. | തോട്ടത്തോടി | ” | 15. 05. 1988 – 26. 04. 1991 |
| 5. | വെളിമാനം & കീഴ്പ്പള്ളി | ” | 27. 04. 1991 – 12. 05. 1995 |
| 6. | പൈസക്കരി | ” | 13. 05. 1995 – 16. 05. 1998 |
| 7. | മണിക്കടവ് | ” | 17. 05. 1998 – 19. 05. 2001 |
| 8. | കാഞ്ഞങ്ങാട്, പെരിയ & പടന്നക്കാട് | ” | 20. 05. 2001 – 18. 05. 2008 |
| 9. | ചെറുപുഴ | ” | 18. 05. 2008 – 12. 05. 2012 |
| 10. | ആയന്നൂർ | ” | 13. 05. 2012 – 16. 05. 2015 |
| 11. | വികാരി ജനറൽ | ” | 17. 05. 2015 – 11. 05. 2019 |
| 12. | കൊട്ടോടി | ” | 12. 05. 2019 – 14. 05. 2022 |
| 13. | വെമ്പുവ | ” | 14. 05. 2022 – 10. 05. 2025 |
| 14. | തിരുമേനി | ” | 11. 05. 2025 – |

തലശ്ശേരി അതിരൂപതക്കു ലഭിച്ച സമ്മാനമാണ് ബഹു. ജോർജച്ചന്റെ പൗരോഹിത്യജീവിതം. പൂവാംതോട് ഇടവകയിൽ പുതിയ സ്ഥലത്ത് പള്ളിയും പള്ളിമുറിയും പണിയുകയും കുളിരാമുട്ടിയിൽനിന്ന് പൂവാംതോട്ടിലേക്കുള്ള റോഡ് നിർമ്മിക്കുകയും ചെയ്തു. മുഡൂർ ഇടവകയിലെ ആദ്യത്തെ പള്ളിയും പാലവും റോഡുകളും നിർമ്മിക്കുവാൻ നേതൃത്വം നൽകി. വെളിമാനത്ത് പുതിയ പള്ളിമുറിയും ഹൈസ്കൂളിനുള്ള പുതിയ കെട്ടിടവും പണി കഴിപ്പിച്ചു. കീഴ്പ്പള്ളി പള്ളിക്കുള്ള പണികൾ ഭാഗികമായി പൂർത്തിയാക്കി. പൈസക്കിരിയിലെ സെമിത്തേരിയുടെ നിർമ്മാണവും പള്ളിമുറിക്കു മുകൾനിലയുടെ പണിയും പൂർത്തിയാക്കി. മണിക്കടവ് ഇടവകയിലെ ആദ്യത്തെ ഷോപ്പിങ്ങ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി. കാഞ്ഞങ്ങാട് ഉണ്ണിമിശിഹായുടെ നാമത്തിലുള്ള മനോഹരമായ ദൈവാലയവും വൈദികമന്ദിരവും പാരിഷ് ഹാളും പണിയുകയും പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുകയും ചെയ്തു. ചെറുപുഴ പള്ളിയുടെ നവീകരണം നടത്തുകയും വൈദികമന്ദിരം ഒരുക്കുകയും പുതിയ സ്കൂൾകെട്ടിടവും ടൗണിലുള്ള കുരിശുപള്ളിയും ഷോപ്പിംങ്ങ് കോംപ്ലക്സും നിർമ്മി

ക്കുകയും ചെയ്തു. ചെറുപുഴയിൽ വികാരിയായിരിക്കുമ്പോൾ മുളപ്രയിലും പാടിച്ചാലിലും, ആയന്നൂരും സ്ഥലം വാങ്ങുകയും മൂന്ന് ഇടവകകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. പെർളയിലെ നിലവിലുള്ള പള്ളിയുടെ വൈദികമന്ദിരവും പണി കഴിപ്പിച്ചു. കൊട്ടോടി പള്ളി വിപുലീകരിക്കാനും വെമ്പുവായിൽ പാരീഷ് ഹാൾ നിർമ്മിക്കുവാനും ജോർജച്ചനു കഴിഞ്ഞു.

കഠിനാധ്വാനവും കൃത്യതയും ആത്മാർത്ഥതയും ബഹു. ജോർജച്ചന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. തന്റെ കാഴ്ചപ്പാടും ദർശനങ്ങളും കൃത്യമായി അവതരിപ്പിക്കുവാൻ ജോർജച്ചന് പ്രത്യേക സിദ്ധി ഉണ്ട്. തലശ്ശേരി അതിരൂപതയുടെ വളർച്ചക്ക് ജോർജച്ചന്റെ സേവനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ എന്ന നിലയിൽ കാസർഗോഡ് റീജിയന്റെ വളർച്ചയ്ക്കായി ബഹു. ജോർജച്ചൻ വിസ്മരിക്കാനാവാത്ത സേവനങ്ങൾ കാഴ്ചവച്ചു. തീക്ഷ്ണവും സംശുദ്ധവുമായ അവന്റെ പൗരോഹിത്യ ജീവിതം തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികർക്ക് മാതൃകയും അഭിമാനവുമാണ്. കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകൾ അച്ചൻ നല്കിയ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷകളെ ഓർമ്മിച്ചുകൊണ്ട് സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**4. റവ. ഫാ. ജോസ് കക്കാട്ടിൽ**

പാലാ രൂപതയിലെ മൂഴൂരിൽ കക്കാട്ടിൽ മാത്യു അന്നമ്മ ദമ്പതികളുടെ മകനായി 1950 മാർച്ച് 18 ന് ബഹു. ജോസച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര- ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1975 ഡിസംബർ 22 ന് കരിക്കോട്ടക്കരി ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് അഞ്ച് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണുള്ളത്.

| | | | |
|---|---|---|---|
| 1. | മരിയാപുരം | അസി. വികാരി | 10. 04. 1976 – 15. 05. 1977 |
| 2. | തോമാപുരം | ” | 15. 05. 1977 – 10. 02. 1978 |
| 3. | എണ്ണപ്പാറ | വികാരി | 11. 02. 1978 – 28. 04. 1979 |
| 4. | സന്ദേശഭവൻ | മതബോധനം അസി. ഡയറക്ടർ | 29. 04. 1979 – 11. 07. 1982 |
| 5. | മഞ്ഞക്കടവ് | വികാരി | 11. 07. 1982 – 21. 01. 1984 |
| 6. | പാണത്തൂർ | ” | 22. 01. 1984 – 09. 05. 1987 |
| 7. | മണക്കടവ് & മാമ്പൊയിൽ | ” | 10. 05. 1987 – 19. 05. 1989 |
| 8. | വിമലശ്ശേരി | ” | 20. 05. 1989 – 12. 05. 1995 |

| | | | |
|---|---|---|---|
| 9. | മാലോം | വികാരി | 13. 05. 1995 – 15. 05. 1999 |
| 10. | കച്ചേരിക്കടവ് | ” | 16. 05. 1999 – 19. 05. 2002 |
| 11. | ജർമ്മനി | അജപാലന ശുശ്രൂഷ | 11. 12. 2002 – 18. 04. 2021 |
| 12. | കല്ലുമുതിരക്കുന്ന് | ” | 31. 05. 2021 – |

തലശ്ശേരി അതിരൂപതക്കു ലഭിച്ച സൗമ്യനായ അജപാലകനാണ് ബഹു. കക്കാട്ടിലച്ചൻ. ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടംപിടിക്കുന്ന അജപാലനശൈലി അച്ചന്റെ പ്രത്യേകതയാണ്. തന്റെ ശുശ്രൂഷാമേഖലകളിലെല്ലാം ആത്മാർത്ഥതയോടെ ഇടപെടുവാൻ അച്ചന് കഴിഞ്ഞു. വിദേശത്ത് അജപാലന ശുശ്രൂഷ നിർവഹിച്ചപ്പോഴും അവിടുത്തെ രൂപതാ അധികാരികൾക്കും ദൈവജനത്തിനും ഏറ്റവും ഇഷ്ടപ്പെട്ട പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുവാൻ ജോസച്ചന് കഴിഞ്ഞു. ശുശ്രൂഷ ചെയ്ത ഇടവകയിലെല്ലാം നല്ലിടയന്റെ സാന്നിധ്യമായി തീർന്ന ബഹു. ജോസച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**5. റവ. ഫാ. ജോസഫ് കറുകമാലിൽ**

ചങ്ങനാശ്ശേരി രൂപതയിലെ പാറമ്പുഴ ഇടവകയിൽ കറുകമാലിൽ ചാക്കോ അന്നമ്മ ദമ്പതികളുടെ മകനായി 1951 സെപ്റ്റംബർ 2 ന് ബഹു. കറുകമാലിൽ അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനു ശേഷം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. ചാപ്പൻതോട്ടം ഇടവകയിൽ വച്ച് 1975 ഡിസംബർ 23 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരുമുണ്ട്.

| | | | |
|---|---|---|---|
| 1. | ചെമ്പന്തൊട്ടി | അസി. വികാരി | 10. 04. 1976 – 15. 05. 1977 |
| 2. | കണ്ണോത്ത് | ” | 15. 05. 1977 – 30. 04. 1978 |
| 3. | കുടിയാൻമല | ” | 30. 04. 1978 – 28. 03. 1980 |
| 4. | രത്നഗിരി & ദീപഗിരി | വികാരി | 29. 03. 1980 – 16. 04. 1983 |
| 5. | ചുള്ളി | ” | 17. 04. 1983 – 05. 01. 1985 |
| 6. | ഊരകം | ” | 06. 01. 1985 – 09. 05. 1987 |
| 7. | എണ്ണപ്പാറ & കാലിച്ചാനടുക്കം | ” | 10. 05. 1987 – 12. 05. 1990 |
| 8. | മണ്ഡപം | ” | 13. 05. 1990 – 06. 05. 1994 |
| 9. | വിളക്കണ്ണൂർ | ” | 07. 05. 1994 – 18. 05. 1997 |
| 10. | ചരൾ | ” | 18. 05. 1997 – 20. 05. 2000 |
| 11. | വിജയഗിരി (കാപ്പിമല) | ” | 21. 05. 2000 – 10. 05. 2003 |
| 12. | ആര്യപ്പറമ്പ് | ” | 11. 05. 2003 – 13. 05. 2006 |
| 13. | താബോർ | ” | 14. 05. 2006 – 12. 05. 2007 |

| | | |
|---|---|---|
| 14. ചെട്ടിയാംപറമ്പ് | വികാരി | 13. 05. 2007 – 15. 05. 2010 |
| 15. മാനടുക്കം | ” | 16. 05. 2010 – 18. 05. 2013 |
| 16. ജോസ്മൗണ്ട് | ” | 19. 05. 2013 – 16. 05. 2015 |
| 17. ആയന്നൂർ | ” | 17. 05. 2015 – 13. 05. 2018 |
| 18. അരവഞ്ചാൽ | ” | 13. 05. 2018 – 27. 06. 2020 |
| 19. മാടത്തിൽ | ” | 28. 06. 2020 – 14. 05. 2022 |
| 20. ചീമേനി | ” | 15. 05. 2022 – 13. 05. 2023 |
| 21. മണക്കടവ് | ” | 11. 05. 2024 – |

ശാന്തമായ അജപാലന ശൈലി ബഹു. കറുകമാലിൽ അച്ചന്റെ പ്രത്യേകതയാണ്. ശുശ്രൂഷ ഇടവകയിലെല്ലാം കാര്യങ്ങൾ മനസ്സിലാക്കി ഇടപ്പെടുന്ന രീതിയാണ് അച്ചനുള്ളത്. തലശ്ശേരി അതിരൂപതയുടെ ആദ്യകാലത്തെ ഇല്ലായ്മയിലും പ്രതിസന്ധിയിലും ത്യാഗത്തോടെ ഇടവകയിൽ ശുശ്രൂഷ ചെയ്യുവാൻ അച്ചന് കഴിഞ്ഞു. സൗമ്യനായ ഇട യന്റെ മുഖം ദൈവജനത്തിന്റെ മനസ്സിൽ പതിപ്പിക്കുവാൻ ബഹു. കറു കമാലിൽ അച്ചന് കഴിഞ്ഞു. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ അച്ചൻ നൽകിയ സേവനങ്ങൾ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് സുവർണ്ണ ജൂബിലിയുടെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**6. റവ. ഫാ. മാത്യു പയ്യനാട്ട്**

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഇടവകയിൽ പയ്യനാട്ട് ജോസഫ് ഏലി ദമ്പതികളുടെ ഏഴാമത്തെ മകനായി 1950 ജൂൺ 05 ന് ബഹു. പയ്യനാട്ട് അച്ചൻ ജനിച്ചു. കൂരാച്ചുണ്ട് സെന്റ് തോമസ് യു.പി. സ്കൂൾ, രാജപുരം ഹോളിഫാമിലി ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫി ക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി 1975 ഡിസംബർ 20 ന് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് നാലു സഹോദരന്മാരും നാലു സഹോദരിമാരുമാണുള്ളത്.

| | | |
|---|---|---|
| 1. കുടിയാന്മല | അസി.വികാരി | 10. 04. 1976 – 29. 04. 1978 |
| 2. ഉദയഗിരി | ” | 30. 04. 1978 – 28. 03. 1980 |
| 3. താബോർ & ജോസ്ഗിരി | വികാരി | 29. 03. 1980 – 31. 05. 1981 |
| 4. ബിഷപ്പ്സ് ഹൗസ് | സെക്രട്ടറി | 01. 06. 1981 – 31. 12. 1981 |
| 5. ബാലേശുഗിരി | വികാരി | 01. 01. 1982 – 09. 05. 1987 |
| 6. ഗണ്ഡിബാഗ് | ” | 10. 05. 1987 – 12. 05. 1990 |
| 7. പൊട്ടൻപ്ലാവ് | ” | 13. 05. 1990 – 07. 05. 1993 |
| 8. കൊട്ടോടി & പടിമരുത് | ” | 08. 05. 1993 – 17. 05. 1997 |

| | | | |
|---|---|---|---|
| 9. | നെല്ലിപ്പാറ | വികാരി | 18. 05. 1997 – 20. 05. 2000 |
| 10. | തലശ്ശേരി കത്തീഡ്രൽ വികാരി & മൈനർ സെമിനാരി | ” | 21. 05. 2000 – 19. 05. 2001 |
| 11. | പേരട്ട | ” | 20. 05. 2001 – 22. 05. 2004 |
| 12. | ചന്ദനക്കാംപാറ | ” | 23. 05. 2004 – 17. 05. 2008 |
| 13. | കോഴിച്ചാൽ | ” | 18. 05. 2008 – 14. 05. 2011 |
| 14. | പടന്നക്കാട് | ” | 15. 05. 2011 – 16. 05. 2014 |
| 15. | ഉദയഗിരി | ” | 17. 05. 2014 – 16. 05. 2015 |
| 16. | കോലുവള്ളി | ” | 17. 05. 2015 – 14. 05. 2017 |
| 17. | ബെഡൂർ | ” | 15. 05. 2018 – 14. 05. 2022 |
| 18. | ശാന്തിഭവൻ | വിശ്രമജീവിതം | 15. 05. 2022 – |

അനുകമ്പയും കരുണയും അജപാലന ശൈലിയാക്കിയ തീക്ഷ്ണ മതിയായ വൈദികനാണ് ബഹു. പയ്യനാട്ടച്ചൻ. ശുശ്രൂഷ ചെയ്ത ഇടവകളിലെല്ലാം തനതായ പ്രവർത്തന രീതികളിലൂടെ ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടംപിടിക്കുവാൻ കഴിഞ്ഞ ജനകീയനായ അജപാലകനാണ് ബഹു. പയ്യനാട്ടച്ചൻ. പാവപ്പെട്ടവരിൽ ക്രിസ്തുവിനെ കാണുന്ന അച്ചൻ 52 ഭൂരഹിതർക്ക് ഭൂമിയും 21 ഭവനരഹിതർക്ക് ഭവനവും നല്കി. തലശ്ശേരി അതിരൂപതയുടെ വളർച്ചയ്ക്കു ത്യാഗോജ്വലും തീക്ഷ്ണവുമായ പൗരോഹിത്യ ശുശ്രൂഷയിലൂടെ സംഭാവനകൾ നൽകിയ പ്രിയപ്പെട്ട പയ്യനാട്ടച്ചന് ഹൃദയം നിറഞ്ഞ ജൂബിലി ആശംസകൾ നേരുന്നു.

**7. റവ. ഫാ. ഇമ്മാനുവേൽ പൂവത്തിങ്കൽ**

പാലാ രൂപതയിലെ ചേർപ്പുങ്കൽ ഇടവകയിൽ പൂവത്തിങ്കൽ തോമസ് മേരി ദമ്പതികളുടെ മകനായി 1952 ജൂലൈ 16 ന് ബഹു. പൂവത്തിങ്കലച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1975 ഡിസംബർ 20 ന് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് ഏഴ് സഹോദരന്മാരും നാലു സഹോദരിമാരുമുണ്ട്. സഹോദരന്മാരിൽ ഒരാൾ വൈദികനും ഒരു സഹോദരി സന്യാസിനിയുമാണ്.

| | | | |
|---|---|---|---|
| 1. | വെളിമാനം | അസി. വികാരി | 10. 04. 1976 – 29. 04. 1978 |
| 2. | മുഡൂർ | വികാരി | 30. 04. 1978 – 27. 04. 1982 |
| 3. | തയ്യേനി | ” | 28. 04. 1982 – 12. 05. 1984 |
| 4. | എണ്ണപ്പാറ & കാലിച്ചാനടുക്കം | ” | 13. 05. 1984 – 09. 05. 1987 |
| 5. | കാര്യപ്പള്ളി & വെള്ളരിയാനം | ” | 10. 05. 1987 – 03. 02. 1990 |

| | | | |
|---|---|---|---|
| 6. | കൊന്നക്കാട് | വികാരി | 04. 02. 1990 – 07. 05. 1993 |
| 7. | കരുണാപുരം | ” | 08. 05. 1993 – 15. 05. 1999 |
| 8. | പനത്തടി & അടോട്ടുകയം | ” | 16. 05. 1999 – 21. 05. 2005 |
| 9. | എടൂർ & വട്ട്യറ | ” | 22. 05. 2005 – 15. 05. 2010 |
| 10. | ചെമ്പന്തൊട്ടി & നടുവിൽ | ” | 16. 05. 2010 – 14. 05. 2017 |
| 11. | പുളിങ്ങോം | ” | 14. 05. 2017 – 10. 05. 2024 |
| 12. | കുട്ടാപറമ്പ് | ” | 11. 05. 2024 – |

തലശ്ശേരി അതിരൂപതയ്ക്കു ദൈവം നൽകിയ തീക്ഷ്ണമതിയായ അജപാലകനാണ് ബഹു. പൂവത്തിങ്കലച്ചൻ. ശുശ്രൂഷ ചെയ്ത ഇടവകയിലെല്ലാം ആ ദേശത്തിന്റെ വളർച്ചയ്ക്കായി കഠിനാധ്വാനം ചെയ്യുവാൻ ബഹു. ഇമ്മാനുവേലച്ചന് കഴിഞ്ഞു. മുഡൂര് പള്ളിക്കുവേണ്ടി 15.3 സ്ഥലം വാങ്ങി. കരുണാപുരം, പനത്തടി, ചെമ്പന്തൊട്ടി എന്നീ ദൈവലായങ്ങൾ നിർമ്മിക്കുകയും കള്ളാർ, രത്നഗിരി എന്നീ പള്ളികൾ ആരംഭിക്കുകയും അടോട്ടുകയം ഇടവകയെ സ്വതന്ത്ര ഇടവകയാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തു. എടൂർ എൽ. പി. സ്കൂൾ കെട്ടിടം, ചെമ്പൻതൊട്ടി വൈദികമന്ദിരം, യു. പി. സ്കൂൾ കെട്ടിടം, എന്നീ നിർമ്മാണപ്രവർത്തനങ്ങളും നടത്തി. കഠിനാധ്വാനവും ആത്മസമർപ്പണവും അജപാലന ശൈലിയാക്കിയാണ് ബഹു. പൂവത്തിങ്കലച്ചൻ ഇടവകകളിൽ ശുശ്രൂഷ നിർവഹിച്ചത്. ഇടവകകളിൽ വികസനം എത്തിച്ച ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ത്യാഗപൂർവ്വം നേതൃത്വം നൽകുവാൻ അച്ചന് കഴിഞ്ഞു. കുലീനമായ പെരുമാറ്റ ശൈലികൊണ്ട് ദൈവജനത്തിന്റെ ഹൃദയത്തിലിടം പിടിച്ച പ്രിയപ്പെട്ട പൂവത്തിങ്കലച്ചന് സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**രജത ജൂബിലി**

**1. റവ. ഫാ. ജെയിംസ് (ഷിജു) അരീപ്പറമ്പിൽ**

തലശ്ശേരി അതിരൂപതയിലെ കണ്ണിവയൽ ഇടവകയിൽ അരീപ്പറമ്പിൽ അഗസ്റ്റിൻ മേരി ദമ്പതികളുടെ മകനായി 1974 ഏപ്രിൽ 16 ന് ബഹു. ജെയിംസച്ചൻ ജനിച്ചു. 1990 ജൂൺ മാസത്തിൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര – ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. കണ്ണിവയൽ പള്ളിയിൽ വച്ച് 2000 ഡിസംബർ 30 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണുള്ളത്.

| | | | |
|---|---|---|---|
| 1. | കുടിയാന്മല | അസി. വികാരി | 04. 02. 2001 – 03. 02. 2002 |
| 2. | ആലക്കോട് | ” | 03. 02. 2002 – 10. 05. 2003 |
| 3. | ചേപ്പറമ്പ് | വികാരി | 11. 05. 2003 – 13. 05. 2006 |

| | | | |
|---|---|---|---|
| 4. | ഇൻഫാം | അസി. ഡയറക്ടർ | 21. 05. 2005 – 13. 05. 2006 |
| 5. | പയ്യന്നൂർ & ചീമേനി | വികാരി | 14. 05. 2006 – 14. 05. 2011 |
| 6. | രത്നഗിരി | " | 15. 05. 2011 – 18. 10. 2013 |
| 7. | ആര്യപറമ്പ് | " | 19. 10. 2013 – 10. 05. 2015 |
| 8. | ജർമ്മൻ ഭാഷപഠനം | | 11. 05. 2015 – 30. 10. 2015 |
| 9. | നെടുവാലൂർ | " | 01. 11. 2015 – 10. 05. 2016 |
| 10. | ഓസ്ട്രിയ | അജപാലന ശുശ്രൂഷ | 26. 06. 2016 – |

ചേപ്പറമ്പിൽ വികാരിയായിരിക്കുമ്പോൾ പള്ളിമുറിയുടെ പണികൾ പൂർത്തിയാക്കുകയും നിലവിലുണ്ടായിരുന്ന പള്ളി നന്നാക്കുകയും പുതിയ പള്ളി പണിയാനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. പയ്യന്നൂർ പള്ളി പണിയാൻ നേതൃത്വം നൽകുകയും രത്നഗിരിയിൽ വൈദികമന്ദിരം പണിയും ആര്യപറമ്പ് ഇടവകയിൽ പാരീഷ് ഹാളിൽ നിർമ്മാണത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. തീക്ഷ്ണമതിയും കഠിനാധ്വാനിയായ ബഹു. അരീപ്പറമ്പിലച്ചൻ നമ്മുടെ അതിരൂപതക്കു ദൈവം നൽകിയ സമ്മാനമാണ്. ഊർജ്ജസ്വലതയോടെ ഏവരോടും പെരുമാറുന്ന രീതിയാണ് അച്ചനുള്ളത്. വിദേശത്ത് അജപാലന ശുശ്രൂഷകളിൽ ഏർപ്പെടുമ്പോഴും നമ്മുടെ അതിരൂപതയുടെ വളർച്ചയ്ക്കുവേണ്ടി ആത്മാർത്ഥമായി സഹകരിക്കുന്ന പ്രിയപ്പെട്ട ഷിജു അച്ചന് രജത ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**2. റവ. ഫാ. സെബാസ്റ്റ്യൻ (സണ്ണി) അമ്പാട്ട്**

പാലാ രൂപതയിലെ ചക്കാമ്പുഴ ഇടവകയിൽ ജോസഫ് ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1961 ഒക്ടോബർ 22 ന് ബഹു. അമ്പാട്ടച്ചൻ ജനിച്ചു. ഹൈദരാബാദ് ജെസ്യൂട്ട് മൈനർ സെമിനാരിയിൽ ചേരുകയും പൂന പേപ്പൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. ചക്കാമ്പുഴ പള്ളിയിൽ വച്ച് അഭി. ഹിപ്പോളിറ്റസ് കുന്നുങ്കൽ OFM Cap. പിതാവിൽ നിന്ന് 2000 നവംബർ 28 ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | മാലോം | അസി. വികാരി | 13. 05. 2007 – 14. 05. 2008 |
| 2. | മേരിഗിരി | " | 15. 05. 2008 – 13. 05. 2009 |
| 3. | കോടോപ്പള്ളി | വികാരി | 16. 05. 2007 – 16. 05. 2015 |
| 4. | കൊട്ടോടി | " | 17. 05. 2015 – 13. 05. 2018 |
| 5. | കമ്പല്ലൂർ | " | 13. 05. 2018 – 11. 05. 2019 |
| 6. | ഓടന്തോട് | " | 12. 05. 2019 – 14. 05. 2022 |
| 7. | വരക്കാട് | " | 15. 05. 2022 – 10. 05. 2025 |
| 8. | കാര്യപ്പള്ളി | " | 11. 05. 2025 – |

ഈശോ സഭാംഗമായിരുന്ന ബഹു. അമ്പാട്ട് അച്ചൻ പൗരോഹിത്യ സ്വീകരണത്തിന്റെ ആദ്യ ഏഴു വർഷങ്ങൾ ഉത്തരേന്ത്യയിലെ വിവിധ മിഷൻ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തതിനുശേഷമാണ് തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷയ്ക്കായി എത്തിയത്. പിന്നീട് തലശ്ശേരി അതിരൂപതയിലെ വൈദികനായി അച്ചനെ സ്വീകരിച്ചു. തലശ്ശേരി അതിരൂപതയ്ക്കു അച്ചനിലൂടെ ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ് പിന്നീട് നമ്മൾ കണ്ടത്. കോടപ്പള്ളി ഇടവകയെ രൂപപ്പെടുത്തുന്നതിൽ സണ്ണിയച്ചൻ കഠിനാധ്വാനം ചെയ്തു. സ്ഥലം വാങ്ങി പുതിയ പള്ളിയും പള്ളിമുറിയും സെമിത്തേരിയും അച്ചൻ പണിതു. കോട്ടോടി പള്ളിയുടെ അൾത്താര നവീകരിക്കുകയും രണ്ട് കുരിശടികൾ പണിയുകയും ചെയ്തു. കഠിനാധ്വാനം അച്ചന്റെ ജീവിതരീതിയാണ്. എല്ലാ കാര്യങ്ങളും കൃത്യതയോടെ ചെയ്യുന്ന രീതി അച്ചന്റെ അജപാലന ശൈലിയാണ്. പ്രിയപ്പെട്ട സണ്ണിയച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**3. റവ. ഫാ. മാത്യു (റെന്നി) അരീപ്ലാക്കൽ**

തലശ്ശേരി അതിരൂപതയിലെ ചുള്ളി ഇടവകയിൽ അരീപ്ലാക്കൽ മാണി മേരി ദമ്പതികളുടെ മകനായി 1974 ജൂൺ 22 ന് ബഹു. റെന്നി അച്ചൻ ജനിച്ചു. അച്ചന് ഒരു സഹോദരനും ഒരു സഹോദരിയുമാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പഠനം പൂർത്തിയാക്കി മംഗലപുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വ ശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി 2001 ജനുവരി 3-ാം തീയതി അഭി. മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | തളിപ്പറമ്പ് | അസി. വികാരി | 04. 02. 2001 – 03. 02. 2002 |
| 2. | ചെമ്പന്തൊട്ടി | ” | 03. 02. 2002 – 02. 02. 2003 |
| 3. | കൊളക്കാട് | ” | 02. 02. 2003 – 10. 05. 2003 |
| 4. | ബെഡൂർ & ചീമേനി | വികാരി | 11. 05. 2003 – 13. 05. 2006 |
| 5. | അരിവിളഞ്ഞപൊയിൽ | ” | 14. 05. 2006 – 17. 05. 2008 |
| 6. | ബാംഗ്ലൂർ | ഉപരിപഠനം | 18. 05. 2008 – 13. 05. 2018 |
| 7. | പൂളക്കുറ്റി | വികാരി | 13. 05. 2018 – 11. 05. 2019 |
| 8. | സീഫാം | അസോ. ഡയറക്ടർ | 12. 05. 2019 – 08. 10. 2024 |
| 9. | മട്ടന്നൂർ | വികാരി | 12. 05. 2019 – 08. 10. 2024 |
| 10. | അമേരിക്ക | അജപാലന ശുശ്രൂഷ | 09. 10. 2024 – |

മനശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ബഹു. റെന്നിയച്ചൻ സീഫാമിന്റെ അസോ. ഡയറക്ടർ എന്ന നിലയിൽ സ്തുർഹമായ സേവനമാണ് കാഴ്ചവച്ചത്. മനോഹരമായ ക്ലാസ്സുകളും ധ്യാന പ്രസംഗങ്ങളുമായി തലശ്ശേരി അതിരൂപതയിലെ ധാരാളം പള്ളിക

ളിൽ അച്ചന്റെ സേവനം ലഭിച്ചിട്ടുണ്ട്. അനുഗ്രഹീതനായ കലാകാരൻ കൂടിയാണ് ബഹു. റെന്നിയച്ചൻ. ബെഡൂർ ഇടവകയിൽ പള്ളി പുതുക്കിപണിയുകയും ഗ്രൗണ്ട് നിർമ്മിക്കുകയും സെമിത്തേരി നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഊർജ്ജസ്വലതയോടെയും സൗഹൃദത്തോടെയും എല്ലാവരോടും പെരുമാറുന്ന ബഹു. റെന്നിച്ചൻ നമ്മുടെ അതിരൂപതക്കു അനുഗ്രഹമാണ്. 2010 മുതൽ 2018 വരെ ബാംഗ്ലൂർ സെന്റ് ജോസഫ്സ് കോളേജിൽ അധ്യാപകനായും ശുശ്രൂഷ നിർവഹിച്ചു. കുടുംബജീവിതത്തിൽ പ്രതിസന്ധി അനുഭവിച്ച ധാരാളം ആളുകളെ ഫാമിലി കൗൺസിലിംങ്ങിലൂടെ ജീവിതത്തിന്റെ സന്തോഷത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ബഹു. റെന്നിയച്ചന് കഴിഞ്ഞു. അച്ചന് രജത ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**4. റവ. ഫാ. സെബാസ്റ്റ്യൻ (ജോയ്സ്) ചെരിപുറത്ത്**

തലശ്ശേരി അതിരൂപതയിലെ പാത്തൻപാറ ഇടവകയിൽ ചെരിപുറത്ത് സെബാസ്റ്റ്യൻ ഏലിയാമ്മ ദമ്പതികളുടെ മകനായി 1975 ജനുവരി 10 ന് ബഹു. ജോയ്സ് അച്ചൻ ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനം പൂർത്തിയാക്കി. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾക്കു ശേഷം 2000 ഡിസംബർ 27 ന് പാത്തൻപാറ ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | ഭീമനടി | അസി. വികാരി | 03. 02. 2001 – 19. 05. 2001 |
| 2. | പേരാവൂർ | ,, | 19. 05. 2001 – 19. 05. 2002 |
| 3. | തോമാപുരം | ,, | 19. 05. 2002 – 10. 05. 2003 |
| 4. | എടൂർ | ,, | 11. 05. 2003 – 31. 04. 2004 |
| 5. | രാജമുടി | വികാരി | 01. 02. 2004 – 08. 01. 2006 |
| 6. | ഫിലിപ്പിയൻസ് | ഉപരിപഠനം | 08. 01. 2006 – 31. 12. 2012 |
| 7. | ശാന്തിതീരം കൗൺസിലിംങ്ങ് സെന്റർ പടന്നക്കാട് | ഡയറക്ടർ | 02. 02. 2013 – 11. 05. 2019 |
| 8. | സീഫാം | ഡയറക്ടർ | 12. 05. 2019 – |

തലശ്ശേരി അതിരൂപതക്കു ലഭിച്ച അനുഗ്രഹീതനായ ഒരു പുരോഹിതനാണ് ബഹു. ജോയ്സ് അച്ചൻ. രാജമുടി ഇടവകയുടെ ആദ്യവികാരി എന്ന നിലയിൽ ഇടവകയുടെ വളർച്ചയ്ക്ക് അടിത്തറ ഇടുവാൻ അച്ചന് കഴിഞ്ഞു. രാജമുടിയിൽ സൺഡേ സ്കൂൾ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അച്ചൻ നമ്മുടെ അതിരൂപതയുടെ മാനസികാരോഗ്യരംഗത്തുള്ള അജപാലന പ്രവർത്തനങ്ങൾക്ക് തുടക്കം കുറച്ചു. പടന്നക്കാട് ശാന്തിതീരം കൗൺസിലിംഗ്

സെന്ററിന്റെ സ്ഥാപക ഡയറക്ടർ എന്ന നിലയിലും പൊന്ന്യത്തുള്ള സീഫാം കൗൺസിലിംഗ് സെന്ററിന്റെ ഡയറക്ടർ എന്നനിലയിലും സ്തുത്യർഹമായ സേവനങ്ങളാണ് ജോയ്സ്ച്ചൻ നൽകികൊണ്ടിരിക്കുന്നത്. മാനസികാരോഗ്യ മേഖലയിൽ നമ്മുടെ അതിരൂപതയുടെ അജപാലന മുഖമായി മാറുവാൻ അച്ചന് കഴിഞ്ഞു. മനോഹരമായ ക്ലാസ്സുകളാണ് അച്ചന്റേത്. ഏവരോടും ഊർജ്ജസ്വലതയോടും സന്തോഷത്തോടും പെരുമാറുനുള്ള പ്രത്യേകസിദ്ധി അച്ചനുണ്ട്. സന്തോഷകരമായ വാർധ്യക്യത്തിന് പ്രായോഗിക മനഃശാസ്ത്രം, പുതുയുഗ പേരന്റിംഗിന് പ്രായോഗിക മനഃശാസ്ത്രം, കൗമാരക്കാർക്ക് സ്വയം വളരുവാൻ പ്രായോഗിക മനഃശാസ്ത്രം എന്നീ ഗ്രന്ഥങ്ങൾ അച്ചൻ രചിച്ചിട്ടുണ്ട്. കുന്നോത്ത്, വടവാതൂർ, തൃശ്ശൂർ, ഗോവ എന്നിവിടങ്ങളിലെ മേജർ സെമിനാരികളിൽ അച്ചൻ പഠിപ്പിക്കുന്നുണ്ട്. വിദേശത്തും സ്വദേശത്തും വിവിധ ഗ്രൂപ്പുകൾക്ക് മനഃശാസ്ത്ര ശില്പശാലകളും അച്ചൻ നൽകിയിട്ടുണ്ട്. പ്രിയപ്പെട്ട ജോയ്സ് അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ ആശംസകൾ നേരുന്നു.

**5. റവ. ഫാ. ഫിലിപ്പ് (റോബിറ്റ്) ഇരുപ്പക്കാട്ട്**

തലശ്ശേരി അതിരൂപതയിലെ പുഞ്ച ഇടവകയിൽ ഫിലിപ്പ് മറിയാമ്മ ദമ്പതികളുടെ മകനായി 1972 മെയ് 23 ന് ബഹു. ഫിലിപ്പ് അച്ചൻ ജനിച്ചു. അച്ചന് അഞ്ചു സഹോദരന്മാരും അഞ്ചു സഹോദരിമാരുമാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2001 ജനുവരി 04 ന് പുഞ്ച ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | പൈസക്കരി | അസി. വികാരി | 04. 02. 2001 – 02. 02. 2002 |
| 2. | ചെറുപുഴ | ” | 03. 02. 2002 – 10. 05. 2003 |
| 3. | മാവുംഞ്ചാൽ | വികാരി | 11. 05. 2003 – 31. 04. 2004 |
| 4. | കോലുവള്ളി | ” | 01. 02. 2004 – 15. 05. 2010 |
| 5. | ഉളിക്കൽ | ” | 06. 05. 2010 – 13. 05. 2018 |
| 6. | പെരുമ്പടവ് | ” | 13. 05. 2018 – 11. 05. 2019 |
| 7. | നീലേശ്വരം | ” | 12. 05. 2019 – 14. 05. 2022 |
| 8. | പുലിക്കുരുമ്പ | ” | 14. 05. 2022 – 11. 05. 2024 |
| 9. | ചെറുപുഴ | ” | 11. 05. 2024 – |

കഠിനാധ്വാനവും ആത്മാർത്ഥതയും ബഹു. ഇരുപ്പക്കാട്ടച്ചന്റെ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടംപിടിച്ച അജപാലകനാണ് അച്ചൻ. കോലുവള്ളി ഇടവകയുടെ ആദ്യ വികാരി എന്ന നിലയിൽ ഇടവകയ്ക്ക് ആവശ്യമായ കാര്യങ്ങൾ ക്രമീ

കരിക്കുവാൻ അച്ചന് കഴിഞ്ഞു. മനോഹരമായ ദൈവാലയവും സെമിത്തേരിയും നിർമിക്കുവാൻ അച്ചൻ നേതൃത്വം നൽകി. ഉളിക്കൽ ഇടവകയുടെ ശില്പി എന്ന പേരിന് ബഹു. ഫിലിപ്പച്ചൻ അർഹനാണ്. മനോഹരമായ ദൈവാലയം, പാരീഷ് ഹാൾ, സ്കൂൾ കെട്ടിടം, സെമിത്തേരി എന്നിവയുടെ നിർമ്മാണം അച്ചൻ പൂർത്തിയാക്കി. പെരുമ്പടവ് ഇടവകയിൽ ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മിച്ചു. ചെറുപുഴ ഫൊറോന വികാരി എന്ന നിലയിൽ സ്തുത്യർഹമായ സേവനങ്ങളാണ് അച്ചൻ കാഴ്ചവയ്ക്കുന്നത്. ചെറുപുഴയിൽ പുതിയ ദൈവാലയ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അച്ചൻ ആരംഭിച്ചു. തലശ്ശേരി അതിരൂപതയുടെയും ദൈവജനത്തിന്റെയും വളർച്ചയ്ക്ക് ഏത് ത്യാഗം സഹിക്കുവാനും തയ്യാറായി ശുശ്രൂഷ മേഖലയിൽ സജീവമായി നിലനിൽക്കുന്ന നല്ലൊരു അജപാലകനെയാണ് ദൈവം ബഹു. റോബിറ്റച്ചനിലൂടെ നമുക്ക് നൽകിയത്. പ്രിയപ്പെട്ട അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**6. റവ. ഫാ. തോമസ് (ബിജു) നൂറാമ്മാക്കൽ**

തലശ്ശേരി അതിരൂപതയിലെ പുളിങ്ങോം ഇടവകയിൽ നൂറാമ്മാക്കൽ ജോസഫ് റോസമ്മ ദമ്പതികളുടെ മകനായി 1974 ജനുവരി 08 ന് ബഹു. ബിജു അച്ചൻ ജനിച്ചു. അച്ചന് നാലു സഹോദരന്മാരും അഞ്ച് സഹോദരിമാരുമുണ്ട്. സഹോദരിമാരിൽ രണ്ട് പേർ സന്യാസിനികളാണ്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം മംഗലപുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2001 ജനുവരി 02 ന് പുളിങ്ങോം പള്ളിയിൽ വച്ച് അഭി. മാർ ജോർജ്ജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | കിളിയന്തറ | അസി. വികാരി | 03. 02. 2001 – 06. 10. 2001 |
| 2. | കാഞ്ഞങ്ങാട് | ” | 07. 10. 2001 – 19. 05. 2002 |
| 3. | കാസർഗോഡ് | ” | 19. 05. 2002 – 31. 01. 2004 |
| 4. | ബദിയടുക്ക, ദേലംപാടി & മുള്ളേരിയ | ” | 01. 02. 2004 – 12. 05. 2007 |
| 5. | കുന്നോത്ത് എസ്റ്റേറ്റ് | മാനേജർ | 13. 05. 2007 – 18. 05. 2013 |
| 6. | എടക്കാനം | വികാരി | 13. 05. 2007 – 18. 05. 2013 |
| 7. | കാവുംതല & അതിരുമാവ് | ” | 19. 05. 2013 – 14. 05. 2016 |
| 8. | ചുള്ളി & പുല്ലടി | ” | 14. 05. 2016 – 14. 05. 2017 |
| 9. | ജർമ്മനി | അജപാലന ശുശ്രൂഷ | 14. 05. 2017 |

ബദിയടുക്ക പള്ളിയുടെ ആദ്യ വികാരി എന്ന നിലയിൽ ഇടവക സമൂഹത്തിനു രൂപം കൊടുക്കുകയും പള്ളിക്കു സ്ഥലം വാങ്ങുകയും

ആദ്യത്തെ പള്ളി പണിയുകയും ചെയ്തു. ശാന്തതയും സൗമ്യതയും അജപാലന ശൈലിയാക്കിയ പുരോഹിത ശുശ്രൂഷയാണ് ബഹു. ബിജു അച്ചൻ നമ്മുടെ അതിരൂപതയ്ക്കു നൽകിയത്. ദൈവജനത്തിന്റെ മനസ്സിൽ നല്ലിടയനായ ഈശോയുടെ മുഖം പ്രതിഫലിപ്പിക്കുവാൻ അച്ചന് കഴിഞ്ഞു. കുന്നോത്ത് എസ്റ്റേറ്റിൽ മാനേജറായിരുന്ന കാലഘട്ടത്തിൽ ത്യാഗത്തോടും ആത്മാർപ്പണത്തോടെയും അച്ചൻ ശുശ്രൂഷ ചെയ്തു. ഏതു വിഷമം പിടിച്ച ശുശ്രൂഷയും മടികൂടാതെ ഏറ്റെടുക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. ജർമ്മനിയിൽ അജപാലന ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുമ്പോഴും നമ്മുടെ അതിരൂപതയുടെ വളർച്ചയിലും നന്മയിലും എങ്ങനെയെല്ലാം പങ്കുചേരാം എന്ന് ചിന്തിക്കുന്ന ആത്മാർത്ഥയുള്ള പൗരോഹിത്യ വ്യക്തിത്വമാണ് അച്ചന്റേത്. പ്രിയപ്പെട്ട ബിജു അച്ചാ അങ്ങേക്ക് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**7. റവ. ഫാ. ജോസഫ് (സണ്ണി) പുതുശ്ശേരി**

തലശ്ശേരി അതിരൂപതയിലെ തോമാപുരം ഇടവകയിൽ പുതുശ്ശേരി ചെറിയാൻ ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1971 മാർച്ച് 9-ാം തീയതി ബഹു. പുതുശ്ശേരി അച്ചൻ ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരാണുള്ളത്. ബഹു. അബ്രാഹം പുതുശ്ശേരി അച്ചൻ സണ്ണിയച്ചന്റെ സഹോദരനാണ്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും തിരുവനന്തപുരം മലങ്കര സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 2001 ജനുവരി 02 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | |
|---|---|---|
| 1. കൊളക്കാട് | അസി. വികാരി | 04. 02. 2001 – 03. 02. 2002 |
| 2. പൂളക്കുറ്റി | വികാരി | 03. 02. 2002 – 13. 05. 2006 |
| 3. ബെഡൂർ | ” | 14. 05. 2006 – 14. 05. 2007 |
| 4. സാൻജോസ് മെട്രോപ്പോലിറ്റൻ സ്കൂൾ തലശ്ശേരി | മാനേജർ | 15. 05. 2007 – 12. 05. 2012 |
| 5. കത്തീഡ്രൽ | വികാരി | 16. 05. 2010 – 12. 05. 2012 |
| 6. വാണിയപ്പാറ | ” | 27. 05. 2012 – 18. 05. 2013 |
| 7. കാര്യപ്പള്ളി | ” | 19. 05. 2013 – 16. 05. 2015 |
| 8. അരവഞ്ചാൽ | ” | 17. 05. 2015 – 07. 08. 2016 |
| 9. അമ്മംകുളം | ” | 07. 08. 2016 – 11. 05. 2019 |
| 10. വട്ട്യറ | ” | 12. 05. 2019 – 14. 05. 2022 |
| 11. മുടയരഞ്ഞി | ” | 15. 05. 2022 – |

ഇടവകയിലെ ശുശ്രൂഷകൾക്കൊപ്പം കൊളക്കാട്, വെളിമാനം, കടുമേനി, പെരുമ്പടവ്, കുന്നോത്ത് എന്നീ സ്കൂളുകളിൽ അദ്ധ്യാപകനായും ബഹു. സണ്ണിയച്ചൻ ശുശ്രൂഷ നിർവഹിച്ചു. സ്കൂളിലെ അദ്ധ്യാപനത്തിനിടയിലും ഇടവകയിൽ ഊർജ്ജ്വസ്വലമായ അജപാലന ശുശ്രൂഷ നിർവഹിക്കുവാൻ അച്ചന് കഴിയുന്നുണ്ട്. കാര്യങ്ങൾ കൃത്യതയോടെയും കണിശതയോടെയും ചെയ്യുന്നതാണ് അച്ചന്റെ ശൈലി. പൂളക്കുറ്റിയിൽ മനോഹരമായ ദൈവാലയം നിർമ്മിക്കുവാൻ അച്ചന് കഴിഞ്ഞു. തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ മാനേജരായി ശുശ്രൂഷ ചെയ്ത സമയം സ്കൂളിന്റെ വളർച്ചയുടെ കാലഘട്ടമായിരുന്നു. തലശ്ശേരി മൈനർ സെമിനാരിയിൽ 9 വർഷം അദ്ധ്യാപകനായും അച്ചൻ ശുശ്രൂഷ നിർവഹിച്ചു. തലശ്ശേരി അതിരൂപതയ്ക്ക് ബഹു. പുതുശ്ശേരിയച്ചൻ നൽകിയ സ്തുത്യർഹമായ സേവനങ്ങൾ ഓർമ്മിച്ചുകൊണ്ട് പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**8. റവ. ഫാ. മാർട്ടിൻ തട്ടാപറമ്പിൽ**

തലശ്ശേരി അതിരൂപതയിലെ നെല്ലിക്കുറ്റി ഇടവകയിൽ തട്ടാപറമ്പിൽ കുര്യൻ ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1973 സെപ്റ്റംബർ 14 ന് ബഹു. മാർട്ടിനച്ചൻ ജനിച്ചു. അച്ചന് നാലു സഹോദരന്മാരും നാലു സഹോദരിമാരുമാണുള്ളത്. സഹോദരിമാരിൽ ഒരാൾ സന്യാസിനിയാണ്. തലശ്ശേരി മൈനർ സെമിനാരിയിൽ പരിശീലനത്തിനു ശേഷം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2001 ജനുവരി 01 ന് നെല്ലിക്കുറ്റി പള്ളിയിൽ വച്ച് അഭി. മാർ ജോർജ്ജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | മാലോം | അസി. വികാരി | 04. 02. 2001 – 19. 05. 2001 |
| 2. | വെള്ളരിക്കുണ്ട് | ” | 20. 05. 2001 – 19. 05. 2002 |
| 3. | നെല്ലിക്കാപൊയിൽ | ” | 19. 05. 2002 – 10. 05. 2003 |
| 4. | പുഞ്ച | വികാരി | 11. 05. 2003 – 12. 05. 2007 |
| 5. | റോം | ഉപരിപഠനം | 13. 08. 2007 – 18. 12. 2009 |
| 6. | രണ്ടാംകടവ് | വികാരി | 17. 02. 2010 – 15. 05. 2010 |
| 7. | മൈനർ സെമിനാരി തലശ്ശേരി | പ്രൊക്യുറേറ്റർ | 16. 05. 2010 – 16. 05. 2014 |
| 8. | മാട്ടറ | വികാരി | 17. 05. 2014 – 14. 05. 2017 |
| 9. | മ്ഢണ്ഡ്യ മൈനർ സെമിനാരി | റെക്ടർ | 14. 05. 2017 – 14. 04. 2023 |
| 10. | ബെറ്റ് ഫീൽഡ് ബാംഗ്ലൂർ | വികാരി | 15. 04. 2023 – |

ബഹു. മാർട്ടിനച്ചൻ പുഞ്ച ഇടവകയിൽ പാരീഷ് ഹാൾ, പള്ളിയിലേക്കുള്ള റോഡ്, എന്നിവ പണിയുകയും പള്ളിക്ക് ഒരേക്കർ സ്ഥലം

വാങ്ങുകയും ചെയ്തു. തലശ്ശേരി മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും പ്രോക്യുറേറ്ററായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. സെമിനാരിയിലെ റെഫക്ടറി നവീകരിക്കുവാനും സെമിനാരിയുടെ മുൻഭാഗം ഗ്രാനൈറ്റ് ഇട്ട് മനോഹരമാക്കുവാനും മാർട്ടിനച്ചന് കഴിഞ്ഞു. മാട്ടറയിൽ വൈദികമന്ദിരം നിർമ്മിക്കുകയും സെമിത്തേരി നവീകരിക്കുകയും ചെയ്തു. മാണ്ഡ്യ രൂപതയുടെ മൈനർ സെമിനാരിയിൽ ശുശ്രൂഷ ചെയ്യുമ്പോൾ സെമിനാരിയുടെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. ബാംഗ്ലൂർ ബെറ്റ്ഫീൽഡിൽ പുതിയ പള്ളി നിർമ്മിക്കുവാൻ സ്ഥലം വാങ്ങുവാനുള്ള ഒരുക്കത്തിലാണ് ബഹു. മാർട്ടിനച്ചൻ. നമ്മുടെ അതിരൂപതയ്ക്കു ഈശോ നൽകിയ ഒരു സമ്മാനമാണ് ബഹു. മാർട്ടിനച്ചൻ. ആത്മാർത്ഥതയും കഠിനാധ്വാനവും അച്ചന്റെ സ്വഭാവത്തിന്റെ ഭാഗമാണ്. ഏറ്റവും ലളിതമായി ജീവിച്ചുകൊണ്ട് പാവപ്പെട്ട മനുഷ്യരോടുള്ള അഗാധമായ സ്നേഹം അച്ചൻ പ്രകടിപ്പിക്കാറുണ്ട്. തന്റെ സമ്പാദ്യം മുഴുവൻ പാവപ്പെട്ടവർക്കായി പങ്കുവയ്ക്കുന്ന രീതിയാണ് അച്ചനുള്ളത്. എല്ലാവരോടും സൗഹൃദപൂർവ്വം പെരുമാറുന്ന ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടം പിടിച്ച ബഹു. മാർട്ടിനച്ചന് രജത ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**9. റവ. ഫാ. സേവ്യർ (ബിജു) തേലക്കാട്ട്**

തലശ്ശേരി അതിരൂപതയിലെ വെള്ളാട് ഇടവകയിൽ 1974 മാർച്ച് 15 ന് തേലക്കാട്ട് ആന്റണി മോനിക്ക ദമ്പതികളുടെ മകനായി ബഹു. ബിജു അച്ചൻ ജനിച്ചു. അച്ചന് ഒരു സഹോദരനും രണ്ട് സഹോദരിമാമാരുമാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2000 ഡിസംബർ 27 ന് ആശാൻകവല ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | ഷീരാടി (ഉദിന) | അസി. വികാരി | 04. 02. 2001 - 19. 05. 2001 |
| 2. | ചെമ്പേരി | ” | 20. 05. 2001 - 19. 05. 2002 |
| 3. | വെള്ളരിക്കുണ്ട് | ” | 19. 05. 2002 - 10. 05. 2003 |
| 4. | അട്ടേങ്ങാനം & അട്ടക്കണ്ടം | വികാരി | 11. 05. 2003 - 12. 05. 2007 |
| 5. | ശാന്തിനഗർ | ” | 13. 05. 2007 - 23. 07. 2009 |
| 6. | വിമലഗിരി(പരപ്പ) | ” | 05. 12. 2010 - 14. 05. 2011 |
| 7. | ഉരുപ്പുംകുറ്റി | ” | 15. 05. 2011 - 13. 05. 2018 |
| 8. | കല്ലുവയൽ | ” | 13. 05. 2018 - 14. 05. 2022 |
| 9. | വാണിപ്പാറ | ” | 15. 05. 2022 - 13. 05. 2023 |
| 10. | ആനപ്പന്തി | ” | 14. 05. 2023 - |

അട്ടേങ്ങാനത്ത് വൈദികമന്ദിരം നിർമ്മിക്കുകയും എസ്. ഡി. സന്യാസഭവനം ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങളും അച്ചൻ ചെയ്തു. അട്ടക്കണ്ടത്ത് സൺഡേ സ്കൂൾ കെട്ടിടം നിർമ്മിക്കുവാനും ഒരേക്കർ സ്ഥലം വാങ്ങുവാനും അച്ചന് കഴിഞ്ഞു. ശാന്തിനഗർ ഇടവകയിൽ വൈദികമന്ദിരത്തിന്റെ പണി പൂർത്തിയാക്കി. 140 വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ മുൻകൈ എടുത്തു. കല്ലുവയൽ ഇടവകയിലും കുരിശുപള്ളി പണിയുകയും പാരീഷ് ഹാളിനാവശ്യമായ സ്ഥലം വാങ്ങിക്കുകയും ചെയ്തു. ഉരുപ്പുംകുറ്റി ഇടവകയെ രൂപപ്പെടുത്തിയത് ബഹു. ബിജു അച്ചനാണ്. പള്ളി പണിയുകയും ഉരുപ്പുംകുറ്റി പ്രദേശത്തെ 160 വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്തു. ആനപ്പന്തി ഇടവകയിൽ ദൈവാലയ നിർമ്മാണത്തിനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ധ്യാപകനായി വിവിധ സ്കൂളുകളിൽ അച്ചൻ ശുശ്രൂഷ നിർവഹിച്ചു. സ്കൂളിലെ തിരക്കുകൾക്കിടയിലും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന അജപാലകനാണ് ബിജു അച്ചൻ. അച്ചന്റെ സ്വഭാവത്തിന്റെ സവിശേഷതകളാണ് ശാന്തതയും സൗമ്യതയും. നല്ലിടയനായ ഈശോയുടെ ചിത്രം ദൈവജനത്തിന്റെ മനസ്സിൽ പതിപ്പിക്കുവാൻ അച്ചന് കഴിഞ്ഞു. പ്രിയപ്പെട്ട ബിജു അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**10. റവ. ഫാ. മാത്യു (തങ്കച്ചൻ) വളവനാൽ**

തലശ്ശേരി അതിരൂപതയിൽ മാലോം ഇടവകയിൽ വളവനാൽ മാത്യു ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1968 ജൂൺ 20 ന് ബഹു. മാത്യു അച്ചൻ ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം മംഗലാപുരം ജെപ്പു സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 2001 ജനുവരി 04 ന് മാലോം ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | ജഡ്ക്കൽ | അസി. വികാരി | 04. 02. 2001 – 22. 02. 2002 |
| 2. | മംഗലാപുരം | ” | 23. 02. 2002 – 22. 05. 2003 |
| 3. | ബൽത്തങ്ങാടി മൈനർ സെമിനാരി | അദ്ധ്യാ. പിതാവ് | 23. 05. 2003– 22. 05. 2004 |
| 3. | സിദ്ധാപുരം & ഹഞ്ചിക്കാട് | വികാരി | 23. 05. 2004 – 14. 05. 2008 |
| 4. | ജഡ്ക്കൽ | ” | 23. 05. 2008 – 14. 05. 2011 |
| 5. | ഒറ്റത്തെ | ” | 14. 05. 2011 – 16. 05. 2014 |
| 6. | പ്രതീക്ഷ | അസി. ഡയറക്ടർ | 17. 05. 2014 – 16. 05. 2015 |

| | | | |
|---|---|---|---|
| 7. | മേരിപുരം & കനീലടുക്കം | വികാരി | 17. 05. 2015 – 11. 05. 2019 |
| 8. | മദർഹോം | അഡ്മിനിട്രേറ്റർ | 12. 05. 2019 – 10. 05. 2021 |
| 9. | അമ്മംകുളം | വികാരി | 28. 06. 2020 – 10. 05. 2024 |
| 10. | കടുമേനി | ” | 11. 05. 2024 – |

ബൽത്തങ്ങാടി രൂപതയിലെ മൂർനാട് ദൈവാലയവും ജഡ്ക്കലിൽ വൈദിക മന്ദിരവും നിർമ്മിക്കുവാൻ ബഹു. മാത്യു അച്ചന് കഴിഞ്ഞു. ആത്മീയചൈതന്യം നിറഞ്ഞു നില്ക്കുന്ന അജപാലന ശൈലിയാണ് മാത്യു അച്ചന്റേത്. മേരിപുരത്ത് എൽ.പി. സ്കൂൾ, യു.പി. സ്കൂൾ കെട്ടിടങ്ങളും കനീലടുക്കത്ത് പാരീഷ് ഹാൾ എന്നിവയുടെ നിർമ്മാണവും മാത്യു അച്ചന്റെ നേതൃത്വത്തിലാണ് നടന്നത്. ആത്മാർത്ഥതയും കഠിനാധ്വാനവും മാത്യു അച്ചന്റെ ശുശ്രൂഷകളിൽ നിറഞ്ഞു നിൽക്കുന്ന ഗുണങ്ങളാണ്. നിഷ്കളങ്കമായി വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യുന്ന ബഹു. മാത്യു അച്ചൻ തലശ്ശേരി അതിരൂപതക്കു ദൈവം നൽകിയ അനുഗ്രഹമാണ്. പ്രിയപ്പെട്ട മാത്യു അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

### 12. ആദരാഞ്ജലികൾ

**ശ്രീ. തോമസ് അട്ടാങ്ങാട്ടിൽ (86) :** ബഹു. തോമസ് അട്ടാങ്ങാട്ടിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. തോമസ് അട്ടാങ്ങാട്ടിൽ 2025 ഒക്ടോബർ 16 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2025 ഒക്ടോബർ 18 ന് ചന്ദനക്കാംപാറ ചെറുപുഷ്പ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സജി അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

### 13. സ്നേഹസ്മൃതി

1. റവ. ഫാ. ജോൺ ആറാംചേരി – 02-11-1975
2. മോൺ. തോമസ് മൂലക്കുന്നേൽ – 03-11-2001
3. റവ. ഫാ. ജോൺ പന്ന്യാംമാക്കൽ – 03-11-2023
4. റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി – 10-11-2006
5. റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി – 11-11-2004
6. റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം – 12-11-1998
7. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ – 18-11-1982
8. റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് – 26-11-2011
9. റവ. ഫാ. തോമസ് കാവുംപുറം – 26-11-2016

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പെനുവേൽ - ബഹു. വൈദികരുടെ മാസധ്യാന കൂട്ടായ്മയും ജാഗരണപ്രാർത്ഥനയും

ഈ വർഷത്തെ ബഹു. വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും ജാഗരണ പ്രാർത്ഥനയും 2025 ഒക്ടോബർ 9 വ്യാഴാഴ്ച രാത്രി 7 മണി മുതൽ 10-ാം തീയതി വെള്ളിയാഴ്ച പുലർച്ചെ 5 മണി വരെ പരിയാരം മദർഹോമിൽ വച്ച് നടന്നു. 203 വൈദികർ മദർഹോമിൽ എത്തിച്ചേർന്നു. 7 മണിക്ക് റംശാ പ്രാർത്ഥനയ്ക്കുശേഷം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പഴയനിയമത്തിലെ സാവൂളിന്റെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി പുരോഹിതന് അഭിഷേകം നഷ്ടപ്പെടാൻ ഇടയുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ വചനസന്ദേശം നല്കി. അത്താഴത്തിനുശേഷം 8.30 മുതൽ 10 മണിവരെ ഫൊറോനാ അടിസ്ഥാനത്തിൽ ബഹു. വൈദികർ യോഗം ചേർന്ന് ചർച്ചകൾ നടത്തി. അഭിവന്ദ്യ പിതാവ് ഫൊറോനാ അടിസ്ഥാനത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് സംസാരിച്ചു.

രാത്രി 10 മണി മുതൽ ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. ഫാ. മാത്യു വേങ്ങക്കുന്നേൽ, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജെയിംസ് പുത്തൻനടയിൽ, ഫാ. അഗസ്റ്റിൻ ചക്കാംകുന്നേൽ, ഫാ. സെബാസ്റ്റ്യൻ തൈപ്പറമ്പിൽ, ഫാ. വർഗ്ഗീസ് കളപ്പുരയ്ക്കൽ എന്നിവർ ആരാധനയ്ക്കു നേതൃത്വം നല്കി. ബഹു. വൈദികർ ഓരോ മണിക്കൂറിലും മനോഹരവും ഹൃദ്യവുമായി ആരാധനയ്ക്കു നേതൃത്വം നല്കി. രാത്രി 12 മണിക്ക് ദിവ്യകാരുണ്യപ്രദക്ഷിണം നടന്നു. പുലർച്ചെ 4 മണിക്ക് നടന്ന അഭിഷേക പ്രാർത്ഥനയിൽ അഭിവന്ദ്യ പിതാവ് ബഹു. വൈദികരുടെ ശിരസ്സിൽ തൈലംപൂശി പ്രാർത്ഥിച്ചു. ഗാനശുശ്രൂഷകൾക്ക് ഫാ. വർഗ്ഗീസ് കളപ്പുരയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ തൈപ്പറമ്പിൽ, ഫാ. ജോസഫ് നൂറാമ്മാക്കൽ, ഫാ. അലക്സ് കൊച്ചുപറമ്പിൽ MSFS എന്നീ വൈദികർ നേതൃത്വം നല്കി. മദർഹോമിൽ ആവശ്യമായ എല്ലാ ക്രമീകരണവും ബഹു. പുത്തൻ നടയിൽ അച്ചനും ബഹു. മഞ്ഞക്കുന്നേലച്ചനും ചെയ്തിരുന്നു. ബഹു. വൈദികർ ഒരു രാത്രി മുഴുവൻ ദിവ്യകാരുണ്യസന്നിധിയിൽ കരങ്ങൾ ഉയർത്തി പ്രാർത്ഥിച്ചത് തലശ്ശേരി അതിരൂപതയ്ക്കു അനുഗ്രഹത്തിനു കാരണമായി. ബഹു. വൈദികരുടെ കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും അവസരംകൂടിയായിരുന്നു മദർഹോമിലെ ഒത്തുചേരൽ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സംരംഭകരുടെ സംഗമം

തലശ്ശേരി അതിരൂപതാംഗങ്ങളായ സംരംഭകരുടെ യോഗം 2025 ഒക്ടോബർ 04 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് ഒരു മണി വരെ നടന്നു. തലശ്ശേരി രൂപതാംഗങ്ങളായ, ബിസിനസ്സ് മേഖലയിൽ സജീവമായി ഇടപെടുന്ന ആളുകളെയാണ് ഈ സംഗമത്തിലേക്ക് ക്ഷണിച്ചിരുന്നത്. 55 പേർ സംഗമത്തിൽ പങ്കെടുത്തു. ഈ കാലഘട്ടത്തിൽ ബിസിനസ്സ് മേഖലകളിൽ ഒരുമിച്ച് മുന്നേറേണ്ടതിന്റെയും പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യക്ഷപ്രസംഗത്തിൽ സംരംഭകരോട് സംസാരിച്ചു. മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ് പ്രൊഫസർ ഡോ. സജിമോൻ പാലയ്ക്കൽ ബിസിനസ്സ് രംഗത്തെ നമ്മുടെ സമുദായത്തിന്റെ സംഭാവനകളെക്കുറിച്ചും സമകാലികസമൂഹത്തിൽ ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നവർ സഹകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകളെക്കുറിച്ചുമുള്ള ക്ലാസ്സ് നയിച്ചു. പങ്കെടുത്തവർ തങ്ങളുടെ സംരംഭമേഖലകളെക്കുറിച്ച് സംസാരിക്കുകയും അവരുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവയ്ക്കുകയും ചെയ്തു.

യുവസംരംഭകരെ ബിസിനസ്സ് മേഖലകളിലേക്ക് പ്രോത്സാഹിപ്പിക്കുക, നമ്മുടെ സമുദായംഗങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് 'Job Portal' ഉണ്ടാക്കുക, ചെറുകിട വ്യവസായ സംരംഭകർക്ക് സർക്കാർ നല്കുന്ന സബ്സീഡികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുക, ടൂറിസം മേഖലയിൽ ഒരുമിച്ചുള്ള പ്രോജക്ടുകൾ ചെയ്യാനുള്ള സാധ്യതകൾ പഠിക്കുക തുടങ്ങിയ പ്രസക്തമായ ആശയങ്ങൾ സംരംഭകർ പങ്കുവയ്ക്കുകയുണ്ടായി. തലശ്ശേരി അതിരൂപത നേതൃത്വം കൊടുക്കുന്ന വിവിധ പ്രോജക്ടുകൾ സംരംഭകരെ പരിചയപ്പെടുത്തി. മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഫാ. ജോസഫ് റാത്തപ്പിള്ളിൽ, റവ. ഫാ. സ്കറിയ നിരപ്പേൽ, റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് എന്നിവരും സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വിയാനി നിധി
# ഉപകാരികളുടെ സംഗമം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെയും വൈദികവിദ്യാർഥികളുടെയും ക്ഷേമത്തിനായി രൂപപ്പെടുത്തിയ വിയാനിനിധിയിൽ സഹകരിക്കുന്ന ഉപകാരികളുടെ സംഗമം 2025 ഒക്ടോബർ 18 ശനിയാഴ്ച ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെ നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമികത്വത്തിൽ നടന്ന ദിവ്യബലിയോടെയാണ് ഉപകാരികളുടെ സംഗമം ആരംഭിച്ചത്. 210 ഉപകാരികളാണ് ആലക്കോട് എത്തിച്ചേർന്നത്. വി. കുർബാനക്കുശേഷം പാരീഷ് ഹാളിൽ യോഗം ആരംഭിച്ചു. മലബാറിലെ ദൈവജനത്തിന്റെ ആഴമായ വിശ്വാസവും തിരുസ്സഭയോടും പൗരോഹിത്യത്തോടുമുള്ള സ്നേഹവുമാണ് തലശ്ശേരി അതിരൂപതയുടെ വളർച്ചയ്ക്കു കാരണമായതെന്നും സഭയോട് ചേർന്നു നടന്ന പഴയ തലമുറയുടെ പിൻതുടർച്ചക്കാരാണ് വിയാനി നിധിയിൽ സഹകരിക്കുന്ന ഉപകാരികളെന്നും അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.

യോഗത്തിന് അതിരൂപതാ പ്രൊക്യുറേറ്റർ റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ സ്വാഗതം ആശംസിച്ചു. തലശ്ശേരി മൈനർ സെമിനാരി റെക്ടർ റവ. ഫാ. തോമസ് മേൽവെട്ടത്ത്, വൈസ് ചാൻസലർ റവ. ഫാ. ജോസഫ് റാത്തപ്പിള്ളിൽ, വൊക്കേഷൻ പ്രൊമോട്ടർ റവ. ഫാ. കുര്യാക്കോസ് പ്ലാവുനില്ക്കുംപറമ്പിൽ എന്നിവരും സന്നിഹിതരായിരുന്നു. ആലക്കോട് ഫൊറോനാ വികാരി ബഹു. ആന്റണി പുന്നൂരച്ചനും അസി. വികാരി ബഹു. എബിൻ മുള്ളംകുഴിയിൽ അച്ചനും കൈക്കാരന്മാരും ഉപകാരികളുടെ സംഗമത്തിനാവശ്യമായ എല്ലാ ക്രമീകരണവും നടത്തിയിരുന്നു. ശ്രീ. ജോണി പെട്ടയിൽ, ശ്രീകണ്ഠാപുരം നഗരസഭ ചെയർപേഴ്സൺ ശ്രീമതി കെ.വി. ഫിലോമിന, ശ്രീ. സിബി കായിത്തറ എന്നിവർ ഉപകാരികളുടെ ഭാഗത്തുനിന്ന് അനുഭവങ്ങൾ പങ്കുവച്ച് സംസാരിച്ചു. അതിരൂപതാ ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഏവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ വിയാനി സംഗമം അവസാനിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദികക്ഷേമം

## A . P.P.F

1 P.P.F ലേക്കുള്ള ഇടവകാവിഹിതം 52 ഇടവകകളിൽ നിന്നും വ്യക്തി വിഹിതം 125 വൈദീകരിൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. 2025 ഡിസംബർ 31 ന് മുൻപ് പ്രസ്തുത തുകകൾ അടക്കുമല്ലോ.

2 ഡിസംബർ മാസത്തിലെ ഗിരിദീപത്തിൽ കുടിശ്ശിക ഉള്ളവരുടെ ലിസ്റ്റ് പ്രിസിദ്ധീകരിക്കുന്നതാണ്.

3 തുകകൾ അടക്കേണ്ടത്:

P.P.F Association Arch Diocese of Thalassery

A/C No : 0078053000072392

IFSC : SIBL0000078

South Indian Bank, Thlassery

4. തുക ബാങ്കിൽ നിക്ഷേപിച്ചതിന്റെ തെളിവായി Screenshot ഉം ഇടവകയുടെ/ വ്യക്തികളുടെ പേരും P.P.F ന്റെ ഫോൺ നമ്പറിലേക്ക് അടയ്ക്കേണ്ടതാണ്.

5. ബഹു. വൈദികർ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആകുമ്പോൾ ആ കാര്യം ജനറാളച്ചനെ അറിയിക്കേണ്ടതാണ്.

**B . സൗഹൃദോത്സവം**

**1. നന്ദി!**

തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികർക്കുവേണ്ടി നടത്തിയ 'സൗഹൃദോത്സവം' - കായികമേള വിജയകരമായി സംഘടിപ്പിക്കുവാൻ സഹകരിച്ച ഏവർക്കും നന്ദി അറിയിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിനും പ്രോത്സാഹനത്തിനും വികാരി ജനറാളച്ചന്മാരുടെയും കൂരിയ അംഗങ്ങളുടെയും സഹകരണത്തിനും ഹൃദ്യമായ നന്ദി. ഇരിട്ടി, ചെമ്പേരി, ചെറുപുഴ, കാസർഗോഡ് റീജിയണുകളിലെ ടീം കോർഡിനേറ്റർമാരെയും ടീം അംഗങ്ങളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിലെ പ്രിയപ്പെട്ട വൈദികരുടെ സഹകരണം പ്രത്യേകം അനുസ്മരിക്കുന്നു. ട്രോഫികൾ സ്പോൺസർ ചെയ്ത വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജ്, രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനി കണ്ണൂർ യൂണിറ്റ്, സാൻജോസ് അക്കാദമി എന്നീ സ്ഥാപനങ്ങളെയും നന്ദിയോടെ ഓർമ്മിക്കുന്നു. സൗഹൃദോത്സവം കുറ്റമറ്റവിധം ക്രമീകരിച്ച സംഘാടകസമിതി അംഗങ്ങളായ ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. ജോസഫ് റാത്തപ്പള്ളി, ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ, ഫാ. ജോർജ് തെങ്ങുംപള്ളി, ഫാ. മാത്യു മുക്കുഴി, ഫാ. ജോൺ കൂവപ്പാറയിൽ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. സൗഹൃദോത്സവം

വിജയിപ്പിക്കുവാൻ ആത്മാർത്ഥമായി സഹകരിച്ച ബഹു. വൈദികർക്ക് ഹൃദയം നിറഞ്ഞ നന്ദി.

**2. വിജയികൾ**

**a. ബാസ്കറ്റ്ബോൾ മത്സരം**

ഒന്നാം സ്ഥാനം - കാസർഗോഡ് റീജിയൺ
രണ്ടാം സ്ഥാനം - ഇരിട്ടി റീജിയൺ

**b. ക്രിക്കറ്റ് മത്സരം**

ഒന്നാം സ്ഥാനം - ചെമ്പേരി റീജിയൺ
രണ്ടാം സ്ഥാനം - ഇരിട്ടി റീജിയൺ

**c. വോളിബോൾ മത്സരം**

ഒന്നാം സ്ഥാനം - കാസർഗോഡ് & ചെറുപുഴ
രണ്ടാം സ്ഥാനം - ഇരിട്ടി & ചെമ്പേരി റീജിയൺ

**d. ബാഡ്മിന്റൺ - സീനിയേഴ്സ്**

ഒന്നാം സ്ഥാനം - ചെമ്പേരി റീജിയൺ
(ഫാ. ബിജു ചേന്നോത്ത് & ഫാ. ആന്റണി മഞ്ഞളാംകുന്നേൽ)
രണ്ടാം സ്ഥാനം - ഇരിട്ടി റീജിയൺ
(ഫാ. മാത്യു ശാസ്താംപടവിൽ & ഫാ. തോമസ് തടത്തിൽ)

**e. ബാഡ്മിന്റൺ**

ഒന്നാം സ്ഥാനം - കാസർഗോഡ് റീജിയൺ
(ഫാ. സുനീഷ് പുതുക്കുളങ്ങര & ഫാ. അമൽ പഞ്ഞിക്കുന്നേൽ)
രണ്ടാം സ്ഥാനം - ചെമ്പേരി റീജിയൺ
(ഫാ. ഷിന്റോ പുലിയുറുമ്പിൽ & ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ)

**C. റീജിയണൽ വൈദികസമ്മേളനങ്ങൾ**

| | ഫൊറോനകൾ | തീയതി | കോ-ഓഡിനേറ്റർ | സ്ഥലം |
|---|---|---|---|---|
| ഇരിട്ടി റീജിയൺ | പേരാവൂർ, മണിക്കടവ് എടൂർ, കുന്നോത്ത് നെല്ലിക്കാംപൊയിൽ | 2026 ജനുവരി 20 | ഫാ. മാത്യു തെക്കേമുറി | തളിപ്പറമ്പ് |
| ചെമ്പേരി റീജിയൺ | പൈസക്കരി, ചെമ്പേരി ചെമ്പന്തൊട്ടി തളിപ്പറമ്പ് | 2026 ജനുവരി 22 | ഫാ. നോബിൾ ഓണംകുളം | തളിപ്പറമ്പ് |
| ചെറുപുഴ റീജിയൺ | ചെറുപുഴ, മേരിഗിരി ആലക്കോട്, വായാട്ടുപറമ്പ് | 2026 ജനുവരി 27 | ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് | തളിപ്പറമ്പ് |
| കാസർഗോഡ് റീജിയൺ | തോമാപുരം, മാലോം വെള്ളരിക്കുണ്ട്, പനത്തടി കാഞ്ഞങ്ങാട്, കാസർഗോഡ് | 2026 ഫെബ്രു. 17 | ഫാ. മാണി മേൽവെട്ടം | നീലേശ്വരം |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# സെമിനാരി വാർത്തകൾ

**റീജൻസി ബ്രദേഴ്സ് അപ്പോയിന്മെന്റ് ഒക്ടോബർ 2025**

ബ്രദർ ചാക്കോ പാട്ടപാതിയിൽ - മൗണ്ട് സെന്റ് തോമസ്, കാക്കനാട്
,, ജോസഫ് മുരിയാൻകരിയിൽ - ആർച്ച് ബിഷപ്പ്സ് ഹൗസ്
,, ജേക്കബ് തോട്ടത്തിൽ - ആർച്ച് ബിഷപ്പ്സ് ഹൗസ്
,, ഡോൺബോസ്കോ വേങ്ങപ്പള്ളിൽ - മൈനർ സെമിനാരി
,, കുര്യാക്കോസ് പുതനപ്ര - സന്ദേശഭവൻ, ഫാമിലി അപ്പസ്തോലേറ്റ്
,, കുര്യൻ മണ്ണാകുളത്തിൽ - സന്ദേശഭവൻ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്
,, ജോസഫ് മടത്തിപ്പുറത്ത് - സന്ദേശഭവൻ
,, ജോസഫ് മഞ്ഞക്കുന്നേൽ - പ്രീസ്റ്റ് ഹോം
,, ജോസഫ് നീർപാറമലയിൽ - പ്രീസ്റ്റ് ഹോം
,, ജോസഫ് മണ്ണൂർ - മദർ ഹോം
,, തോമസ് മറ്റത്തിൽ - ബെൽത്തങ്ങടി ബിഷപ്പ്സ് ഹൗസ്
,, ജോസഫ് കുന്നേൽ – കുന്നോത്ത്, ആർച്ചുബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട്
,, പോൾസൺ അടവനാൽ - ബോയ്സ് ടൗൺ കുന്നോത്ത്
,, കുര്യാക്കോസ് കുടക്കച്ചിറ - ചെമ്പേരി, കരുണാലയം

**നന്ദി... സ്വാഗതം...**

**ബ്രദർ ജോസഫ് മണ്ണൂർ:** ആറുമാസക്കാലത്തെ സ്തുത്യർഹമായ ശുശ്രൂഷയ്ക്കുശേഷം പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിലേക്ക് റീജൻസിക്കായി യാത്രയാകുന്ന പ്രിയപ്പെട്ട ജോസഫ് മണ്ണൂരിന് ഏറെ സ്നേഹത്തോടെ യാത്രാ മംഗളങ്ങൾ. ഈ ശുശ്രൂഷാ കാലഘട്ടം വളരെ മനോഹരമായി പൂർത്തിയാക്കുവാൻ ബ്രദർ ജോസഫ് മണ്ണൂരിന് സാധിച്ചു. പുതിയ ശുശ്രൂഷ മേഖലയിൽ എല്ലാവിധ ആശംസകളും.

**ബ്രദർ ഡോൺ ബോസ്കോ വേങ്ങപ്പള്ളിൽ:** റീജൻസി ശുശ്രൂഷയ്ക്കായി മൈനർ സെമിനാരിയിലേയ്ക്ക് കടന്നു വരുന്ന പ്രിയപ്പെട്ട ഡോൺ ബോസ്കോ വേങ്ങപ്പള്ളിക്ക് സെമിനാരി കുടുംബത്തിലേയ്ക്ക് ഹൃദയ പൂർവ്വം സ്വാഗതം നേരുന്നു.

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. മതാധ്യാപകദിനം - നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 2-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 2. വിശ്വാസപരിശീലകർക്കുള്ള ധ്യാനം

വിശ്വാസപരിശീലകർക്കുള്ള ദ്വിദിന ധ്യാനം **"GRATIA DEI"** എന്ന പേരിൽ നവംബർ, ഡിസംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തപ്പെടുന്നു. ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 8 മണി വരെയും, ഞായറാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെയും ആയിരിക്കും ധ്യാനം. അധ്യാപകർക്ക് ശനിയാഴ്ച ധ്യാനത്തിനുശേഷം വീട്ടിൽ പോയി ഞായറാഴ്ച രാവിലെ മടങ്ങിവരാവുന്നതാണ്. ആ ഞായറാഴ്ച ഓരോ ഇടവകയിലെയും സൺഡേസ്കൂൾ കുട്ടികൾക്ക് അതാത് ഇടവകയിലെ വികാരിയച്ചന്മാർ/ മറ്റാരെങ്കിലും പൊതുവായി ക്ലാസ് എടുത്തു നൽകേണ്ടതാണ്. ഓരോ ഫൊറോനയിലും ധ്യാനിപ്പിക്കാൻ അച്ചൻമാരുടെ നേതൃത്വത്തിലുള്ള ധ്യാന ടീം ഉണ്ടായിരിക്കും. മറ്റു തടസ്സങ്ങൾ ഇല്ലെങ്കിൽ ധ്യാനം പള്ളിയിൽ തന്നെ നടത്തുന്നത് ഉചിതമായിരുന്നു. അടുത്തടുത്തുള്ള മൂന്ന് ഫൊറോനകളിലായി ആയിരിക്കും ഒരു ആഴ്ച ഒരേസമയം ധ്യാനം നടക്കുന്നത്. ഇതിനായി മൂന്ന് ധ്യാനടീമുകൾ ഉണ്ടായിരിക്കും. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് സാധിക്കുന്നിടത്തോളം ധ്യാനസ്ഥലങ്ങൾ സന്ദർശിക്കും. ധ്യാനത്തിന് ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ഫൊറോനാകമ്മിറ്റി

ഒരുക്കേണ്ടതാണ്. എല്ലാ ഇടവകകളിലെയും വിശ്വാസപരിശീലകർ ഈ ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്.

**നവംബർ മാസത്തിലെ ധ്യാനങ്ങൾ:**

| | |
|---|---|
| നവംബർ 1, 2 | പേരാവൂർ, എടൂർ, കുന്നോത്ത് |
| നവംബർ 8, 9 | തളിപ്പറമ്പ്, നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി |
| നവംബർ 15, 16 | ചെമ്പന്തൊട്ടി, ചെമ്പേരി, വായാട്ടുപറമ്പ് |
| നവംബർ 16 | കാഞ്ഞങ്ങാട്+കാസർഗോഡ് |
| നവംബർ 22, 23 | തോമാപുരം |
| നവംബർ 29, 30 | ആലക്കോട്, മേരിഗിരി, ചെറുപുഴ |

### 3. ക്രിസ്മസ് പരീക്ഷ ഡിസംബർ 07

ക്രിസ്മസ് പരീക്ഷ ഡിസംബർ 07 ഞായറാഴ്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 4. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങളും നമസ്ക്കാരങ്ങളും വാട്സ്ആപ്പ് ഗ്രൂപ്പിൽ **നവംബർ 26-ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളും നമസ്ക്കാരങ്ങളുമാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങളും നമസ്ക്കാരങ്ങളും കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 5. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2026 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. 2024-2025 വർഷത്തെ പാഠപുസ്തകമാണ് (Old Text) സേ പരീക്ഷാർഥികൾ പഠിക്കേണ്ടത്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി നവംബർ 15-നുള്ളിൽ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

### 6. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി നവംബർ 15-നുള്ളിൽ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 7. കാറ്റക്കിസം ക്ലാസ്സ് സമയം

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1 ½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗ്രാമുകൾ നടത്താൻ പാടില്ല.

### 8. ഏകദിന സെമിനാർ

വിശ്വാസപരിശീലകർക്കായുള്ള ഏകദിന സെമിനാർ ഫൊറോനാതലത്തിൽ നടത്തിവരുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ

യായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോന യിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ട താണ്.

**ഏകദിന സെമിനാർ നടത്തിയ ഫൊറോനകൾ:** തളിപ്പറമ്പ്, പേരാവൂർ, കുന്നോത്ത്, തോമാപുരം, പനത്തടി, ചെമ്പേരി, ചെമ്പന്തൊട്ടി, ആലക്കോട്, വെള്ളരിക്കുണ്ട്, എടൂർ, ചെറുപുഴ, വായാട്ടുപറമ്പ്, മേരിഗിരി.

## 9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2025-2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായ റാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂ ട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തല ത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധി ക്കുമല്ലോ.

**നവംബർ, ഡിസംബർ മാസങ്ങളിലെ അതിരൂപതാ വിസിറ്റ്**

**നവംബർ 02:** കീഴ്പ്പള്ളി, നിർമ്മലഗിരി, കാലിച്ചാമരം, കിളിയന്തറ, കരുണാ പുരം, പരപ്പ, കൊട്ടോടി, മേലേചൊവ്വ, നീലേശ്വരം, തിരൂർ, കാര്യപ്പള്ളി, കണ്ണി വയൽ. **നവംബർ 09:** പേരാവൂർ, ഭീമനടി, പേരട്ട, ബദിയടുക്ക, പാത്തൻപാറ, നെടുവാലൂർ, ഒറ്റത്തൈ, പനത്തടി, പൊട്ടൻപ്ലാവ്, കണ്ണൂർ, പെരിയ, തേർമല, കാവുംതല. **നവംബർ 16:** മാങ്ങോട്, പേരാവൂർ, പുന്നക്കുന്ന്, വാണിയപ്പാറ,നാ ട്ടക്കൽ, പെർള, കോട്ടൂർ, വിജയഗിരി, കള്ളാർ, കനകക്കുന്ന്, ഉദയപുരം, ഉളി ക്കൽ, ചെറുപാറ, കുളിനീർ. **നവംബർ 23:** രാജമുടി, അങ്ങാടിക്കടവ്,കൊന്ന ക്കാട്, വെള്ളാട്, വിളക്കന്നൂർ, അരിവിളഞ്ഞപൊയിൽ, അടോട്ടുകായ, ദീപ ഗിരി, നെല്ലിയടുക്കം, പുറവയൽ, റയറോം, കുന്നുംകൈ. **നവംബർ 30:** എടൂർ, പൂളക്കുറ്റി, വെള്ളരിക്കുണ്ട്, കച്ചേരിക്കടവ്, പുഞ്ച, പൊയിനാച്ചി, തടിക്കടവ്, ശ്രീകണ്ഠാപുരം, ഉദയഗിരി, മേരിപുരം, ലിസിഗിരി, കോടോത്ത്, നെല്ലിക്കാം പൊയിൽ, മണ്ഡപം. **ഡിസംബർ 07:** വിളമന. **ഡിസംബർ 14:** വട്ടിയറ, പെരുമ്പുന്ന, മേൽമുരിങ്ങോടി, പെരിങ്കരി, മാലോം, കാസർഗോഡ്, കുറ്റി ക്കോൽ, നെല്ലിക്കുറ്റി, എടക്കോം, പാലാവയൽ. **ഡിസംബർ 21:** അതിരുമാവ്, പാണത്തൂർ, അരീക്കമല, തയ്യേനി. **ഡിസംബർ 24:** ചീക്കാട്. **ഡിസംബർ 28:** ചെമ്പന്തൊട്ടി, രത്നഗിരി, തോമാപുരം.

**10. ആസ്പെക്ട് 2025-2026**

2025-2026 സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് റവ. ഡോ. ജോസഫ് കാക്കരമറ്റം രചിച്ച്, തലശ്ശേരി കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് പബ്ലിഷ്ചെയ്യുന്ന പുസ്തകമാണ് ഈ വർഷം ആസ്പെക്ട് പരീക്ഷക്കായി അധ്യാപകർ പഠിക്കേണ്ടത്. നമ്മുടെ സഭയുടെ ചരിത്രവും, വളർച്ചയും, നാടിനു നൽകിയ സംഭാവനയുമൊക്കെ വിവരിക്കുന്ന ഈ അമൂല്യഗ്രന്ഥം നവംബർ മാസത്തിൽ പ്രസിദ്ധീകരിച്ച് എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതാണ്.

**11. അതിരൂപത പ്രതിഭാസംഗമം**

ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 76 കുട്ടികൾക്കായി തളിപ്പറമ്പ് വെച്ച് ഒക്ടോബർ 11-ാം തീയതി അതിരൂപതാതല ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ, റവ. ഫാ. മാർട്ടിൻ പാഴൂപ്പറമ്പിൽ, റവ. ഫാ. ജോർജ് തെങ്ങുംപള്ളിൽ, റവ. സി. റോസ്ന കോവാട്ട് എസ്എച്ച്, റവ. സി. റോസിലിയ എൻഎസ്, ശ്രീ. ബാബു പതിപ്പള്ളിൽ, ശ്രീ. ദായി പ്ലാത്തോട്ടത്തിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ക്യാമ്പിന് സൗകര്യങ്ങൾ ഒരുക്കിതന്ന തളിപ്പറമ്പ് ഫൊറോനയിലെ എല്ലാ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ഇർവിൻ കൊല്ലംപറമ്പിൽ | നടുവിൽ | ചെമ്പന്തൊട്ടി |
| ബെൻ ജോസഫ് ഇല്ലിമൂട്ടിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| അന്ന കട്ടക്കയം | മാലോം | മാലോം |
| റോസ് മരിയ പൊൻപാറ | നെല്ലിക്കുറ്റി | ചെമ്പേരി |

**12. രാജത്വത്തിരുനാൾ - നവംബർ 23**

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 23-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**13. ആദരാഞ്ജലികൾ**

നെല്ലിക്കാംപൊയിൽ സൺഡേസ്കൂളിലെ പ്രധാനാധ്യാപകനും ഫൊറോന പ്രസിഡണ്ടുമായ ശ്രീ. ചാക്കോ കാരാമയിൽ സാറിന്റെ മകൾ അൽഫോൻസ ജേക്കബ് കാരാമയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**കോൺവൊക്കേഷൻ 2025**

ഈ വർഷം പഠനം പൂർത്തിയാക്കിയ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച തലശ്ശേരി സാൻജോസ് മെട്രോപൊളീറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കണ്ണൂർ രൂപതാ സഹായ മെത്രാൻ ഡോ. ഡെന്നീസ് കുറുപ്പശ്ശേരി മുഖ്യാതിഥി ആയിരുന്നു. ഡിപ്ലോമ - ബിരുദ - ബിരുദാനന്തര ബിരുദ വിഭാഗങ്ങളിലായി 140 പേർ ഈ വർഷം കോഴ്സ് പൂർത്തിയാക്കി. വിവിധ വിഭാഗങ്ങളിലെ റാങ്കു ജേതാക്കൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

**കോഴ്സുകൾ, പരീക്ഷകൾ**

2025-26 വർഷത്തെ ഡിപ്ലോമ കോഴ്സുകൾ നവംബർ ആദ്യവാരം ആരംഭിക്കും. ബിരുദവിദ്യാർത്ഥികളുടെ 2025 ആദ്യ സെമസ്റ്റർ പരീക്ഷകൾ നവം. 15 മുതൽ ഡിസം. 15 വരെ തീയതികളിൽ ആയിരിക്കും.

**നന്ദി, സ്വാഗതം:** കഴിഞ്ഞ ആറുമാസക്കാലം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്തുത്യർഹമായ സേവനം നിർവഹിച്ചശേഷം തലശ്ശേരി മൈനർ സെമിനാരി റീജന്റായി സ്ഥലം മാറിപോകുന്ന ബ്രദർ ഡോൺബോസ്കോ വേങ്ങപ്പള്ളിക്ക് ആൽഫാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി! ആൽഫാ കുടുംബത്തിലേക്ക് പുതുതായി കടന്നുവരുന്ന ബ്രദർ ജോയൽ മന്നാകുളത്തിലിന് ഹൃദ്യമായ സ്വാഗതം!

### ലോഗോസ് പരീക്ഷാഫലം

**ലോഗോസ് - 2025:** കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ലോഗോസ് ക്വിസിന്റെ 25-ാം മത്സരത്തിന്റെ രൂപതാതല പരീക്ഷകൾ പൂർത്തിയായി. 181 ഇടവകകളിൽ നിന്നുമായി ഈ വർഷം 21692 പേർ പങ്കെടുത്തു. ഓരോ വിഭാഗത്തിലും വിജയികളായവരുടെ പേരു വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**എ വിഭാഗം**

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ആരോൺ ജിയോ | എണ്ണപ്പാറ | 84 | I |
| എഡ്വിൻ ജോമി പെരുമ്പള്ളി | കൊളക്കാട് | 82 | II |
| എയ്ഡൻ ലാലു കൂട്ടുങ്കൽ | കോഴിച്ചാൽ | 80 | III |

## ബി വിഭാഗം

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ക്രിസ്റ്റീന ജ്യുവൽ കൊച്ചുപുരയ്ക്കൽ | ഏറ്റുപാറ | 96 | I |
| അൽന റോസ് തലയണക്കുഴി | കൊളക്കാട് | 92 | II |
| ദിയ എലിസബത്ത് മൂലയിൽ | തോമാപുരം | 90 | III |

## സി വിഭാഗം

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| മരിയ മാമൂട്ടിൽ | പെരുമ്പടവ് | 92 | I |
| അൽഫോൻസ പറയക്കുന്നേൽ | തോമാപുരം | 90 | II |
| ക്ലെയർ മരിയ ആനാനിയുറുമ്പേൽ | മാലോം | 88 | III |

## ഡി വിഭാഗം

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| സിജി മൈലിക്കൽ | പുളിങ്ങോം | 100 | I |
| സി. സൗമ്യ ആന്റണി CMC | ബദിയടുക്ക | 97 | II |
| സി. സാന്ദ്ര മരിയ കുന്നേൽ SABS | കുളിനീർ | 96 | III |
| ദീപ്തി പൂവത്തോട്ടത്തിൽ | തോമാപുരം | 96 | III |

## ഇ വിഭാഗം

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ലിസി തോമസ് | തോമാപുരം | 98 | I |
| ലിസി ജോസഫ് | ചെമ്പേരി | 97 | II |
| ടോമി എളംതുരുത്തിയിൽ | കൊന്നക്കാട് | 93 | III |
| ജോസ്‌ലിൻ കടക്കുഴ | തടിക്കടവ് | 93 | III |

## എഫ് വിഭാഗം

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| അന്ന ഇ.എം | മേലേ ചൊവ്വ | 100 | I |
| റോസമ്മ കളപ്പുരക്കൽ | കോട്ടൂർ | 93 | II |
| അന്നമ്മ തടത്തിൽ | പറമ്പ | 92 | III |

## ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുടുംബങ്ങൾ

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ആനാനിയുറുമ്പിൽ ഡൊമിനിക് & ഫാമിലി | മാലോം | 260 | I |
| പച്ചിക്കൽ ജോർജ് & ഫാമിലി | എണ്ണപ്പാറ | 249 | II |
| പെരുംമ്പള്ളിൽ ജോമി & ഫാമിലി | കൊളക്കാട് | 234 | III |

**ആദം മിനിസ്റ്ററി**

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| നിമ്മി ഏലിയാസ് | മുളപ്ര | 96 | I |
| മാർട്ടിൻ | കുടിയാന്മല | 52 | II |
| വീണ മാർട്ടിൻ | ചന്ദനക്കാംപാറ | 49 | III |

**ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

| ക്രമ നമ്പർ | ഇടവക | എണ്ണം |
|---|---|---|
| 1 | തോമാപുരം | 574 |
| 2 | പേരാവൂർ | 508 |
| 3 | എടൂർ | 483 |

* ഇടവകയിലെ അംഗസംഖ്യയ്ക്ക് ആനുപാതികമായി മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്കാണ് സമ്മാനമെന്ന് ജൂലൈ മാസം ഗിരിദീപത്തിൽ പറഞ്ഞിരുന്നല്ലോ (പേജ് 42). അതനുസരിച്ച് സമ്മാനാർഹമായ ഇടവകകൾ

| സ്ഥാനം | ഇടവക | ആകെ ജനസംഖ്യ | പങ്കെടുത്തവർ | ശതമാനം |
|---|---|---|---|---|
| 1 | പരിയാരം | 810 | 283 | 34.93% |
| 2 | പെരിയ | 190 | 59 | 31.05% |
| 3 | പടന്നക്കാട് | 700 | 182 | 26% |

- വിജയികളുടെ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും പിന്നീട് വിതരണം ചെയ്യുന്നതാണ്.
- വിജയികളായവർക്ക് അഭിവന്ദ്യപിതാക്കന്മാരുടെയും അതിരൂപതാ കുടുംബം മുഴുവന്റെയും അഭിനന്ദനങ്ങൾ!
- ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് റീജണൽ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് രൂപതാതലത്തിൽ സമ്മാനങ്ങൾ നല്കുന്നതാണ്.
- റീജണൽ മത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും മാമ്മോദീസ-ജനന തീയതികൾ സൂചിപ്പിച്ചുകൊണ്ടുള്ള വികാരിയച്ചന്റെ സാക്ഷ്യപത്രവും എത്രയും വേഗം ഓഫീസിൽ എത്തിക്കേണ്ടതാണ്. ലെറ്റർ pdf ആയും ഫോട്ടോ jpg ഫയൽ ആയും ആൽഫാ ഓഫീസിലെ നമ്പറിലേക്ക് അയച്ചാലും മതി (8086312826).
- ലോഗോസ് പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച വികാരിയച്ചന്മാർക്കും മതാധ്യാപകർക്കും പങ്കെടുത്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. സ്നേഹത്തിന്റെ നിയമത്താൽ മനുഷ്യഹൃദയങ്ങളെ അടക്കിഭരിക്കുന്ന സ്നേഹരാജാവാണ് നമ്മുടെ ക്രിസ്തു. ക്ഷമിക്കുകയും സ്നേഹിക്കുകയും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം... എല്ലാവർക്കും രാജത്വത്തിരുന്നാളിന്റെ മംഗളങ്ങൾ... പ്രാർത്ഥനകൾ....

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | മിശിഹായുടെ രാജത്വത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. അന്ത്രയോസ് |
| പ്രാർത്ഥനാനിയോഗം | : | എല്ലാ കുടുംബങ്ങൾക്കും വേണ്ടി |
| സുകൃതജപം | : | ഈശോയെ അങ്ങയുടെ ചിറകിൻകീഴിൽ എന്നെ കാത്തുകൊള്ളണമെ. |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ശനി : സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ – കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം.

2 ഞായർ : സകല മരിച്ചവരുടെയും തിരുനാൾ
മതാദ്ധ്യാപകരെ ആദരിക്കൽ

4 ചൊവ്വ : മതാദ്ധ്യാപകദിനം

14 വെള്ളി : ശിശുദിനം

23 ഞായർ : രാജത്വത്തിരുനാൾ

30 ഞായർ : ആൽബം, പ്രബന്ധം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, സെമിനാർ, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിഹായുടെ രാജത്വത്തിരുനാൾ.

**3. രാജത്വതിരുനാൾ**

നവംബർ 23-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ

ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്ക വിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതയുടെ നേതൃത്വത്തിൽ ഈ വർഷം ചെമ്പന്തൊട്ടി, ചെമ്പേരി, വായാട്ടുപറമ്പ്, തളിപ്പറമ്പ് മേഖലകൾ സംയുക്തമായി വിളക്കന്നൂർ ക്രിസ്തുരാജ തീർത്ഥാടന ദൈവാലയത്തിലേക്ക് പ്രേഷിതറാലിയായി പോകുന്നു. കൂടുതൽ വിവരങ്ങൾ ഈ മേഖലക്കാരെ അറിയിക്കുന്നതായിരിക്കും.

**4. തെരഞ്ഞെടുപ്പ് വിജ്ഞാപനം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 2025-2028 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നിയമാവലി 3-ാം ഭാഗം 31-40 വരെയുള്ള വകുപ്പുകൾ അനുസരിച്ച് നടത്തുന്നതിനുവേണ്ടി 2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റി ചേരുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള (മേഖലാ, അതിരൂപതാ എക്സിക്യൂട്ടീവ് ഉപരിഘടക ഭാരവാഹികൾ) എല്ലാവരും തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. നിയമാവലി 31, 32 വകുപ്പുകൾ അനുസരിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, റീജണൽ ഓർഗനൈസേഴ്സ്, (കാഞ്ഞങ്ങാട്, ആലക്കോട്, ചെമ്പേരി, ഇരിട്ടി) അഞ്ച് സംസ്ഥാന മാനേജിംഗ് കമ്മറ്റി പ്രതിനിധികൾ, മൂന്ന് ഓഡിറ്റേഴ്സ് എന്നിവരെ മാനേജിംഗ് കമ്മറ്റിയിൽ നിന്നും തെരഞ്ഞെടുക്കുന്നു.

തലശ്ശേരി — പ്രിസൈഡിംഗ് ഓഫീസർ
01-11-2025 — ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ

NB: - നവംബർ 10-ന് കരട് വോട്ടർപട്ടിക, ഓഫീസിൽ പ്രസിദ്ധീകരിക്കുന്നു. നിർദ്ദേശാനുസരണം, ബിജു കൊച്ചുപൂവ്വക്കോട്ട്, അതിരൂപതാ സെക്രട്ടറി

**5. മിഷൻ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കുവാൻ അതിരൂപതയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. നെടുംപുറംചാൽ, ഇരിട്ടി, അറബി, അരിവിളഞ്ഞപൊയിൽ, മണിപ്പാറ, വെള്ളരിക്കുണ്ട്, കനകക്കുന്ന്, ചേപ്പറമ്പ്, കൊളക്കാട്, വെമ്പുവ, കാഞ്ഞിരടുക്കം, ജയഗിരി, കിളിയന്തറ ഡിസംബർ 10 ന് മുൻപ് മേഖലകൾ സന്ദർശനം പൂർത്തിയാക്കി മികച്ച 3 എണ്ണം രൂപതയ്ക്ക് നൽകേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്ത എല്ലാ ശാഖകളിലും മേഖലസമിതി എത്തുന്നതായിരിക്കും എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

**6. പ്രബന്ധരചന**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന പ്രബന്ധരചനാ ഓഫീസിൽ ലഭിക്കേണ്ട അവസാന

തീയതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 42, മാർഗ്ഗരേഖ 60 എന്നിവ കാണുക) വിഷയം: **"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്...".**

**7. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം**

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക)

**8. പൂമ്പാറ്റ ആംഗ്യപ്പാട്ട്**

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41, മാർഗ്ഗരേഖ പേജ് 59-60 എന്നിവ കാണുക)

**9. ആൽബം**

**"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41, മാർഗ്ഗരേഖ പേജ് 61 കാണുക.

**10. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചുകാണുമല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസിക ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**നിബന്ധനകൾ**

- മാസിക 80 പേജിൽ കവിയരുത്. അളവ് A4 Size.
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി.എം.എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചനകൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത്‌വചനങ്ങൾ, കടങ്കഥകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങുകൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ

ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.

- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മുല്യങ്ങൾ, നിലവാരം, മാസികയുടെ കലാമേന്മ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചിതമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.
- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടുക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ **"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജനുവരി 26.

**11. ക്രിസ്കാർഡ് നിർമ്മാണ മത്സരം:** ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻലീഗ്അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം ഈ വർഷം നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 21-ാം തീയതി മേഖലാ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**ക്രിസ്കാർഡ് നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ, തുടങ്ങിയവ ഉപയോഗിക്കാം.
- 15 സെ.മീ വീതിയും, 21 സെ.മീ നീളവുമുള്ള ചാർട്ടുപേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- നിർമ്മാണ സമയം 2 മണിക്കൂർ
- അംഗത്വകാർഡ് നിർബന്ധമാണ്.
- ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് മേഖലാതലത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കേണ്ടത്. (സ്ഥലവും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും) മേഖലയിൽനിന്ന് ഏറ്റവും മികച്ചത് രണ്ടെണ്ണം രൂപതയിൽ നൽകണം.
- ആൺ പെൺ വ്യത്യാസം ഇല്ല.

**12. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി തിങ്കളാഴ്ചയായതിനാൽ നവംബർ 3-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം പാടിയോട്ടുചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**13. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ നവംബർ മാസം ചെറുപുഴ, (നവംബർ -2), തോമാപുരം (നവംബർ-9), മാലോം (നവംബർ

–16), വെള്ളരിക്കുണ്ട് (നവംബർ–23), പനത്തടി (നവംബർ–30) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**14. മിഷൻകലണ്ടർ :** അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് മിഷൻകലണ്ടർ എല്ലാ ശാഖകളിലും എത്തി എന്ന് വിചാരിക്കുന്നു. മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. 4 രൂപ മേഖലയ്ക്കും 6 രൂപ രൂപതയ്ക്കുമാണ് നൽകേണ്ടത്. കലണ്ടറിന്റെ തുക ആരും നേരിട്ട് അതിരൂപതയിൽ അടക്കേണ്ടതില്ല. അവരവരുടെ മേഖലയിലാണ് അടയ്ക്കേണ്ടത്. മേഖലവഴി തുക അതിരൂപതയിൽ അടയ്ക്കുവാൻ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**15. വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കുവാൻ ബഹുമാനപ്പെട്ട വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2025 –2026 വർഷത്തെ വാർഷിക വിഹിതം, (500 രൂപ) അംഗത്വ ഫീസ് (ഒരുകുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**16. അതിരൂപതാതല മിഷൻകലോത്സവം**

20–10–2025 ന് ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടന്ന അതിരൂപതാ കലോത്സവത്തിൽ **എടൂർ, പേരാവൂർ, പൈസക്കരി** എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സബ് ജൂനിയർ, ജൂണിയർ, സീനിയർ വിഭാഗത്തിൽ എടൂർ മേഖലയും സൂപ്പർ സീനിയർ വിഭാഗത്തിൽ വായാട്ടുപറമ്പ് മേഖലയും ഓവറോൾ കരസ്ഥമാക്കി. 19 മേഖലകളിൽ നിന്നായി ധാരാളം മത്സരാർത്ഥികൾ പങ്കെടുത്തു. പങ്കെടുത്തവർക്കും വിജയികളായവർക്കും പത്യേകം അഭിനന്ദനങ്ങൾ.

**17. സെമിനാറുകൾ, ക്ലാസ്സുകൾ**

05–10–2025 ന് വെള്ളരിയാനം ശാഖയിലെ കുട്ടികൾക്ക് ഫാ. ജോസഫ് വയലുങ്കൽ സെമിനാർ നടത്തി. 11–10–2025 ന് മേരിഗിരി ശാഖയിലെ കുട്ടികൾക്ക് ശ്രീ. ബിജു കൊച്ചുപൂവ്വക്കോട്ട് സെമിനാർ നടത്തി. 12–10–2025 ന് ബദിയടുക്ക ശാഖകളിലെ കുട്ടികൾക്ക് ഫാ. ജോസഫ് വയലുങ്കൽ സെമിനാർ നടത്തി. 12–10–2025 ന് കടുമേനി ശാഖകളിലെ കുട്ടികൾക്ക് ശ്രീ. ഷിജോ സ്രായിൽ സെമിനാർ നടത്തി.

**18. ആദരാഞ്ജലികൾ**

അതിരൂപത ജൂണിയർ സെക്രട്ടറി ആദർശ് മരോട്ടിക്കലിന്റെ പിതാവ് സന്തോഷ് മരോട്ടിക്കലിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 23-ാം തീയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണല്ലോ, അന്നേ ദിനം വിവിധ പരിപാടികളോടുകൂടെ തിരുനാൾ ആഘോഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങളും... പ്രാർത്ഥനകളും...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : വി. മിശിഹായുടെ രാജത്വതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. സിസിലി |
| പ്രാർത്ഥനാനിയോഗം : എല്ലാ കുടുംബങ്ങൾക്കു വേണ്ടി |
| സുകൃതംജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമെ |
| വചനം : നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (വി. ലൂക്കാ 6.36) |
| *പ്രവൃത്തി* : ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക. |
| എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതതല ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ശനി : സകല വിശുദ്ധരുടെയും തിരുനാൾ
2 ഞായർ : സകല മരിച്ചവരുടെയും തിരുനാൾ
മതാദ്ധ്യാപകരെ ആദരിക്കൽ
4 ചൊവ്വ : മതാദ്ധ്യാപകദിനം
23 ഞായർ : രാജത്വത്തിരുനാൾ

**2. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി ചൊവ്വാഴ്ചയായതിനാൽ നവംബർ 2-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം പാടിയോട്ടുചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**3. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം**

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഫോട്ടോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം നവംബർ 25. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

**4. ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക് :** 2025 -2026 വർഷത്തെ തിരുബാലസഖ്യം കുട്ടികളുടെ അംഗത്വ ഫീസ് (ഒരു കുട്ടിക്ക് 5 രൂപ വീതം) ഇനിയും അടച്ചു തീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ നവംബർ മാസം ചെറുപുഴ, (നവംബർ -2), തോമാപുരം (നവംബർ-9), മാലോം (നവംബർ-16), വെള്ളരിക്കുണ്ട് (നവംബർ-23), പനത്തടി (നവംബർ-30) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**6. നിറം കൊടുക്കാമോ?:** പ്രിയകൂട്ടുകാരെ, ഈശോയെപ്പോലെ ആത്മശക്തിയുള്ളവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 23 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. നിങ്ങൾക്കറിയാമോ?:** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആത്മശക്തിയുള്ളവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 24 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. നിറംകൊടുക്കാമോ ഒക്ടോബർ മാസത്തെ വിജയികൾ**

I സെയിൻ മാത്യു പട്ടർമഠത്തിൽ - ചെമ്പന്തൊട്ടി

II അന്റോണിയോ മണിയംമാക്കൽ - വെള്ളരിക്കുണ്ട്

III ജെറോൺ തോമസ് കരേടത്ത് - വെണ്ണക്കല്ല്

**9. നിങ്ങൾക്കറിയാമോ ഒക്ടോബർ മാസത്തെ വിജയികൾ**

I ഡെൽഫീന റോസ് തെക്കുംപുറത്ത് - കിളിയന്തറ

II ജുവൽ പായിക്കാട്ട് - കണ്ണിവയൽ

III ഡെൽവിൻ കാഞ്ഞിരത്താംകുന്നേൽ - മണിപ്പാറ

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തോലേറ്റ്

"അവന്റെ അസ്ഥികളിൽ യുവത്വം തുളുമ്പി നിൽക്കുന്നു." (ജോബ് 20:11).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

മരണംമൂലം നമ്മളിൽ നിന്നും വേർപിരിഞ്ഞുപോയ പ്രിയപ്പെട്ടവരെ അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ. പ്രിയപ്പെട്ടവരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കാം.

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

നവംബർ 01 - സകല വിശുദ്ധരുടെ തിരുനാൾ

നവംബർ 02 - സകല മരിച്ചവരുടെ തിരുനാൾ

നവംബർ 04 - മതാധ്യാപക ദിനം

നവംബർ 09 - സെക്കന്റ് സൺഡേ യൂത്ത് സൺഡേ

നവംബർ 24 - രാജത്വ തിരുനാൾ

**യുവോത്സവം**

നവംബർ 01 ന് ചെമ്പേരി നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ചു അതിരൂപത കലോൽസവം നടത്തുന്നതാണ്. കൃത്യം 9 മണിക്ക് മത്സരം ആരംഭിക്കുന്നതാണ്. പ്രസംഗം, ലളിതഗാനം, മിമിക്രി, മോണോ ആക്ട്, നാടോടിനൃത്തം, ഫോട്ടോഗ്രഫി, സ്പോട്ട് കോറിയോ എന്നീ വ്യക്തിഗതമത്സരങ്ങളും തെരുവുനാടകം, മാർഗ്ഗംകളി, മൈം, പരിചമുട്ട് കളി, ചവിട്ടുനാടകം, കെസിവൈഎം ആന്തം, നാടൻപാട്ട്, ഗാനമേള, ഡിബേറ്റ്, ക്വിസ് എന്നീ ഗ്രൂപ്പ് മത്സരങ്ങളുമാണ് നടത്തപ്പെടുക.

**ഗ്രീൻകിക്ക്**

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കണ്ണൂർ,കാസർഗോഡ് ജില്ലകളിലെ വിവിധ മൈതാനങ്ങൾ ഫൊറോന,യൂണിറ്റ് സമിതികളുടെ നേതൃത്വത്തിൽ ശുചീകരിക്കുകയും ഓർമ്മമരം നടുകയും ചെയ്തു.

**പ്രഥമ യുവജന തീർത്ഥയാത്ര (Carlo Steps)**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ

നേതൃത്വത്തിൽ വിളക്കന്നൂർ ദൈവാലയത്തിലേക്ക് പ്രഥമ യുവജന തീർത്ഥാടനം നടത്തി. വി. കാർലോ അക്വിറ്റിസിന്റെ തിരുശേഷിപ്പ് സംവഹിച്ച് നടുവിൽ ടൗണിൽ നിന്ന് ആരംഭിച്ച തീർത്ഥാടന റാലിയിൽ ആയിരത്തിലഞ്ഞൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. വിളക്കന്നൂർ ദൈവാലയത്തിൽ അർപ്പിച്ച വി. കുർബാനക്ക് മാർ. ജോസഫ് പാംപ്ലാനി മുഖ്യകാർമ്മികത്വം വഹിച്ചു. Carlo Steps വിജയമാക്കി മാറ്റി അതിരൂപത യുവജന പ്രസ്ഥാനത്തിന് ചരിത്രപരമായ ഒരു പൊൻതൂവൽകൂടി രേഖപ്പെടുത്തി വയ്ക്കുവാൻ സാധിക്കുന്ന തരത്തിലേക്ക് ഉയർത്തിയ വിളക്കന്നൂർ ഇടവക വികാരി തോമസ് കീഴാരത്തിലച്ചനും അസി. വികാരി നിന്റോ അച്ചനും ഇടവക കോർഡിനേറ്റർ ശ്രീ. സണ്ണി പോത്തനാംതടത്തിനും കൈക്കാരൻമാർക്കും കെസിവൈഎം വിളക്കന്നൂർ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജിബിൻ മണ്ണിപ്ലാക്കലിനും മറ്റു യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ ഒരായിരം നന്ദി.

**യുവോത്സവം - സാഹിത്യരചന**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളിൽ 1500-ലധികം സാഹിത്യപ്രതിഭകൾ പങ്കെടുത്ത യുവോത്സവം - സാഹിത്യരചന നടത്തപ്പെട്ടു. സാഹിത്യമത്സരം ഏറ്റവും മനോഹരമായി പൂർത്തീകരിച്ച 19 ഫൊറോന സമിതികൾക്കും ഫൊറോന പ്രസിഡന്റുമാർക്കും ഫൊറോന ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും ഇടവക വികാരിയച്ചൻമാർക്കും യൂണിറ്റ് പ്രസിഡന്റുമാർക്കും വൈസ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും മത്സരാർത്ഥികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**യുവോത്സവം - സാഹിത്യമത്സര വിജയികൾ 2025**

**കഥാരചന**

| സ്ഥാനം, പേര് | ഇടവക | മേഖല |
|---|---|---|
| I സ്നേഹ വരമ്പുങ്കൽ | മാട്ടറ | മണിക്കടവ് |
| II കെയ്റ്റ്തെരേസ് | പുലിക്കുരുമ്പ | ചെമ്പേരി |
| IIII മിൽന എൽസ് | തേർമല | നെല്ലിക്കാംപൊയിൽ |

**കവിതാരചന**

| | | |
|---|---|---|
| I ജെർലിൻ പുളിക്കൽ | വരക്കാട് | തോമാപുരം |
| II അനിറ്റ് മരിയ | കരിക്കോട്ടക്കരി | എടൂർ |
| III ജുവൽ പുല്ലുവേലിൽ | കരുണാപുരം | വായാട്ടുപറമ്പ് |

**ഉപന്യാസം**

| | | | |
|---|---|---|---|
| I | ടീന തേക്കുംകാട്ടിൽ | ബളാൽ | വെള്ളരിക്കുണ്ട് |
| II | ഡിയോണ നടുപ്പറമ്പിൽ | പേരാവൂർ | പേരാവൂർ |
| III | ലിബിൻ തെക്കേൽ | മാവുംചാൽ | വായാട്ടുപറമ്പ് |

**കാർട്ടൂൺ രചന**

| | | | |
|---|---|---|---|
| I | ദിയ പനമറ്റം | പൊട്ടംപ്ലാവ് | ചെമ്പേരി |
| II | ലിബിൻ കാക്കല്ലിൽ | വെള്ളാട് | വായാട്ടുപറമ്പ് |
| III | ജെസ്വിൻ ഏത്തക്കാട് | എണ്ണപ്പാറ | കാഞ്ഞങ്ങാട് |

**പത്രവാർത്ത രചന**

| | | | |
|---|---|---|---|
| I | ഫൗസ്റ്റീന കളപ്പുരയ്ക്കൽ | കരയത്തുംചാൽ | ചെമ്പന്തൊട്ടി |
| II | ആഷ്‌ലി ഐക്കരകാനായിൽ | കാസർഗോഡ് | കാസർഗോഡ് |
| III | എൽസിൻ മരിയ വെളിയത്തിൽ | പുലിക്കുരുമ്പ | ചെമ്പേരി |

**നോട്ടീസ് രചന**

| | | | |
|---|---|---|---|
| I | അന്ന മേരി മുടവനട്ട് | കനകപ്പള്ളി | വെള്ളരിക്കുണ്ട് |
| II | സാന്റ മടത്തേട്ട് | നാട്ടക്കൽ | മാലോം |
| III | എൽസിറ്റ ശൗര്യാംതൊട്ടിയിൽ | പൈസക്കരി | പൈസക്കരി |

**പോസ്റ്റർ രചന**

| | | | |
|---|---|---|---|
| I | ജുവാൻ മരിയ തെക്കേമുറിയിൽ | കരുണാപുരം | വായാട്ടുപറമ്പ് |
| II | ക്രിസ്റ്റി മ്ലാംങ്കുഴിയിൽ | ഏറ്റുപാറ | പൈസക്കരി |
| III | അഭിനവ് നടുവിലേമുറിയിൽ | കുമ്പള | കാസർഗോഡ് |

**മുദ്രാവാക്യ രചന**

| | | | |
|---|---|---|---|
| I | സ്റ്റാലിൻ ചെബ്ലാനിക്കൽ | ബളാൽ | വെള്ളരിക്കുണ്ട് |
| II | എബിൻ തോംപുന്നയിൽ | കുമ്പള | കാസർഗോഡ് |
| III | അലീന നിരപ്പേൽ | കാപ്പിമല | ആലക്കോട് |

**ഡിജിറ്റൽ പോസ്റ്റർ മേക്കിങ്**

| | | | |
|---|---|---|---|
| I | ജെയിംസ് നെല്ലിയാനിക്കൽ | കണ്ണൂർ | തളിപ്പറമ്പ് |
| II | അലൻ താനപ്പനാൽ | ചായ്യോത്ത് | കാഞ്ഞങ്ങാട് |
| III | അയ്‌വിൻ പുത്തൻപുരക്കൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |

**ട്രോൾ മേക്കിങ്**

| | | | |
|---|---|---|---|
| I | ടോം കാര്യാടിയിൽ | ചേപ്പറമ്പ് | ചെമ്പന്തൊട്ടി |
| II | ലയന ലിസ്ബത്ത് | കൊളക്കാട് | പേരാവൂർ |
| III | ജോസഫ് കുമ്പുക്കൽ | പറമ്പ | മാലോം |

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്ന ക്രിസ്തുരാജനെ നമ്മൾ ഭക്ത്യാദരപൂർവ്വം വണങ്ങി നമ്മുടെ ജീവിതങ്ങളെ അവിടുത്തേക്ക് പ്രതിഷ്ഠിക്കുന്ന മാസമാണല്ലോ നവംബർ മാസം. ആഗോള കത്തോലിക്കാ സഭ ക്രിസ്തുരാജനൊപ്പം മഹത്വത്തിൽ പങ്കുചേർന്ന വിശുദ്ധാത്മാക്കളെയും മഹത്വം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ശുദ്ധീകരണാത്മാക്കളെയും ഈ അവസരത്തിൽ പ്രാർത്ഥനയോടെ അനുസ്മരിക്കുന്നു. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം ഭക്തിപൂർവ്വം ചൊല്ലി നമ്മുടെ കുടുംബങ്ങളിൽ നിന്ന് മരണത്തിലൂടെ വേർപ്പെട്ട പ്രിയപ്പെട്ടവർക്കായ് തിരുസന്നിധിയിൽ പ്രാർത്ഥിക്കുന്ന ആ നല്ല പതിവ് നമുക്ക് മറക്കാതെ അനുഷ്ഠിക്കാം. വിജയ-സഹന-സമര സഭകളിലെ മുഴുവൻ പേരുടേയും കൂട്ടായ്മ ആദരപൂർവ്വം ധ്യാനിച്ച്, നമുക്കും ഒരിക്കൽ കൈവരാൻ പോകുന്ന നിത്യമഹത്വത്തെ പ്രത്യാശയോടെ സമീപിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന സത്പ്രവർത്തികൾ മടുപ്പില്ലാതെ നിർവ്വഹിക്കാം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

**1. ഇടവക എക്സിക്യൂട്ടീവ്:** വികാരിയച്ചൻ (പ്രസിഡന്റ്), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ്:** ഫൊറോന വികാരിയച്ചൻ (പ്രസിഡന്റ്), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്.

പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ് :** സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.
b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.
c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.
**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**
d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.
e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

g) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

h) ബയോ മൗണ്ടൻ ഉല്പ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം നല്കുക.

**2.** കുടുംബകൂട്ടായ്മ: വെമ്പുവ മാർ ശ്ലീവ ഇടവകയിലെ സെന്റ് സെബാസ്റ്റ്യൻസ് കുടുംബ കൂട്ടായ്മയുടെ വാർഷികാഘോഷത്തിൽ ഡയറക്ടറച്ചൻ പങ്കെടുക്കുകയും പരിപാടി ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കുകയും ചെയ്തു.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

| MPC - 2025 | | | |
|---|---|---|---|
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ 26ന് അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് സന്ദേശഭവനിൽ വച്ച് നടത്തി. 'നസ്രാണി ഫെസ്റ്റ് 2025' കലാമത്സരങ്ങളെക്കുറിച്ചുള്ള ചർച്ച നടത്തി അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

### (b) മേഖലാ വാർഷികം

സെപ്റ്റംബർ 29 ന് ചെറുപുഴ മേഖലയുടെ വാർഷികാഘോഷം ഉമ്മറപൊയിൽ വച്ച് നടത്തി. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൊറോന ഡയറക്ടർ അനുഗ്രഹപ്രഭാഷണം നടത്തി. ഓരോ യൂണിറ്റിന്റേയും മനോഹരമായ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം സമാപിച്ചു.

### (c) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല സെപ്റ്റംബർ 24, 27, ഒക്ടോബർ 1, 4 തീയതികളിലായി ചെമ്പേരി മേഖലയുടേത് ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ചും എടൂർ മേഖലയുടേത് എടൂർ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചും പേരാവൂർ മേഖലയുടേത് നിർമ്മലഗിരി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും ചെമ്പന്തൊട്ടി മേഖലയുടേത് ചെമ്പന്തൊട്ടി സെന്റ് ജോർജ് പാരിഷ്

ഹാളിോൽ വച്ചും നടത്തി. ജപമാല, പതാക ഉയർത്തൽ, റാലി എന്നിവയ്ക്കുശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക റെക്ടർ  വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, എടൂർ ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറി, പേരാവൂർ ഫൊറോന വികാരി വെരി റവ. ഫാ. മാത്യു തെക്കേമുറി ചെമ്പന്തൊട്ടി ഫൊറോനാ വികാരി വെരി റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് സംഗീതം, റമ്പാൻ പാട്ട്, കോൽക്കളി, മാർഗ്ഗംകളി, സംഘനൃത്തം തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവസാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

## (d) മത്സരങ്ങൾ

### 1. വി. എവുപ്രാസ്യാമ്മ വീഡിയോ നിർമ്മാണ മത്സരം

വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ വേഷം ധരിച്ച് അമ്മ പറയുന്ന സൂക്തങ്ങൾ ഉരുവിടുന്ന വീഡിയോ മത്സരം. മത്സരത്തിൽ 100 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ:** ഒന്നാം സ്ഥാനം - നവ്യ കുറ്റ്യാനിക്കൽ (പൈസക്കരി) രണ്ടാം സ്ഥാനം - നൈസി ചെന്നാട്ടുതാഴെ (ഹൊസങ്കടി), മൂന്നാം സ്ഥാനം - പുളിങ്ങോം യൂണിറ്റ്

### 2. ക്രിസ്തീയ പലഹാര വിഭവങ്ങളുടെ പ്രദർശന വീഡിയോ നിർമ്മാണ മത്സരം

ഒന്നാം സ്ഥാനം - കുന്നോത്ത് മേഖല, രണ്ടാം സ്ഥാനം - ആലക്കോട് മേഖല, മൂന്നാം സ്ഥാനം - നെല്ലിക്കാംപൊയിൽ മേഖല.

**പ്രോത്സാഹന സമ്മാനം:** ചെമ്പന്തൊട്ടി, ചെമ്പേരി, ചെറുപുഴ, എടൂർ, കാഞ്ഞങ്ങാട്, കാസർഗോഡ്, മാലോം, മേരിഗിരി, പൈസക്കരി, പനത്തടി, പേരാവൂർ, തളിപ്പറമ്പ്, തോമാപുരം, വായാട്ടുപറമ്പ്, വെള്ളരിക്കുണ്ട്.

## (e) അതിരൂപതാതല കലോത്സവം

### നസ്രാണി ഫെസ്റ്റ് 2K25

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത അമ്മമാർക്കായി

സമുദായ ശക്തീകരണ വർഷത്തിൽ 'നസ്രാണി ഫെസ്റ്റ് 2K25' എന്ന പേരിൽ ചെമ്പേരി നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഒക്ടോബർ 11ന് നടത്തപ്പെട്ടു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ, ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. 9 വേദികളിലായി 10 ഇനങ്ങൾ നടത്തപ്പെട്ടു. മികവുറ്റ പ്രകടനം കാഴ്ചവെച്ച് അമ്മമാർ തങ്ങളുടെ കഴിവുകൾ തെളിയിച്ചു. ഒന്നാം സ്ഥാനം 100 പോയിന്റുമായി പേരാവൂർ മേഖലയും രണ്ടാം സ്ഥാനം 93 പോയിന്റുമായി തോമാപുരം - പൈസക്കരി മേഖലകളും 78 പോയിന്റുമായി മൂന്നാം സ്ഥാനം എടൂർ മേഖലയും കരസ്ഥമാക്കി. അതുപോലെ മണ്ടപം, പൈസക്കരി, ചുണ്ടപ്പറമ്പ് യൂണിറ്റുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സമ്മാനദാനം അതിരൂപതാ ചാൻസലർ റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ നിർവഹിച്ചു. വളരെ മനോഹരമായ രീതിയിൽ കലോത്സവം നടത്തുവാൻ സാധിച്ചു.

**സാഹിത്യമത്സരം വിജയികൾ**

**കഥ - സീനിയർ**

ഒന്നാം സ്ഥാനം - ആൻസി മ്ലാമലപതാലിൽ - മണ്ഡപം
രണ്ടാം സ്ഥാനം - സോണിയ മുത്തോലിൽ - മാലോം
മൂന്നാം സ്ഥാനം - ജെസ്സി ഇടക്കലാത്ത് - മേരിഗിരി

**കഥ - ജൂനിയർ**

ഒന്നാം സ്ഥാനം - സോളി പാലുവേലിൽ - കണിച്ചാർ
രണ്ടാം സ്ഥാനം - ഡയാന മുള്ളൻപാറത്തൽ - പരിയാരം
മൂന്നാം സ്ഥാനം - അനു ഓണംകുളം - വായാട്ടുപറമ്പ്

**കവിത - സീനിയർ**

ഒന്നാം സ്ഥാനം - അനിത വടക്കൻ - ശ്രീകണ്ഠാപുരം
രണ്ടാം സ്ഥാനം - ലിസി കൊച്ചുവേലിക്കകത്ത് - അങ്ങാടിക്കടവ്
മൂന്നാം സ്ഥാനം - മേഴ്സി ഇടപ്പാടിയിൽ - കടുമേനി

**കവിത - ജൂനിയർ**

ഒന്നാം സ്ഥാനം - സൗമ്യ ചെമ്മനംതടത്തിൽ - ചുണ്ടപ്പറമ്പ്
രണ്ടാം സ്ഥാനം - സോണിയ മരങ്ങോലിൽ - പെർള
മൂന്നാം സ്ഥാനം - ഗ്രീഷ്മ കാരിക്കാട്ടിൽ - രയറോം

**പെൻസിൽ ഡ്രോയിങ്ങ് - സീനിയർ**

ഒന്നാം സ്ഥാനം - ബെന്നീസ് പറമ്പുകാട്ടിൽ - എടൂർ
രണ്ടാം സ്ഥാനം - മിനി പള്ളിപ്പുറത്ത് - കാർത്തികപുരം
മൂന്നാം സ്ഥാനം - കൊച്ചുറാണി കൊച്ചുകുന്നത്തുപറമ്പിൽ-ഉളിക്കൽ

**പെൻസിൽ ഡ്രോയിങ്ങ് - ജൂനിയർ**

ഒന്നാം സ്ഥാനം - ജോസ്മി ചുണ്ടെലിക്കാട്ടിൽ - കാഞ്ഞിരക്കൊല്ലി
രണ്ടാം സ്ഥാനം - അനുപമ പാലത്തിങ്കൽ - കിളിയന്തറ
മൂന്നാം സ്ഥാനം - ബിന്ദു തണ്ണിപ്പാറ - കല്ലുമുതിരക്കുന്ന്

**ഉപന്യാസം - സീനിയർ**

ഒന്നാം സ്ഥാനം - ശാന്തമ്മ കാരിക്കാട്ട് - ചെങ്ങോം

രണ്ടാം സ്ഥാനം - എലിസബത്ത് മുണ്ടപ്പള്ളി - ഇരിട്ടി
മൂന്നാം സ്ഥാനം - സാന്റി പുത്തൻപുര - കരുവഞ്ചാൽ

**ഉപന്യാസം - ജൂനിയർ**

ഒന്നാം സ്ഥാനം - ആഗ്നൽ മരിയ പുത്തൻപുരയ്ക്കൽ - അട്ടക്കണ്ടം
രണ്ടാം സ്ഥാനം - സിനി ചിറയ്ക്കത്തൊട്ടിയിൽ - നെല്ലിക്കാംപൊയിൽ
മൂന്നാം സ്ഥാനം - സ്മിത മുതുപ്ലാക്കൽ - പൈസക്കരി

**കലോത്സവം**

**ജൂനിയർ - പ്രസംഗം**

ഒന്നാം സ്ഥാനം - സൗമ്യ കണിവേലിൽ - മേരിഗിരി
രണ്ടാം സ്ഥാനം - അഞ്ജന സാഗർ കുന്നുമ്മേൽ - മണിക്കടവ്
മൂന്നാം സ്ഥാനം - അഖില കൂട്ടുങ്കൽ - കോഴിച്ചാൽ

**സീനിയർ - പ്രസംഗം**

ഒന്നാം സ്ഥാനം - ഷൈനി കാഞ്ഞിരത്തിങ്കൽ - മണ്ഡപം
രണ്ടാം സ്ഥാനം - ഷീജ കാറുകുളത്ത് - അങ്ങാടിക്കടവ്
മൂന്നാം സ്ഥാനം - അന്നമ്മ പടിഞ്ഞാത്ത് - കനകപ്പള്ളി

**ജൂനിയർ - സംഗീതം**

ഒന്നാം സ്ഥാനം - ദിവ്യ പാലത്തിങ്കൽ - മണക്കടവ്
രണ്ടാം സ്ഥാനം - ജെസ്‌ലിൻ നെറ്റിക്കാട്ട് - പടന്നക്കാട്
മൂന്നാം സ്ഥാനം - ജെസ്ന വട്ടപ്പാറ - വെളിമാനം

**സീനിയർ - സംഗീതം**

ഒന്നാം സ്ഥാനം - അൽഫോൻസ പുളിക്കച്ചുണ്ടയിൽ - ആലക്കോട്
രണ്ടാം സ്ഥാനം - ജാൻസി വലിയകാലായിൽ - പൈസക്കരി
മൂന്നാം സ്ഥാനം - റീന ഓലിക്കുഴി - കൊളക്കാട്

**ജൂനിയർ - കവിതാലാപനം**

ഒന്നാം സ്ഥാനം - ഷിനു മലേപ്പറമ്പിൽ - മണ്ഡപം
രണ്ടാം സ്ഥാനം - മീനു മണ്ണാപ്പറമ്പിൽ - ചെമ്പേരി
മൂന്നാം സ്ഥാനം - ലീനു ആക്കിമാട്ടേൽ - മണിക്കടവ്

**സീനിയർ - കവിതാലാപനം**

ഒന്നാം സ്ഥാനം - നിഷ പുത്തൻപുരയ്ക്കൽ - ജോസ്മൗണ്ട്
രണ്ടാം സ്ഥാനം - ജോളി ഈറപ്ലാക്കൽ - കണ്ണൂർ
മൂന്നാം സ്ഥാനം - മോളി കല്ലിടുക്കിൽ - പുലിക്കുരുമ്പ

**ജൂനിയർ - മോണോആക്ട്**

ഒന്നാം സ്ഥാനം - സൗമ്യ ചെമ്മനാംതടത്തിൽ - ചുണ്ടപ്പറമ്പ്
രണ്ടാം സ്ഥാനം - അനു കാക്കശ്ശേരി - ഉളിക്കൽ
മൂന്നാ സ്ഥാനം - രേഖ കാരിത്തടം- കരുവഞ്ചാൽ

**സീനിയർ - മോണോആക്ട്**

ഒന്നാം സ്ഥാനം - ബോബി എണ്ണച്ചേരിൽ- വിളമന
രണ്ടാം സ്ഥാനം - ഗ്രേസി കണ്ടംപറമ്പ്- പേരാവൂർ
മൂന്നാം സ്ഥാനം - ത്രേസ്യാമ്മ പ്ലാസനാൽ - കണ്ണൂർ

**ജൂനിയർ - ക്വിസ്സ്**

ഒന്നാം സ്ഥാനം - ഡാനിയ കൊച്ചിലാത്ത് - മണ്ഡപം
രണ്ടാം സ്ഥാനം - ഷിജി അരിയമണ്ണിൽ - വിളക്കന്നൂർ
മൂന്നാം സ്ഥാനം - റീന പരിയാനിക്കൽ - രയറോം

**സീനിയർ - ക്വിസ്**

ഒന്നാം സ്ഥാനം - ബീന കിഴക്കയിൽ - പേരാവൂർ
രണ്ടാം സ്ഥാനം - ജാൻസി മറ്റത്തിൽ - അൽഫോൻസഗിരി
മൂന്നാം സ്ഥാനം - എൽസി തൈപ്പറമ്പിൽ - ഉളിക്കൽ

**മാർഗ്ഗംകളി**

ഒന്നാം സ്ഥാനം- ദീപ മേച്ചേരി & ടീം - മണ്ഡപം
രണ്ടാം സ്ഥാനം- ഷാലറ്റ് ഓടയ്ക്കൽ & ടീം - കീഴ്പ്പള്ളി
മൂന്നാം സ്ഥാനം - ശാലിനി വൈശ്യംപറമ്പിൽ & ടീം - എണ്ണപ്പാറ

**കോൽക്കളി**

ഒന്നാം സ്ഥാനം - സോളി വയൽപുരയിടത്തിൽ - പേരാവൂർ
രണ്ടാം സ്ഥാനം - അൽഫോൻസ പുള്ളോലിൽ - ചെറുപുഴ
മൂന്നാം സ്ഥാനം - ജെസി പുളിക്കൽ - പൈസക്കരി

**നിശ്ചലദൃശ്യം**

ഒന്നാം സ്ഥാനം - ബിജി തേനേത്ത് - രത്നഗിരി
രണ്ടാം സ്ഥാനം - ഷിജി കാഞ്ഞമല - ആനപ്പന്തി
മൂന്നാം സ്ഥാനം - എൽസമ്മ വണ്ടാകുന്നേൽ - ഏറ്റുപാറ

**മാതൃവേദി ആന്തം**

ഒന്നാം സ്ഥാനം - സിന്ധു വേങ്ങത്താനം & ടീം - എടൂർ
രണ്ടാം സ്ഥാനം - ദിവ്യ പാലത്തിങ്കൽ & ടീം - ആലക്കോട്
മൂന്നാം സ്ഥാനം - സോളി കരവട്ടയിൽ & ടീം - പേരാവൂർ

**റമ്പാൻപാട്ട്**

ഒന്നാം സ്ഥാനം - അന്നമ്മ ആലയ്ക്കൽ - പാടിയോട്ടുചാൽ
രണ്ടാം സ്ഥാനം - ഷേർളി മടത്താങ്കൽ - മേലേചൊവ്വ
മൂന്നാം സ്ഥാനം - സോളി കരവട്ടയിൽ - കോളയാട്

**(f) നവംബർ മാസത്തെ മാർഗ്ഗരേഖ**

1 - കേരളപ്പിറവി - കേരളത്തിനായി പ്രാർത്ഥിക്കുക. ആഗോള കത്തോലിക്കാ സഭ സകല വിശുദ്ധരുടേയും തിരുനാൾ ആഘോഷിക്കുമ്പോൾ സകല വിശുദ്ധരുടേയും ലുത്തിനിയ പാടി പ്രാർത്ഥിക്കുക.

2 - ആഗോള കത്തോലിക്കാ സഭസകല മരിച്ചവരുടേയും തിരുനാൾ ആഘോഷിക്കുമ്പോൾ ദിനത്തോടനുബന്ധിച്ച് സെമിത്തേരി വൃത്തിയാക്കുകയും മരണമടഞ്ഞ പ്രിയപ്പെട്ടവർക്കായി വി. കുർബ്ബാനയും സെമിത്തേരിയിൽ ഒപ്പീസും ചൊല്ലിക്കുകയും ചെയ്യുക.

4 - വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനത്തിൽ എല്ലാ മതാധ്യാപകരെയും യൂണിറ്റ് തലത്തിൽ സമുചിതമായി ആദരിക്കുക.

5 – സഖറിയാസ് ഏലീശ്വാ നാമധാരികളെ ആദരിക്കുക. സഖറിയാസ് കൂട്ടായ്മകൾ നടത്തുക.

8 – ജീവോത്സവം വലിയ കുടുംബങ്ങളുടെ സംഗമം @ ചെമ്പേരി.

10 – **യൂണിറ്റിലെ മികച്ച അടുക്കളത്തോട്ടം കണ്ടെത്തി മേഖലയെ അറിയിക്കുന്നു.**

14 – ശിശുദിനം

20 – **ദമ്പതി ക്വിസ് @ തളിപ്പറമ്പ്**

25 – **മേഖലയിലെ മികച്ച അടുക്കളത്തോട്ടം കണ്ടെത്തി രൂപതയിൽ അറിയിക്കുന്നു.**

26 – അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ വി. ജോൺ ബെർക്കുമിൻസിന്റെ തിരുനാൾ – ഇടവകയിലെ എല്ലാ അൾത്താര ബാലന്മാരയും ആദരിക്കുക.

30 – വി. അന്ത്രയോസിന്റെ തിരുനാൾ – നാമധാരികളെ ആദരിക്കുക. യോഹ 1, 35–42 ബൈബിൾ ഭാഗം വായിച്ച് പഠിക്കുക. **മികച്ച അടുക്കളത്തോട്ടത്തിന്റെ അതിരൂപതാതല വിധിനിർണ്ണയം**

**പ്രത്യേക പ്രവർത്തനങ്ങൾ**

- ദമ്പതി ക്വിസ് നവംബർ 20 @ തളിപ്പറമ്പ്
  ഭാരത കത്തോലിക്കാ സഭ ഇന്നലെയും ഇന്നും എന്ന പുസ്തകത്തിലെ 1, 3, 4 അധ്യായങ്ങൾ. ദമ്പതികൾ ഒരുമിച്ചു പങ്കെടുക്കേണ്ട ക്വിസ് മത്സരം. (നവംബർ 20 ന് 10.00 am @ തളിപ്പറമ്പ്. മതാധ്യാപകരുടെ കയ്യിൽ പുസ്തകമുണ്ട്.)
- ജീവോത്സവം – 2K25 നാലോ അതിൽ കൂടുതലോ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളുടെ സ്നേഹ സംഗമം. നാലാമത്തെ കുട്ടി 2023 ഡിസംബർ 31 ന് ശേഷം ജനിച്ചതായിരിക്കണം. **നവംബർ 8 ശനിയാഴ്ച്ച** രാവിലെ 9.30 മണിക്ക് ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ. അയച്ചു തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് നവംബർ 1 ന് മുമ്പായി ഫാമിലി ഓഫീസിൽ എത്തിക്കുക (9400206974).
- ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസം ചൊല്ലി പ്രാർത്ഥിക്കാനും സെമിത്തേരി വൃത്തിയാക്കാനും ശ്രദ്ധിക്കുക.
- സീറോ മലബാർ സഭ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിക്കപ്പെട്ട നാൾ മുതലുള്ള ചരിത്രാവതരണ വീഡിയോ നിർമ്മാണ മത്സരം. നവംബർ 30 ന് മുമ്പായി ഓഫീസിലേക്ക് അയയ്ക്കുക.
- വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കുടുംബസംഗമം (ഡോക്ടേഴ്സ്, അഡ്വക്കേറ്റ്സ്, സമർപ്പിതരുടെ കുടുംബങ്ങൾ).

**(g) ഗ്ലോബൽ മീറ്റിങ്ങ്**

സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗ് 14, 15 തീയതികളിലായി ഇരിങ്ങാലക്കുട പാക്സിയിൽ വച്ച് നടത്തപ്പെട്ടു.

അതിരൂപത ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, സെനറ്റ് മെമ്പർ എന്നിവർ പങ്കെടുത്തു. കേരളത്തിന് അകത്തും പുറത്തും നിന്നുമുള്ള 20 രൂപതകളിൽ നിന്നുമായി 126 പേർ ഈ മീറ്റിങ്ങിൽ സംബന്ധിച്ചു.

**IV. മരിയൻ സിംഗിൾസ്**

തലശ്ശേരി അതിരൂപതയിൽ ഏകസ്ഥരായി ജീവിക്കുന്നവരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾസ് സെപ്റ്റംബർ 24നു 4 മണിയോടുകൂടെ ആരംഭിച്ചു. പ്രാർത്ഥനയും, ക്ലാസ്സും, ജപമാലയും ഉണ്ടായിരുന്നു. 25-ാം തീയ്യതി റവ. ഫാ. ഐസക്ക് മറ്റത്തിൽ അവർക്കായി ബൈബിളിലെ സ്ത്രീ സാന്നിധ്യത്തെക്കുറിച്ച് ക്ലാസ് നല്കി.

**V. അമല പ്രോലൈഫ്**

ശാലോം ടിവിയിൽ ഒക്ടോബർ മാസത്തിലെ ജപമാലയ്ക്കായി തലശ്ശേരി അതിരൂപതയിലെ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രോലൈഫ്, മാതൃവേദി സംഘടനകൾക്ക് അവസരം ലഭിക്കുകയുണ്ടായി. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ 15 അംഗങ്ങളടങ്ങുന്ന ടീം ശാലോമിൽ പോയി രണ്ടു ദിവസത്തെ ജപമാല ഷൂട്ട് ചെയ്തു,

**VI. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
Phone : 9400206974, 8078122191

**VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191

**VIII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**IX. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**പൊതുവിജ്ഞാന പരീക്ഷ - Master Minds 2K25**

Master Minds 2K25 എന്ന പേരിൽ 2025 – 2026 വർഷത്തെ പൊതു വിജ്ഞാന പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ ഹയർസെക്കന്ററി/ ഹൈസ്കൂൾ വിഭാഗം - മികവ്, യു.പി. വിഭാഗം - അറിവ്, എൽ.പി. വിഭാഗം – കൈത്തിരി എന്നീ പേരുകളിൽ എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം പൊതുവിജ്ഞാന പുസ്തകവും പഠിച്ച് വിവിധ എൻട്രൻസ് പരീക്ഷകളിൽ വിജയികളാകാൻ കുട്ടികൾക്ക് സഹായകരമാണ്.

**സ്കൂൾതല പരീക്ഷ : 2025 ഡിസംബർ 08–ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 02 മണിക്ക് (പരീക്ഷയുടെ ചോദ്യമാതൃകയുടെ 01 കോപ്പി സ്കൂളിൽ എത്തിക്കുന്നതാണ്).**

**കോർപ്പറേറ്റ് തല പരീക്ഷ : 2026 ജനുവരി 09–ാം തീയതി വെള്ളിയാഴ്ച** (02 മണി മുതൽ).

**അർദ്ധദിന പഠന ശിബിരം**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന അനധ്യാപകർക്കായി (ക്ലർക്ക്, ഓഫീസ് സ്റ്റാഫ്, മീനിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റൻന്റ്) അർദ്ധദിന പഠന ശിബിരം ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് 2025 ഡിസംബർ 13–ാം തീയതി ശനിയാഴ്ച നടത്തുന്നു. എല്ലാ അനധ്യാപകരും അന്നേ ദിവസം ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**തീയതി : ഡിസംബർ 13 (ശനിയാഴ്ച)**

**സമയം : 9.30 am**

**സ്ഥലം : ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഓഡിറ്റോറിയം**

**കരോൾഗാന മത്സരം**

ക്രിസ്മസ് കരോൾഗാന മത്സരം 2025 ഡിസംബർ 13–ാം തീയതി (ശനിയാഴ്ച) ഉച്ചകഴിഞ്ഞ് 1.30 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടുന്നു.

ഇരിട്ടി റീജിയൺ 04 ടീം, ചെമ്പേരി റീജയൺ 03 ടീം, ചെറുപുഴ റീജിയൺ 03 ടീം എന്നിങ്ങനെ മത്സരിക്കാവുന്നതാണ്. രജിസ്ട്രേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 05.

**പി.ടി. ചാക്കോ പ്രസംഗമത്സരം**

2025 - 2026 വർഷത്തെ പി.ടി. ചാക്കോ പ്രസംഗമത്സരം 2025 നവംബർ 22 ശനിയാഴ്ച നടത്തുന്നതാണ്.

ഹയർസെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി **ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി** സ്കൂളിലാണ് മത്സരം സംഘടിപ്പിക്കുന്നത്.

എൽ.പി., യു.പി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി **എടൂർ ഹൈസ്കൂൾ, വായാട്ടുപറമ്പ് ഹൈസ്കൂൾ, തോമാപുരം ഹൈസ്കൂൾ** എന്നീ സെന്ററുകളിലാണ് മത്സരം നടത്തുന്നത്.

**സന്മാർഗശാസ്ത്രം - വേദപാഠ പരീക്ഷകൾ**

ഈ വർഷത്തെ വേദപാഠ-സന്മാർഗ്ഗപാഠ **അർദ്ധവാർഷിക പരീക്ഷ നവംബർ 28-ാം** തീയതി **വെള്ളിയാഴ്ച** നടത്തണം. ചോദ്യപത്രങ്ങൾ സ്കൂൾ തലത്തിൽ അധ്യാപകർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്. മാർക്കുകൾ രജിസ്റ്ററിലും പ്രോഗ്രസ്സ് കാർഡിലും രേഖപ്പെടുത്തേണ്ടതാണ്. ഓരോ സ്കൂളുകളും അവരവരുടെ സമയമനുസരിച്ച് പരീക്ഷ നടത്താവുന്നതാണ്.

**വാർഷിക പരീക്ഷ - വേദപാഠ-സന്മാർഗ്ഗശാസ്ത്രം (കോർപ്പറേറ്റ്തലം)**

**സന്മാർഗ്ഗശാസ്ത്രം : 2026 ജനുവരി 06 ചൊവ്വ** (ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ) ക്ലാസ് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക്

**വേദപാഠം : 2026 ജനുവരി 07 ബുധൻ** (ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ) ക്ലാസ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക്

വാർഷിക പരീക്ഷയ്ക്ക് 1 മുതൽ 12 വരെ ക്ലാസുകളിൽ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ അതാത് സെന്ററുകളിൽ 2026 ജനുവരി 02-ാം തീയതി എത്തിക്കുന്നതാണ്. അവിടെ നിന്നും ചോദ്യപേപ്പറുകൾ സ്കൂളുകൾക്ക് എടുക്കാവുന്നതാണ്.

**മതബോധനം, സന്മാർഗപാഠം, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ**

**1.** അക്കാദമിക് പരീക്ഷ (13/02/2026 വെള്ളിയാഴ്ച 1.30 PM to 3.30 PM) IV, VII ക്ലാസുകളിലെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ അതാതു സ്കൂളുകളിൽ വെച്ച് നടത്തുന്നു. IV, VII ക്ലാസുകളിലെ മുഴുവൻ കുട്ടികളും അക്കാദമിക് പരീക്ഷ എഴുതേണ്ടതാണ്.

**സന്മാർഗശാസ്ത്ര മതബോധനം മറ്റ് ക്ലാസുകളിലെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷകൾ ഫെബ്രുവരി 14-ാം തീയതി വിവിധ സെന്റുകളിൽ വെച്ച് നടത്തുന്നു. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.**

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - OCTOBER 2025**

- UAE ആസ്ഥാനമായി പ്രവർത്തിക്കുന്ന Al-Nakheel Electronics നടത്തിയ Campus Recruitment -ൽ 19 കുട്ടികളെ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുത്തു. ഈ കുട്ടികളുടെ Interview കോഴ്സ് പൂർത്തിയായശേഷം നടത്തുന്നതാണ്. 2025-ബാച്ചിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ UAE-Office-ൽ ജോലിയിൽ പ്രവേശിച്ചു.
- Bangalore Based കമ്പനിയായ TECHNOLOGIES നടത്തിയ Campus Recruitment -ൽ 4 കുട്ടികൾക്ക് selection ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ 350 മണിക്കൂർ ദൈർഘ്യമുള്ള Training ജോയിൻ ചെയ്യുന്നതിനു മുമ്പായി പൂർത്തിയാക്കേണ്ടതുണ്ട്. കുട്ടികൾക്ക് online - ആയും Offline ആയും ഇത് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. Online class-കൾ December മാസത്തിൽ ആരംഭിക്കുന്നതാണ്.
- കേരളത്തിൽ നിന്നുള്ള പ്രമുഖ IT കമ്പനിയായ INNOVATURE SOFTWARE Labs, അവരുടെ കൊച്ചി Infopark ഓഫീസിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കായി Campus Recruitment നടത്തുന്നു. വിമൽ ജ്യോതിയിലെ കുട്ടികൾക്കായി October 29-ാം തീയതിയാണ് Test process സംഘടിപ്പിച്ചിരിക്കുന്നത്. വിമൽ ജ്യേതിയിലെ 100-ലധികം അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. Selection Process ഡിസംബർ അവസാനത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- Litmus 7 എന്ന IT കമ്പനിയായ അവരുടെ കൊച്ചി ഓഫീസിൽ നിലവിലുള്ള നിരവധി ഒഴിവുകളിലേയ്ക്കായി Campus Recruitment സംഘടിപ്പിക്കുന്നു. വിമൽ ജ്യോതിയിൽ നിന്നും 200-ഓളം വിദ്യാർത്ഥികൾ പ്രസ്തുത Recruitment ൽ പങ്കെടുക്കുന്നു. ജനുവരി/ഫെബ്രുവരി മാസങ്ങളിലായി Recruitment നടപടികൾ പൂർത്തികരിക്കും എന്നാണറിയുന്നത്.
- Qatar ആസ്ഥാനമായി പ്രവർത്തിക്കുന്ന Entech Industrial Suppliers എന്ന സ്ഥാപനം Electrical/Electronics മേഖലയിൽ പഠനം പൂർത്തിയാക്കുന്ന അവസാന വർഷ വിദ്യാർത്ഥികൾക്കായി October 29 -ാം തീയതി വിമൽ ജ്യോതിയിൽ Recruitment നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർ ജൂൺ 2026 ൽ Quatar Office-ൽ ജോലിയിൽ പ്രവേശിക്കണം. പ്രതിമാസം 70,000/ രൂപയോളം ശമ്പളം ലഭിക്കും.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**പുസ്തകം പ്രകാശനം ചെയ്തു**

നിർമലഗിരി കോളേജ് പൂർവ വിദ്യാർത്ഥി ശ്രീ.രാഘവൻ കാര്യാടൻ രചിച്ച 'നിർമ്മലഗിരിയിലെ നീലിമകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു, എഴുത്തുകാരിയും പ്രഭാഷകമായ രജനി ഗണേശന് നൽകി പുസ്തക പ്രകാശനം നിർവഹിച്ചു. നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്) മലയാള വിഭാഗത്തിന്റെയും പൂർവ്വ വിദ്യാർത്ഥി സംഘടനയുടെയും സംയുക്താഭിമുഖ്യത്തിലാണ് ചടങ്ങ് നടന്നത്. സിസ്റ്റർ ഡോ. സെലിൻ മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ മട്ടന്നൂർ പിആർഎൻഎസ്എസ് കോളേജ് മലയാള വിഭാഗം മുൻ അധ്യാപകൻ ഡോ. കൂമുള്ളി ശിവരാമൻ പുസ്തകം പരിചയപ്പെടുത്തി. നിർമ്മലമായ ഓർമ്മകളും ചിന്തകളുടെ നീലിമയും ലളിതമായി ആവിഷ്കരിക്കപ്പെട്ട ഒരു പുസ്തകമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു.

ഗ്രന്ഥകർത്താവും അഭിനേതാവും ഹയർസെക്കൻഡറി റിട്ടയേർഡ് പ്രിൻസിപ്പലുമായ രാഘവൻ കാര്യാടനെ പ്രിൻസിപ്പൽ പൊന്നാട അണിയിച്ച് ആദരിച്ചു. ഡോ. കുമാരൻ വയലേരി, കെ അബു, ശ്രീ. രാമചന്ദ്രൻ കടമ്പേരി, നിർമലഗിരി കോളേജ് അലുംമ്നൈ അസോസിയേഷൻ ട്രഷററും സുവോളജി വിഭാഗം അധ്യക്ഷനുമായ ഡോ. സിബി ഫിലിപ്പ്, അമയ പി. എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ചടങ്ങിന് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് സ്വാഗതവും മലയാള വിഭാഗം അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു നന്ദിയും പറഞ്ഞു.

**വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

നിർമലഗിരികോളേജ് (ഓട്ടോണമസ്) ബോട്ടണി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'മോസ് വേർസ്' എന്ന പേരിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. സസ്യലോകത്തിലെ ഉഭയജീവികൾ എന്നറിയപ്പെടുന്ന ബ്രയോഫയ്റ്റുകളെ ആഴത്തിൽ മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടെ നടത്തിയ വർക്ക്ഷോപ്പ് കോളേജ് ബർസാർ റവ. ഡോ. ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സി. സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. പയ്യന്നൂർ കോളേജിലെ

നാൽപതോളം വിദ്യാർത്ഥികൾ വർക്ക്ഷോപ്പിൽ പങ്കെടുത്തു. ബോട്ടണി വിഭാഗം അധ്യക്ഷ അസി. പ്രൊഫ. രശ്മി പി. തോമസ്, കെ, ഐക്യുഎസി കോർഡിനേറ്റർ ഡോ. ഫാ. മാർട്ടിൻ ജോസഫ്, മഞ്ജുഷ, അമൃത കൂവ തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് ബ്രയോഫയ്റ്റ് taxonomy, identification എന്നീ വിഷയങ്ങളിൽ ഡോ. ആർ. ഡി. അൻപിൻ രാജ ക്ലാസുകൾ കൈകാര്യം ചെയ്തു. ക്ലാസ്സുകളുടെ അവസാനം കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ലോക മാനസികാരോഗ്യ ദിനാചരണം സംഘടിപ്പിച്ചു**

നിർമ്മലഗിരി കോളേജിലെ (ഓട്ടോണമസ്) വനിതാസെല്ലും ജീവനി പ്രോജക്ടും സംയുക്തമായി ലോക മാനസികാരോഗ്യദിനം ആചരിച്ചു. പ്രിൻസിപ്പൽ ഡോ. സി. സെലിൻ മാത്യു സി അധ്യക്ഷത വഹിച്ചു. മാനസികാരോഗ്യത്തിന് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി കൺസൾട്ടന്റും സൈക്കോളജിസ്റ്റും റിസർച്ച് സ്കോളറുമായ ശ്രീമതി നിമിഷ പി, 'യുവാക്കളുടെ മാനസികാരോഗ്യം: നേരിടുന്ന വെല്ലുവിളികളും നേടേണ്ട നൈപുണികളും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. പ്രശ്നങ്ങളെ നേരിടാനുള്ള സംവിധാനങ്ങൾ, വൈകാരിക നിയന്ത്രണം, പ്രതിരോധ ശേഷി വളർത്തൽ എന്നിവക്ക് ഇന്നുള്ള പ്രാധാന്യത്തെക്കുറിച്ചും അവർ സംസാരിച്ചു. വനിതാ സെൽ കൺവീനർ ഡോ. സിസ്റ്റർ സുജ മോൾ ജോസഫ്, ജീവനി പ്രോജക്ടിലെ സൈക്കോളജിസ്റ്റ് പരിമള ഭാസ്കരൻ വിദ്യാർത്ഥി പ്രതിനിധി ലിയ അഫ്സൽ എന്നിവർ സംസാരിച്ചു.

**സംവാദം സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് പബ്ലിക് റിലേഷൻസ് വിഭാഗത്തിന്റെയും മലയാള മനോരമയുടെയും സംയുക്താഭിമുഖ്യത്തിൽ 'ജെൻസി ഫ്യൂഷൻ 2025' എന്ന പേരിൽ സംവാദം സംഘടിപ്പിച്ചു.

അധ്യാപകനും പ്രമുഖ എഴുത്തുകാരനുമായ വിനോയ് തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി അധ്യക്ഷത വഹിച്ചു. മലയാള മനോരമ സീനിയർ സബ് എഡിറ്റർ സാബു ടി. ജോൺ സ്വാഗതവും. മലയാളം വിഭാഗം അധ്യക്ഷയും കോളേജ് പി ആർ ഒ യു മായ ഡോ. ദീപാ മോൾ മാത്യു ആശംസയും പറഞ്ഞു. കെമിസ്ട്രി വിഭാഗം റിട്ട. പ്രൊഫസർ പി എ അഗസ്റ്റിൻ, നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് വൈസ് പ്രിൻസിപ്പൽ ഡോ. ടെസ്സി ജോർജ്, ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഇമ്മാനുവൽ ടോം, കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ റോഷിൻ തോമസ് എന്നിവരും വിദ്യാർത്ഥികളും സംവാദത്തിൽ പങ്കെടുത്തു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

TRACE
THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

## ഹെൽപ്പ് ഡെസ്ക്

തലശ്ശേരി അതിരൂപതയിൽ കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രി (CMHM), ജൊവാൻ സ്ഥാപിച്ചു. ഒക്ടോബർ 13 തിങ്കളാഴ്ച ചെമ്പേരി വിമർജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവാണ് ഉദ്ഘാടനം നിർവഹിച്ചത്. സി.എം.എച്ച്. നാഷണൽ വൈസ് പ്രസിഡന്റ് എഡ്വിൻ വാക്കർ, നാഷണൽ സെക്രട്ടറി സി. ജവാൻ ചുങ്കപ്പുര എന്നിവർ സന്നിഹിത രായിരുന്നു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം നൽകുക. ആവശ്യമുള്ളവർക്ക് കൗൺസിൽ സംവിധാനം ഒരുക്കുക. ഇന്റേൺഷിപ്പ്, കൗൺസിലിംഗ് പരിശീലനം എന്നിവയ്ക്ക് അവസരം നൽകുക, സ്കൂൾ കോളേജ് വിദ്യാർത്ഥി കൾക്ക് വേണ്ടിയുള്ള ഗ്രൂപ്പ് കൗൺസിലിംഗ് എന്നീ സൗകര്യങ്ങൾ ഇതിലൂടെ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക.

**+91 94475 28200.**

## എജ്യൂസ്പാർക്ക്

+2-വിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ഓൺലൈൻ കരിയർ ഗൈഡൻസ് പ്രോഗ്രാം. തുടർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടികളുടെ സംശയങ്ങൾക്ക് ഓൺലൈനായി മറുപടി നൽകുന്ന താണ്. വിവിധ കോഴ്സുകളെകുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ നൽകിയിരിക്കുന്ന വാട്സ്ആപ്പ് നമ്പറിൽ എഴുതി അറിയിക്കുക.

**+91 94475 28200.**

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചെറുപുഴ സെന്റ് മേരിസ് ഫൊറോന പള്ളിയുടെ പാരിഷ് ഹാളിൽ പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ചെറുപുഴ ഫൊറോനവികാരി വെരി റവ. ഫാ. ഫിലിപ്പ് ഇരുപ്പകാട്ട് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തിയ യോഗത്തിൽ ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചകുന്നേൽ ചെറുപുഴ മേഖല ഡയറക്ടർ ഫാ. തോമസ് പൂവൻപുഴ, ജോയിച്ചൻ പറമ്പിൽ മേഖലാ പ്രസിഡണ്ടുമാർ, തുടങ്ങിയവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് നടപ്പിലാക്കുക, വന്യമൃഗശല്യവും ഭൂപ്രശ്നങ്ങളും അവസാനിപ്പിക്കുക, റബർ, നെല്ല് ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങളുടെ വില തകർച്ചയ്ക്ക് പരിഹാരം കാണുക, വിദ്യാഭ്യാസ രംഗങ്ങളിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളോടുള്ള അവഗണനയും ശത്രുതാമനോഭാവവും അവസാനിപ്പിക്കുക, കാസർഗോഡ് മുതൽ വയനാട് വരെയുള്ള 400 കെ. വി. ലൈൻ കടന്നുപോകുന്ന ഇടങ്ങളിലെ സ്ഥലം ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽസമിതി നയിക്കുന്ന പൗരാവകാശസംരക്ഷണയാത്ര തലശ്ശേരി അതിരൂപതയിൽ ഒക്ടോബർ 13 ന് വൈകുന്നേരം നാലുമണിക്ക് പാണത്തൂർ വച്ച് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. തുടർന്ന് 14 രാവിലെ ഒമ്പതിന് തോമാപുരം, 11 മണിക്ക് തേർത്തല്ലി, ഒരു മണിക്ക് ചെമ്പേരി, മൂന്നു മണിക്ക് ഉളിക്കൽ എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം വൈകുന്നേരം അഞ്ചു

മണിക്ക് പേരാവൂരിൽ സമാപിക്കുന്ന വിധത്തിൽ കാര്യങ്ങൾ ക്രമീകരിച്ചു. വിവിധ കേന്ദ്രങ്ങളുടെ സ്വീകരണ പ്രോഗ്രാമുകൾ ഏറ്റവും ഭംഗിയായി നടത്തുന്നതിന് സ്വീകരണ കേന്ദ്രങ്ങൾ അടിസ്ഥാനമാക്കി സംഘാടക സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. നവംബർ മാസത്തെ അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**അവകാശ സംരക്ഷണ ജാഥ സംഘാടകസമിതികൾ**

**പാണത്തൂർ:** ഫാ. ജോസഫ് പൂവ്വത്തോലിൽ രക്ഷാധികാരിയായും ഫാ. നോബിൾ പന്തലാടിക്കൽ ചെയർമാനായും ജോണി തോലമ്പുഴ ജനറൽ കൺവീനറായും സജി മാതാളികുന്നേൽ, സ്റ്റീഫൻ കീച്ചേരികുന്നേൽ എന്നിവർ കൺവീനർമാരായും 101 അംഗ സംഘാടകസമിതി രൂപീകരിച്ചു.

**തോമാപുരം:** റവ. ഫാ. മാണി മേൽവട്ടം മുഖ്യരക്ഷാധികാരിയായും റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, റവ. ഫാ. ജോസ് തൈക്കുന്നുംപുറം, എന്നിവർ രക്ഷാധികാരിമാരായും ഫാ. മാത്യു വളവനാൽ ചെയർമാനായും തോമസ് പൂവൻപുഴ വൈസ് ചെയർമാനായും സാജു പടിഞ്ഞാറെട്ട് ജനറൽ കൺവീനറായും സാജു പുത്തൻപുര, ബെന്നി തുളുമ്പുംമാക്കൽ എന്നിവർ കൺവീനർമാരായും 201 അംഗ സംഘാടകസമിതി രൂപീകരിച്ചു.

**തേർത്തല്ലി:** റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ മുഖ്യരക്ഷാധികാരി യായും റവ. ഫാ. ആൻറണി പുന്നൂര്, റവ. ഫാ. മാത്യു ആശാരിപറമ്പിൽ, റവ. ഫാ. തോമസ് തെങ്ങുംപള്ളി എന്നിവർ രക്ഷാധികാരിമാരായും ഫാ. ജോർജ് തൈക്കുന്നുംപുറം ചെയർമാനായും ഫാ. ജിബിൻ വട്ടംകാട്ടിൽ, ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി, ഫാ. ജിതിൻ പുഞ്ചത്തറപ്പേൽ എന്നിവർ വൈസ് ചെയർമാൻമാരായും തോമസ് ഒഴുകയിൽ ജനറൽ കൺവീനറായും ജോളി ജോസഫ് എരിഞ്ഞേരിയിൽ, ബേബി കോയിക്കൽ, ജയ്സൺ അട്ടാറിമാക്കൽ, എന്നിവർ കൺവീനർമാരായും 251 അംഗ സംഘാടകസമിതി രൂപീകരിച്ചു.

**ചെമ്പേരി:** ബസിലിക്ക റെക്ടർ റവ. ഡോക്ടർ ജോർജ് കാഞ്ഞിരക്കാട്ട് മുഖ്യ രക്ഷാധികാരിയായും റവ. ഫാ. നോബിൾ ഓണംകുളം, റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ എന്നിവർ രക്ഷാധികാരിമാരായും ഫാ. പോൾ വള്ളോപ്പിള്ളി ചെയർമാനായും ഫാ. ജോബി ചെരുവിൽ, ഫാ. ജയ്സൺ വാഴകാട്ട് എന്നിവർ വൈസ് ചെയർമാൻമാരായും ബിജു മണ്ഡപത്തിൽ ജനറൽ കൺവീനറായും ജോസഫ് മാത്യു കൈതമറ്റം, ബെന്നി ചേരിക്ക തടത്തിൽ എന്നിവർ കൺവീനർമാരായും 101 അംഗ സംഘാടകസമിതി രൂപീകരിച്ചു.

**ഉളിക്കൽ:** റവ. ഫാ. ജോസഫ് കാവനാടിയിൽ മുഖ്യ രക്ഷാധികാരിയായും റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ സഹരക്ഷാധികാരിയായും ഫാ. ജോസ് കളരിക്കൽ ചെയർമാനായും തോമസ് വർഗീസ് വരമ്പുങ്കൽ ജനറൽ കൺവീനറായും ബിജു ഒറ്റപ്ലാക്കൽ കൺവീനറായും 101 അംഗ സംഘാടകസമിതി രൂപീകരിച്ചു.

സംഘാടകസമിതി രൂപീകരണ യോഗങ്ങളിൽ ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ വൈസ് പ്രസിഡണ്ട്മാരായ ബെന്നിച്ചൻ മഠത്തിനകം, ഐ.സി. മേരി, ടോമി കണയങ്കൽ, ഷിനോ പാറക്കൽ എന്നിവർ നേതൃത്വം വഹിച്ചു.

**പൗരാവകാശ സംരക്ഷണയാത്രയ്ക്ക് സ്വീകരണം നൽകി**

നീതി ഔദാര്യമല്ല അവകാശമാണ് എന്ന മുദ്രാവാക്യവും ഉയർത്തി കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫസർ രാജീവ് കൊച്ചുപറമ്പിൽ നയിക്കുന്ന പൗരാവകാശ സംരക്ഷണയാത്ര ഒക്ടോബർ 13 ന് പാണത്തൂർ വച്ച് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനി പിതാവ്, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജാഥാ ക്യാപ്റ്റൻ പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജനറൽ സെക്രട്ടറി ജിമ്മി അയിത്തമറ്റം ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ പിയൂസ് പറയിടം, ഷീജ കാറുകളം, ടോമി കണയങ്കൽ, ജോണി തോലമ്പുഴ തുടങ്ങിയവർ സംസാരിച്ചു.

മാർ ജോസഫ് പാംപ്ലാനി പിതാവ് ജാഥ ക്യാപ്റ്റൻ പ്രൊഫ. രാജീവ് കൊച്ചുപറമ്പിലിന് പതാക കൈമാറിക്കൊണ്ട് അവകാശ സംരക്ഷണയാത്ര ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് തോമാപുരത്തെ സ്വീകരണയോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡോക്ടർ മാണി മേൽവട്ടം, ഫാ. ഫിലിപ്പ് കവിയിൽ ജാഥാ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ, ടോണി ജോസഫ് പുഞ്ചകുന്നേൽ, ജിമ്മി ആയിത്തമറ്റം, ടോമി കണയങ്കൽ, സാജു പടിഞ്ഞാറെട്ട് എന്നിവർ സംസാരിച്ചു. മേരിഗിരി യിൽ ആയിരങ്ങൾ പങ്കെടുത്ത റാലിയോടുകൂടി സ്വീകരണയോഗം റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ ഉദ്ഘാടനം ചെയ്തു. ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ഫിലിപ്പ് കവിയിൽ ജാഥാ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ, ടോണി പുഞ്ചകുന്നേൽ, ഐസി മേരി, ഷീജ കാറുകളം, സിജോ കണ്ണേഴം, തോമസ് ഒഴുകയിൽ, ജോഷി ആനിത്തോട്ടം എന്നിവർ സംസാരിച്ചു.

ചെമ്പേരിയിൽ രാവിലെ 11 മണിക്ക് നൂറുകണക്കിന് ആളുകളുടെ അകമ്പടിയോടെ, വാദ്യമേളങ്ങളോടെ പൗരാവകാശ സംരക്ഷണയാത്രയ്ക്ക് സ്വീകരണം നൽകി. ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചെമ്പേരി ലൂർദ് മാതാ ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് സ്വീകരണയോഗം ഉദ്ഘാടനം ചെയ്തു. ഫാ. ഫിലിപ്പ് കവിയിൽ, ജാഥാ ക്യാപ്റ്റൻ രാജീവ്

കൊച്ചുപറമ്പിൽ, റവ. ഫാ. നോബിൾ ഓണംകുളം, റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ, ഫാ. പോൾ വള്ളോപ്പിള്ളി, ഫാ. ജോബി ചെരുവിൽ, ഫാ. ജയ്സൺ വാഴക്കാട്ട്, ബിജു മണ്ഡപത്തിൽ, ജോസഫ് മാത്യു കൈതമറ്റം, ബെന്നി ചേരിക്കതടത്തിൽ, ഷാജു വടക്കേൽ, ഷിനോ പാറക്കൽ എന്നിവർ സംസാരിച്ചു.

ഉളിക്കല്ലിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സ്വീകരണയോഗം ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. ഫിലിപ്പ് കവിയിൽ, ജാഥാ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ, ടോണി ജോസഫ് പുഞ്ചകുന്നേൽ, റവ. ഫാ. ജോസഫ് കാവനാടിയിൽ, റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ, ഫാ. ജോസ് കളരിക്കൽ, ബെന്നിച്ചൻ മഠത്തിനകം, തോമസ് വർഗീസ് വരമ്പുങ്കൽ, ബിജു ഒറ്റപ്ലാക്കൽ എന്നിവർ സംസാരിച്ചു.

പേരാവൂരിൽ പതിനായിരങ്ങൾ പങ്കെടുത്ത വൻ റാലിയോടെ അവകാശ സംരക്ഷണ യാത്രയുടെ തലശ്ശേരി അതിരൂപതയിലെ സമാപന സ്വീകരണ യോഗം തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് മുഖ്യഭാഷണം നടത്തിയ യോഗത്തിൽ റവ. ഫാ. ഫിലിപ്പ് കവിയിൽ ജാഥാ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ, തുടങ്ങിയവർ സംസാരിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി ജോസുകുട്ടി ഒഴുകയിൽ, ട്രഷറർ ടോണി പുഞ്ചക്കുന്നേൽ, ആർച്ച് പ്രീസ്റ്റ് റവ ഫാ. മാത്യു തെക്കേമുറിയിൽ, ഫാ. സെബാസ്റ്റ്യൻ മുക്കിലിക്കാട്ട്, റവ. ഫാ. തോമസ് വടക്കേമുറി ഫാ. തോമസ് പട്ടാംകുളം അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ജോണി വടക്കേക്കര സംഘാടകസമിതി ജനറൽ കൺവീനർ ജോർജ് കാനാട്ട്, ഗ്ലോബൽ സെക്രട്ടറി ഷീജ കാറുകളം ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം ബെന്നി പുതിയപുറം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഈ പ്രോഗ്രാം വിജയിപ്പിക്കുന്നതിന് വേണ്ടി ആത്മാർത്ഥമായി ശ്രമിച്ച ബഹു. എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും കത്തോലിക്ക കോൺഗ്രസി ന്റെ അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും പ്രവർത്തകർക്കും വിവിധ സംഘടനകൾക്കും കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി നന്ദി അറിയിച്ചു.

**അനുശോചനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് മുൻ ഗ്ലോബൽ വൈസ് പ്രസിഡണ്ട് ചാക്കോച്ചൻ കാരാമയുടെ മകളുടെ ആകസ്മിക നിര്യാണത്തിൽ കത്തോ ലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത അനുശോചനം അർപ്പിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

ഈ വർഷത്തെ ഓഡിറ്റിംഗിൽ വന്ന കുറവുകൾ വരാതെ 2025-26 വർഷത്തെ റിപ്പോർട്ടും കണക്കുകളും കൃത്യമായി ക്രമീകരിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. എല്ലാ ബില്ലും വൗച്ചറുകളും കൃത്യമായി എഴുതി സൂക്ഷിക്കണം.
2. ഇടവകയുടെ പേരിൽ കൊടുക്കുന്ന എല്ലാതുകകളും പള്ളി കണക്കിൽ ചേർക്കണം.
3. എയ്ഞ്ചൽ ഡയാലിസിസിന് ഇടവകയിൽനിന്ന് കൊടുക്കുന്ന തുകയും പള്ളികണക്കിലുള്ള തുകയും ഒന്നായിരിക്കണം. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
4. ബാങ്ക് ബാലൻസ് ഷീറ്റും കണക്ക് ബുക്കിലെ ബാലൻസ് ഷീറ്റും ഒരുപോലെ ആയിരിക്കണം.
5. നിർദ്ദിഷ്ട Software -ൽ 19 ഫൊറോനാകളും കണക്കുകൾ രേഖപ്പെടുത്തണം. എന്തെങ്കിലും സംശയമുണ്ടെങ്കിൽ മിസ്റ്റർ ജസ്റ്റിനുമായി (Mob. No. 7306705042) സംസാരിച്ച് പരിഹരിക്കണം.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**അതിരൂപതാ വിസിറ്റ്**

28-08-2025 വ്യാഴാഴ്ച്ച ഉച്ചക്ക് 02.00 മുതൽ 04.30 വരെ നെല്ലിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ വച്ച് അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ സേവ്യർ പുത്തൻപുരയ്ക്കൽ വിസിറ്റ് നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ (കണ്ണൂർ സോൺ ആനിമേറ്റർ), സി. മരിയറ്റ് എം.എസ്. എം.ഐ. (ആനിമേറ്റർ സിസ്റ്റർ), സന്തോഷ് തലച്ചിറ (നാഷണൽ സർവ്വീസ് ടീം) കണ്ണൂർ സോണൽ സർവീസ് സമിതി, കെ.എ.സി. അംഗങ്ങൾ, സബ്സോൺ കോർഡിനേറ്റേഴ്സ്, സബ് സോൺ സെക്രട്ടറിമാർ മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് എന്നിവർ പങ്കെടുത്തു.

**മാതൃപാദേ**

7-10-25 ന് നെല്ലിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ നിന്ന് ജപമാല റാലി അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കലിന്റെയും, റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപ്പാറയുടെയും നേതൃത്വത്തിൽ ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്ക് നടത്തി. 20-10-25 ന് കീഴ്പള്ളി വി. ചാവറ പള്ളിയിൽനിന്ന് എടൂർ സെന്റ് മേരീസ് എപ്പിസ്കോപ്പൽ ദൈവാലയത്തിലേക്കും കിളിയന്തറ ദൈവാലയത്തിൽ നിന്ന് മാടത്തിൽ പള്ളിയിലേക്കും ജപമാല റാലി നടത്തി. 7-10-25 ന് ചട്ടമല ദിവ്യകാരുണ്യ കൂടാരത്തിൽവച്ചും, നെല്ലിക്കാംപൊയിൽ ദൈവാലയത്തിൽ വച്ചും രാവിലെ 8 മണി മുതൽ വൈകിട്ട് 4 വരെ അഖണ്ഡ ജപമാല നടന്നു.

**കുടുംബ സംഗമം**

28-8-2025 ന് വൈകുന്നേരം 3 മണി മുതൽ 8 മണി വരെ പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വച്ച് കുടുംബ സംഗമം നടന്നു. വെരി റവ. ഫാ. മാത്യു തെക്കേമുറി, റവ. ഡോ. ജോബി കോവാട്ട്, റവ. ഡോ സി. ട്രീസ പാലയ്ക്കൽ, റവ. ഫാ ജോസഫ് കൊളുത്താപ്പള്ളി, റവ. ഫാ. ജോബി കാരക്കാട്ട് എന്നിവർ നേതൃത്വം നൽകി. 22-8-25 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് ലോർഡ്സ് കപ്പിൾസ് കൂട്ടായ്മ നടന്നു. കപ്പിൾ സ്മിനിസ്ട്രി സെൻട്രൽ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**സിസ്റ്റേഴ്സ് മിനിസ്ട്രി**

കാസർഗോഡ് സോണിൽ സി. ലിസ്സി കരോട്ട് കോർഡിനേറ്ററായും സി. രമ്യ സെക്രട്ടറിയായും സി. ഡോണ മരിയ ട്രഷറർ ആയും ചുമതല യേറ്റു. 8-9-2025 നല്ലോമ്പുഴ വിൻസെൻഷ്യൻ ഭവനത്തിൽ വച്ച് സിസ്റ്റേഴ്സ് മിനിസ്ട്രിയുടെ ആദ്യത്തെ സർവ്വീസ് ടീം കൂട്ടായ്മയും നടത്തുകയുണ്ടായി ചെറുപുഴ സബ് സോൺ സിസ്റ്റേഴ്സ് കോർഡിനേറ്ററായി സി. സജീന MSJയും തോമാപുരം സബ് സോൺ സിസ്റ്റേഴ്സ് കോർഡിനേറ്ററായി സി. ജോൺസി ജോർജും തിരെഞ്ഞെടുക്കപ്പെട്ടു.

**കെറിഗ്മ കോഴ്സ്**

സെപ്റ്റംബർ 14 മുതൽ 18 വരേ കെറിഗ്മ കോഴ്സ് കള്ളാർ തിരുഹൃദയ ആശ്രമത്തിൽ വച്ച് നടന്നു 30 പേർ പങ്കെടുത്തു. കെറിഗ്മ സോൺ കോർഡി നേറ്റർ ഷിബു ചെമ്മരപ്പിള്ളി, ആശ്രമ ധ്യാനഗുരു റവ ഫാ. ജോർജ് കുടുന്തയിൽ സിംഗിൾസ് മിനിസ്ട്രി കോർഡിനേറ്റർ മേരി മലയാപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

22-9-25 മുതൽ 26-9-25 വരെ കെറിക്മ കോഴ്സ് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു നടന്നു. സോൺ ആ നിമേറ്റർ റവ. ഫാ ജോസഫ് കൊളുത്താപ്പള്ളി അഭിഷേക പ്രാർത്ഥന നടത്തി. കെറിഗ്മ സെൻട്രൽ മിനിസ്ടി നേതൃത്വം നൽകി. 80 പേർ പങ്കെടുത്തു.

**പ്രീച്ചേഴ്സ് മീറ്റ്**

6-10-25 മുതൽ 10-10-25 വരെ പ്രീച്ചേഴ്സിന്റെ ധ്യാനം ചട്ടമലയിൽ വച്ചു നടന്നു. മോൺ മാത്യു ഇളംതുരുത്തിപ്പടവിൽ, റവ. ഫാ. ഓസ്റ്റിൻ, തോമസ് പടിഞ്ഞാറ്റുമാലി, മേരി ടീച്ചർ നേതൃത്വം നൽകി

**കെ.സി.എസ്.സി. വിസിറ്റ്**

കണ്ണൂർ സോണിൽ 26-09-2025 വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.00 മുതൽ 05.00 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സിക്രട്ടറിയും ടീമംഗങ്ങളും വിസിറ്റ് നടത്തി.ഈ കൂട്ടായ്മയിലക്ക് സോണൽ സർവ്വീസ് സമിതി അംഗങ്ങൾ, സബ് സോൺ സർവ്വീസ് സമിതി അംഗങ്ങൾ, കെ.എ.സി. അംഗങ്ങൾ, എല്ലാ മിനിസ്ട്രികളുടെയും സർവ്വീസ് സമിതി അംഗങ്ങൾ, ഇടവക പ്രാർത്ഥനാ കൂട്ടായ്മ കോർഅംഗങ്ങൾ എന്നിവർ, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ അച്ചന്റെ നേതൃത്വത്തിൽ പങ്കെടുത്തു. കാസർഗോഡ് സോണിലെ വിസിറ്റ് തോമാപുരം ദൈവാലയത്തിൽ വച്ച് 26.9.2025 ന് രാവിലെ 9 മണി മുതൽ 1 മണി വരെയും, തലശ്ശേരി സോണിലെ വിസിറ്റ് 27-9-2025 ന് രാവിലെ 10 മണി മുതൽ 1 മണി വരെ ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചും നടന്നു.

**ജൂബിലി കോർ ഗ്രൂപ്പ് ഫോർമേഷൻ**

തലശ്ശേരി കണ്ണൂർ സോണുകളിലെ പ്രാർത്ഥനാ കൂട്ടായ്മയിലെ നേതൃത്വത്തിന് 17-10-25 ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെ കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി റവ. ഫാ ജോൺസൺ തുണ്ടയിൽ, കെ.സി.എസ്.സി ജോയിന്റ് കോർഡിനേറ്റർ ഷാജി സ്കറിയ, തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ ജോസഫ് കൊളു ത്താപ്പള്ളി, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപ്പാറ എന്നിവർ നേതൃത്വം നൽകി

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ജപമാല മാസാചരണം**

ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയുടെ നേതൃത്വത്തിൽ നേതൃത്വത്തിൽ ഒക്ടോബർ ഒന്നു മുതൽ 31 വരെയുള്ള ദിവസങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ പരിശുദ്ധ അമ്മയുടെ മാധ്യമം യാചിച്ചുകൊണ്ട് ജപമാല രഹസ്യങ്ങൾ പ്രാർത്ഥിക്കുകയും നിയോഗങ്ങൾ സമർപ്പിക്കുകയും ചെയ്തു കേരളത്തിലെ എല്ലാ ബധിര വിശ്വാസ കൂട്ടായ്മകളിലേക്കും പ്രാർത്ഥന വീഡിയോ പങ്കുവെച്ചു.

**ശാലോം ടെലിവിഷൻ**

ജപമാല മാസത്തിൽ ഒക്ടോബർ 8-ാം തീയതി രാവിലെ 5 മണിക്കും വൈകുന്നേരം 7 മണിക്കും ശാലോം ടെലിവിഷനിൽ ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിലുള്ള ആംഗ്യഭാഷ ജപമാല സംപ്രേക്ഷണം ചെയ്യപ്പെട്ടു.

**ബാംഗ്ലൂർ എഫ്ഫാത്ത ഏഴാം വാർഷികം**

ബാംഗ്ലൂർ വഫാത്ത് മിഷന്റെ ഏഴാം വാർഷികം പന്ത്രണ്ടാം തീയതി ഞായറാഴ്ച സെമിനാരി റെക്ടർ ഫാ. റോൾഫി അർപ്പിച്ച വിശുദ്ധ ബലിയോടെ ആരംഭിച്ചു. ഗാനങ്ങളും, വായനകളും, പ്രാർത്ഥനകളും തങ്ങളുടെ മാതൃഭാഷയായ ആംഗ്യഭാഷയിൽ അർപ്പിച്ച് അംഗങ്ങൾ ബലിയർപ്പണത്തിൽ പങ്കുചേർന്നു. വാർഷിക ആഘോഷത്തിന് ബാംഗ്ലൂർ അതിരൂപത ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ആർനോൾഡ് അദ്ധ്യക്ഷപദം അലങ്കരിച്ചു. സെന്റ് പാർട്രിക് വികാരി വെരി റവ. ഫാ. ക്രിസ്റ്റി രാജ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറയിൽ ആശംസകൾ അർപ്പിച്ചു. അംഗങ്ങളുടെ കലാപരിപാടികളും, അംഗങ്ങൾക്കായി മത്സരയിനങ്ങളും നടത്തി. പ്രസിഡണ്ട് റീഗൻ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി നീതു സ്വാഗതവും, ശ്രീ. ജോൺ നന്ദിയും അർപ്പിച്ചു. സ്നേഹവിരുന്നോടെ പരിപാടികൾ അവസാനിച്ചു.

**കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രി ആദരം**

കാത്തലിക് ബിഷപ്പ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിലുള്ള മിനിസ്ട്രിയുടെ തലശ്ശേരി അതിരൂപത ഉദ്ഘാടന

സമ്മേളനത്തിൽ പങ്കാളിയായി. അതിരൂപതയിലെ മാനസിക ആരോഗ്യ മേഖലയിൽ പ്രവർത്തനങ്ങൾ വിപുലിക്കുന്നതിന്റെ ഭാഗമായുള്ള ഈ കൂട്ടായ്മയിൽ വച്ച് കൗൺസിലിംഗ് രംഗത്ത് വലിയ സംഭാവനകൾ നൽകിയ ഹൃദയാരാം കൗൺസിലിംഗ് സെന്ററുകൾക്ക് തുടക്കം കുറിച്ച തിരുഹൃദയ സന്യാസിനി സമൂഹം പ്രൊവിൻഷ്യൽ സി. ട്രീസ പാലക്കലിനൊപ്പം ബധിര സമൂഹത്തിനായി എഫ്ഫാത്ത കൗൺസിലിംഗ് മിഷൻ ആരംഭിച്ച ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ ആദരവ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനിയിൽ നിന്നും ഏറ്റുവാങ്ങി. ആദരവ് ഒരുക്കി ആദം മിനിസ്ട്രിയ്ക്ക് പ്രോത്സാഹനം നൽകിയ ഡയറക്ടർ ഫാ. സുബിൻ റാത്തപ്പള്ളിക്കും ബോർഡ് അംഗങ്ങൾക്കും നന്ദി.

**അപ് ഹാക്കി ത്രിശൂർ**

ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച തൃശൂർ ബധിര സമൂഹത്തിന്റെ മാതാപിതാക്കളുടെ സംഘടനയായ അപ്ഹാക്കിയുടെ ആഭിമുഖ്യത്തിൽ ബധിര സമൂഹത്തിനായും അവരുടെ മാതാപിതാക്കൾക്കായും ഏകദിന സെമിനാർ സംഘടിപ്പിച്ചു. കുടുംബജീവിതത്തിന്റെ വിവിധ മേഖലകൾ സമൂഹജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ജോലി സ്ഥലത്ത് പാലിക്കേണ്ട മര്യാദകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുത്തു. മാതാപിതാക്കൾക്കായി വ്യത്യസ്തരായ മാതാപിതാക്കൾ എന്ന വിഷയത്തിൽ ക്ലാസുകൾ നൽകി. മുൻകൂട്ടി ബുക്ക് ചെയ്തവർക്കായി കൗൺസിലിംഗ് നൽകി.

**വയനാട് റീജിയൻ**

വയനാട് എഫ്ഫാത്ത മിഷൻ ആഭിമുഖ്യത്തിൽ ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച ബത്തേരി അസംഷൻ ദൈവാലയത്തിൻ വിശുദ്ധ ബലിയും, ക്ലാസും നൽകി.

**ലോഗോസ് ക്വിസ് വിജയികൾ**

**കുട്ടികൾ :** 1 ക്രിസ്റ്റീന കുര്യൻ വിലങ്ങുപാറ, അങ്ങാടിക്കടവ് - 41
2 ജോസ്വിൻ ജിൻസ് തയ്യിൽ, ചെറുപുഴ - 35

**മുതിർന്നവർ :** 1 നിമ്മി ഏലിയാസ്, മുളപ്ര - 96
2 മാർട്ടിൻ മഞ്ഞക്കാട്ടിൽ, കുടിയാന്മല - 52
3 വീണ മാർട്ടിൻ മണ്ണഞ്ചേരിൽ, ചന്ദനക്കാംപാറ - 49

വിജയികളായവർക്കും പങ്കുചേരുന്നവർക്കും പ്രത്യേക അഭിനന്ദനങ്ങൾ. കുട്ടികളെ പഠിപ്പിച്ചു ഒരുക്കി പരീക്ഷ എഴുതിച്ച ഇരിട്ടി ചാവറ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിലെ ബഹു. സി.എം.സി. സിസ്റ്റേഴ്സിന് പ്രത്യേക അഭിനന്ദനങ്ങൾ.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ–ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

കേരള സമൂഹം ലഹരിയുടെ കരകാണാകയങ്ങളിൽ മുങ്ങി താഴുകയാണ്. അനുദിനം പുറത്തു വരുന്ന ഞെട്ടിപ്പിക്കുന്ന കുറ്റകൃത്യങ്ങളുടെ പ്രധാന കാരണം ലഹരിയുടെ ഉപയോഗമാണെന്നത് ദീകര യാഥാർത്ഥ്യമാണ്. മദ്യത്തെ പ്രധാന വരുമാന മാർഗ്ഗമായി മാത്രം കാണുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്ന സർക്കാർ നയം എതിർക്കപ്പെടേണ്ടതാണ്. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ സഭയും പൊതുസമൂഹവും ഒരുമിച്ചു നിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**ബഹു. ചാക്കോ കുടിപറമ്പിലച്ചനും ബദിയടുക്ക ഇടവകയ്ക്കും അഭിനന്ദനങ്ങൾ**

മതേതര ഇന്ത്യ ലഹരി മുക്ത ഇന്ത്യ എന്ന സന്ദേശമുണർത്തി രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ന് ബദിയടുക്ക ടൗണിൽവെച്ച് ബദിയടുക്ക ഇടവകയിലെ വിവിധ ഭക്ത സംഘടനകളുടെ ആഭിമുഖ്യത്തിൽ ഏകദിന ഉപവാസവും മത സൗഹാർദ്ദ സമ്മേളനവും സാംസ്ക്കാരിക സദസ്സും നടന്നു. രാവിലെ 9 മണിക്ക് രാഷ്ട്രപിതാവിന്റെ ചിത്രത്തിന് മുമ്പിൽ പുഷ്പാർച്ചനയോടെ ആരംഭിച്ച ഏകദിന ഉപവാസത്തിന്റെ ഉദ്ഘാടനം കോതമംഗലം രൂപതയുടെ ഏ.കെ.സി.സി.യുടെ പ്രസിഡണ്ടും കെ.സി.വൈ.എം. മുൻ സംസ്ഥാന അദ്ധ്യക്ഷനും പ്രമുഖവാഗ്മിയുമായ ശ്രീ. സണ്ണി കടുത്താഴെ നിർവ്വഹിച്ചു. ഇടവകയുടെയും വിവിധ ഭക്തസംഘടനകളുടെയും പ്രതിനിധികൾ സംസാരിച്ചു. ഉച്ചയ്ക്ക് നടന്ന മതസൗഹാർദ്ദ സമ്മേളനത്തിൽ ഹിന്ദുമതത്തിന്റെയും ഇസ്ലാം മതത്തിന്റെയും ക്രൈസ്തവ മതത്തിന്റെയും പ്രതിനിധികൾ മതഗ്രന്ഥങ്ങളെ ആസ്പദമാക്കി ലഹരിക്കെതിരെ സംസാരിച്ചു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ സമാപനസമ്മേളനത്തിന്റെ ഭാഗമായ സാംസ്ക്കാരിക സദസ്സ് ഉച്ചകഴിഞ്ഞ് 3.30 ന് ആരംഭിച്ചു. കാസറഗോഡ് എം.എൽ.എ. ശ്രീ. എൻ.എ. നെല്ലിക്കുന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ഭാരവാഹികളെ പ്രതിനിധികരിച്ച് ഷിനോ പാറയ്ക്കൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോസ് ചാരാച്ചേരിൽ, സോയി പുറവക്കാട്ട്, ഷെൽസി കാവനാടിയിൽ എന്നിവർ പ്രസംഗിച്ചു. 'പരേതന് പറയാനുള്ളത്' എന്ന തെരുവു നാടകം അവതരിപ്പിച്ചു. അതിരൂപത

ആനിമേറ്റർ റവ. സി. ജോസ് മരിയ സി.എം.സി. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ക്കൊടുത്തു. കുട്ടികളും സ്ത്രീകളും ഉൾപ്പെടെ അമ്പതിലേറെ ആളുകൾ മുഴുവൻ ദിന ഉപവാസത്തിൽ പങ്കുചേർന്നു. മുൻ ഡയറക്ടർ കൂടിയായ ബഹു. ചാക്കോ കുടിപറമ്പിലച്ചനും ബദിയടുക്ക ഇടവകയ്ക്കും ഭക്തസംഘട നകൾക്കും ഹൃദയം നിറഞ്ഞ നന്ദി...

**പ്രതീക്ഷയുടെ വാർഷികവും എ.എ. കൂട്ടായ്മയും**

1983 ൽ ആരംഭിച്ച പ്രതീക്ഷ ഡി അഡിക്ഷൻ സെന്ററിന്റെ വാർഷികം വിപുലമായ പരിപാടികളോടെ ഒക്ടോബർ മാസം 5 ന് പ്രതീക്ഷയിൽ വെച്ച് ആഘോഷിച്ചു. രാവിലെ 9.30ന് ഡയറക്ടറച്ചന്റെ വി. കുർബാനയോടെ വാർഷിക ചടങ്ങുകൾ ആരംഭിച്ചു. 10.30 ന് വാർഷിക സമ്മേളനം ആരംഭിച്ചു. ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ സ്വാഗതം ആശംസിച്ചു. എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. സീ ഫാം ഡയറക്ടർ റവ. ഡോ. സെബാൻ ചെരിപ്പുറത്ത്, മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളെ പ്രതിനിധികരിച്ച് ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, മദ്യ-ലഹരി വിരുദ്ധ സംഘടനയെയും മുക്തിശ്രീയെയും പ്രതിനിധികരിച്ച് ടോമി വെട്ടിക്കാട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. നവതിയുടെ നിറവിൽ ആയിരിക്കുന്ന പ്രശസ്ത മദ്യ-ലഹരി വിരുദ്ധ പ്രവർത്തകൻ ശ്രീ. മാത്യു എം. കണ്ടത്തിൽ സാറിനെ ആദരിച്ചു. സ്റ്റാഫംഗം ശ്രീമതി ശോഭ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രതീക്ഷയിൽ ചികിത്സ കഴിഞ്ഞുപോയവരും അവരുടെ കുടുംബാംഗങ്ങളുമായ ധാരാളം പേർ പങ്കെടുത്തു. പ്രതീക്ഷയുടെ സ്റ്റാഫ് അംഗങ്ങളുടെ വിവിധ കലാപരി പാടികൾ പരിപാടികൾക്ക് മിഴിവേകി. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ഉച്ചഭക്ഷണത്തോടെ വാർഷികാഘോഷം സമാപിച്ചു.

**നവംബർ 2 ന് എ.എ. കൂട്ടായ്മ:** പ്രതീക്ഷയിൽ മുൻകാലങ്ങളിൽ ചികിത്സ തേടിയവരുടെയും കുടും ബാംഗങ്ങളുടെയും നവംബർ 2 ന് ഞായറാഴ്ച പ്രതീക്ഷയിൽ വച്ച് നടക്കും. രാവിലെ 9.30ന് വി. കുർബാനയോടെ ആരംഭി ക്കും. തുടർന്ന് ക്ലാസ്സുക്കൾക്ക് പ്രശസ്ത മനഃശാസ്ത്ര വിദഗ്ധൻ കൂടിയായ സീ ഫാം ഡയറക്ടർ ബഹു. ഡോ. സെബാൻ ചെരിപ്പുറത്ത് നേതൃത്വം നൽകും. ഉച്ചഭക്ഷണത്തോടെ സമാപിക്കും.

**സ്വാഗതം :** പ്രതീക്ഷ കുടുംബത്തിലേക്ക് പുതിയ സ്റ്റാഫായി കടന്നുവന്നി രിക്കുന്ന റവ. സി. മെർളിൻ S.H ന് ഹൃദ്യമായ സ്വാഗതം.

**അതിരൂപത സമിതി യോഗം നവംബർ 1 ന് മാടത്തിൽ പള്ളിയിൽ**

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെ സംയുക്ത അതിരൂപതാ സമിതി യോഗം നവംബർ 1 ശനിയാഴ്ച കേരളപ്പിറവി ദിനത്തിൽ മാടത്തിൽ പള്ളിയിൽ വച്ച് രാവിലെ 9.30 മുതൽ ചേരുന്നതാണ്.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**കാൻസർ പരിശോധന ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെൻററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് ഈ മാസം തോമാപുരം ടി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെൻറർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോക്ടർ ഫിൻസിന്റെയും ടീം അംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ ക്യാൻസർ ക്യാമ്പ് നവംബർ 8 ന് ആലക്കോട് വച്ച് നടത്തപ്പെടുന്നു.

**പ്രതിമാസ പ്രവർത്തനങ്ങൾ**

**നവംബർ 14 (ലോക പ്രമേഹദിനം)**

ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

**പേരാവൂർ RCC പ്രോഗ്രാം ഓഫീസർ ഉഷ ദിനേശിന്റെ യാത്രയയപ്പ് സമ്മേളനം നടത്തി**

ഒക്ടോബർ 16 ന് പേരാവൂര് വച്ച്, ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തിന്റെ അധ്യക്ഷതയിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ പേരാവൂർ ഭരണസമിതി അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. നീണ്ട 16 വർഷത്തെ സ്തുത്യർഹസേവനത്തിനു നന്ദിയും സ്നേഹസമ്മാനവും നൽകി ആദരിച്ചു. ഈ മാസം 27 ന് സെൻട്രൽ ഓഫീസിൽവച്ച് നടത്തപ്പെടുന്ന സ്റ്റാഫ് മീറ്റിംഗിൽ സ്റ്റാഫ് അംഗങ്ങൾ യാത്രയയപ്പ് നൽകാനും തീരുമാനിച്ചു.

**RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ യായ റേഡിയോ ഫോർ യു 89.6 എഫ്എം പ്രവർത്തനമികവുകൊണ്ട് മാധ്യമ പ്രവർത്തനരംഗത്ത് നവോത്ഥാനം തീർക്കുകയാണ്. നിരവധി കുട്ടികളും മുതിർന്നവരും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായ റേഡിയോ ഫോർ യൂവിനെ തിരഞ്ഞെടുത്ത് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാംസ്കാരികപരമായ പരിപാടികൾ കോർത്തെടു ത്തുകൊണ്ട് നിരവധി പ്രോഗ്രാം ചെയ്യാൻ ഈ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്. അതോടൊപ്പം മികച്ച

സൗണ്ട് റെക്കോർഡിംഗ് സംവിധാനം ഉപയോഗിച്ച് നിങ്ങളുടെ കഴിവുകൾ റേഡിയോ മുഖേന മറ്റുള്ളവർക്കു മുമ്പിൽ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (കഥ, കവിത, ഗാനങ്ങൾ, മോണോ ആക്ട്, മിമിക്രി തുടങ്ങിയവ...) +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**കമ്മ്യൂണിറ്റി റേഡിയോ ഇന്ത്യയിൽ അംഗത്വം എടുത്തു**

കമ്മ്യൂണിറ്റി റേഡിയോയുടെ അസോസിയേഷനായ കമ്മ്യൂണിറ്റി റേഡിയോ ഇന്ത്യ എന്ന സംഘടനയിൽ റേഡിയോ ഫോർയു ആജീവനാന്ത അംഗത്വം എടുത്തു. ഈ അംഗത്വത്തിലൂടെ സംഘടനയുടെ പ്രവർത്തനത്തിൽ റേഡിയോയ്ക്ക് ആജീവനാന്തം ഭാഗമാകാൻ സാധിക്കുന്നതാണ്.

**ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രിയുടെ ഓൺലൈൻ മീറ്റിംഗ്**

കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രിയുടെ കമ്മ്യൂണിറ്റി റേഡിയോ വിംഗിന്റെ വിജയകരമായ നടത്തിപ്പുമായി ബന്ധപ്പെട്ട് റേഡിയോ സ്റ്റേഷൻ അധികാരികൾക്കായി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ ഡയറക്ടർ, ഫാ. ജിതിൻ കളത്തിൽ പങ്കെടുത്തു.

ഭാരതത്തിലുള്ള 500ൽ അധികം കമ്മ്യൂണിറ്റി റേഡിയോകളെ കോർത്തിണക്കി അവരുടെ തദ്ദേശഭാഷകളിൽ നിർമ്മിക്കുന്ന റേഡിയോ പ്രോഗ്രാമുകൾ പരസ്പരം കൈമാറാനായി സർക്കാർ ആഭിമുഖ്യത്തിൽ ഒരു ഷെയറിംഗ് പ്ലാറ്റ്ഫോം പരിചയപ്പെടുത്തുകയും രജിസ്ട്രേഷൻ പ്രോസസ് വിശദീകരിക്കുകയും ചെയ്തു. ഈ പ്ലാറ്റ്ഫോമിൽ നമ്മുടെ റേഡിയോ രജിസ്റ്റർ ചെയ്തു. വിശദീകരിക്കുകയും ചെയ്തു. ഈ പ്ലാറ്റ്ഫോമിൽ നമ്മുടെ റേഡിയോ രജിസ്റ്റർ ചെയ്തു.

**സമ്മാനദാനം:** കഴിഞ്ഞ മാസങ്ങളിൽ റേഡിയോയിൽ ഷോകെയ്സ് എന്ന പരിപാടി യിൽ നിരവധി പ്രോഗ്രാമുകൾ അവതരിപ്പിച്ച ജി.എച്ച്. എസ്.എസ്. കല്ല്യോട്ടിലെ നിരവധി കുട്ടികൾക്ക് സർട്ടിഫിക്കേറ്റുകൾ സമർപ്പിക്കുകയും മികച്ച രീതിയിൽ പ്രകടനം കാഴ്ചവെച്ച കുട്ടികൾക്ക് പ്രോത്സാഹനമായി പഠനോപകരണങ്ങൾ സമ്മാനിക്കുകയും ചെയ്തു.

**റേഡിയോക്ലബ് ഉദ്ഘാടനം**

ജി.എച്ച്.എസ്.എസ്. കല്ല്യോട്ടിൽ റേഡിയോ ഫോർയൂവിന്റെ ആഭിമുഖ്യത്തിൽ റേഡിയോ ക്ലബ് ആരംഭിച്ചു. റേഡിയോ ഫോർ യൂ-ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ആദ്യത്തെ റേഡിയോ ക്ലബ്ബും കൂടിയാണിത്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**ഗാന്ധിജയന്തി ദിനാചരണം ഒക്ടോബർ 2**

- നെല്ലിക്കുറ്റി, ചന്ദനക്കാംപാറ, ചെമ്പന്തൊട്ടി, ലിസിഗിരി, വെമ്പുവ, പൈസക്കരി, ആറ്റുപാറ, ചെമ്പേരി, മാവുംചാൽ, നടുവിൽ, പടിമരുത്, മണിക്കടവ്, കനകപ്പള്ളി, എണ്ണപ്പാറ, ആനമഞ്ഞൾ, കരിവേടകം, വായാട്ടുപറമ്പ്, പാത്തൻപാറ, ആലക്കോട്, നെടുംപുറംചാൽ, കരുവഞ്ചാൽ, നാട്ടക്കല്ല്, രയറോം, ചെറുപാറ, പച്ചാണി, പരപ്പ, അരവഞ്ചാൽ, ഉമ്മറപ്പൊയിൽ,

തിരുമേനി, മുളപ്ര, പുളിങ്ങോം, കോഴിച്ചാൽ, ചെറുപുഴ, മണ്ഡപം, പടുപ്പ്, പുഞ്ച, ഭീമനടി, കാഞ്ഞിരടുക്കം, ബദിയടുക്ക, തോമാപുരം, ചട്ടമല, ചുള്ളി, കൊന്നക്കാട്, പനത്തടി, കല്ലുവയൽ, അറബി, മാവുംചാൽ, മാട്ടറ, പെരുമ്പടവ്, വെള്ളരിക്കുണ്ട്, കാഞ്ഞിരക്കൊല്ലി എന്നീ യൂണിറ്റുകൾ ഓഫീസ് പരിസരവും, പൊതുഇടങ്ങളും ശുചീകരിച്ചു.

- വായാട്ടുപറമ്പ് ഗാന്ധി സ്റ്റഡി സെന്റർ, കരുണാപുരം, നെല്ലിക്കുറ്റി, ചന്ദനക്കാംപാറ എന്നീ യൂണിറ്റുകൾ സ്കൂൾ കുട്ടികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു.
- കനകപ്പള്ളി, പടിമരുത്, തോമാപുരം, ചിറ്റാരിക്കൽ യൂണിറ്റുകൾ പച്ചക്കറി തൈകൾ, വാഴ തുടങ്ങിയവ നട്ടു.

**രോഗി സന്ദർശനം & ചികിത്സാ സഹായം**

- ഒക്ടോബർ മാസത്തിൽ ടി.എസ്.എസ്.എസിന്റെ വിവിധ യൂണിറ്റുകൾ രോഗബാധിതരായ അംഗങ്ങളെയും, കിടപ്പുരോഗികളെയും സന്ദർശിക്കുകയും, അവർക്കു സാമ്പത്തിക സഹായം, ചികിത്സാ സഹായം, എന്നിവ നൽകുകയും ചെയ്തു.

**അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

- വെണ്ണക്കല്ല്, തോമാപുരം, തിരുമേനി, കാഞ്ഞിരകൊല്ലി തുടങ്ങിയ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തികസഹായവും ആവശ്യമായ സാധനങ്ങളും നൽകി.

**വിദ്യാഭ്യാസ സഹായം**

- പടുപ്പ്, നെല്ലിക്കുറ്റി എന്നീ യൂണിറ്റുകൾ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ നൽകി.

**ഭവനനിർമ്മാണം**

- പടിമരുത് യൂണിറ്റ് ഭവനനിർമ്മാണത്തിനായി യൂണിറ്റിലെ ഒരു അംഗത്തിന് ധനസഹായം നൽകി.

**മെഡിക്കൽ ക്യാമ്പ്**

- കരിവേടകം, കനകപ്പള്ളി, എണ്ണപ്പാറ ക്രെഡിറ്റ് യൂണിയനുകളുടെ നേതൃത്വത്തിൽ സൗജന്യ നേത്രപരിശോധനയും തിമിരനിർണയ മെഡിക്കൽ ക്യാമ്പും നടത്തി. ഈ ക്യാമ്പിൽ പ്രദേശവാസികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കി.

**ഓഫീസ്/പരിസര വൃത്തിയാക്കൽ**

- ജോസ്മൗണ്ട്, ചന്ദനക്കാംപാറ, എണ്ണപ്പാറ, ആനമഞ്ഞൾ, മാവുംചാൽ, പാത്തൻപാറ, ആലക്കോട്, വായാട്ടുപറമ്പ്, കരുവഞ്ചാൽ, പടിമരുത്, കോഴിച്ചാൽ, ചെറുപുഴ, തോമാപുരം, ചട്ടമല എന്നീ യൂണിറ്റുകളിൽ വിവിധ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

**പോഷകാഹാരം/ഭക്ഷ്യവിതരണം**

- കനകപ്പള്ളി, കോഴിച്ചാൽ, എണ്ണപ്പാറ, നടുവിൽ, നാട്ടക്കൽ എന്നീ യൂണിറ്റുകൾ ഭക്ഷണവും പച്ചക്കറി തൈകളും വിതരണം ചെയ്തു.

**അധ്യാപകദിനം**

- മണ്ഡപം, കംബല്ലൂർ, കാഞ്ഞിരടുക്കം, മണിക്കടവ്, മാട്ടറ, അറബി, തോമാപുരം, പടിമരുത്, എടൂർ, ഇടപ്പുഴ, കൊളക്കാട്, പേരാവൂർ, മുണ്ടനൂർ, കല്ലുവയൽ, അങ്ങാടിക്കടവ്, കാഞ്ഞിരക്കൊല്ലി തുടങ്ങിയ യൂണിറ്റുകൾ അധ്യാപകദിനം ആചരിച്ചു.

**വിവിധ ദിനാഘോഷങ്ങൾ**

- പൈസക്കരി, മാട്ടറ, മുണ്ടാനൂർ, മണിക്കടവ്, അറബി, കല്ലുവയൽ തുടങ്ങിയ യൂണിറ്റുകൾ ദുരന്തനിവാരണദിനം, വേൾഡ് കോഫി ഡേ, വേൾഡ് പോസ്റ്റ് ഡേ, വേൾഡ് ഗേൾസ് ഡേ, വേൾഡ് വെജിറ്റബിൾ ഡേ എന്നീ ദിനങ്ങൾ ആചരിച്ചു.

**അവകാശസംരക്ഷണ പ്രവർത്തനങ്ങൾ/റാലി**

- പുന്നക്കുന്ന്, ചുള്ളി, ആനമഞ്ഞൾ, മുണ്ടാനൂർ, മണിക്കടവ്, പുഞ്ച, ആലക്കോട്, മണ്ഡപം തുടങ്ങിയ യൂണിറ്റുകൾ റാലി സംഘടിപ്പിക്കുകയും, ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തു.

**കൃഷിപരിശീലനം/ജൈവവളം**

- വായാട്ടുപറമ്പ്, അരവഞ്ചാൽ, കോഴിച്ചാൽ യൂണിറ്റുകൾ കൃഷിപരിശീലനം നടത്തുകയും, ജൈവവളം നിർമ്മിക്കുകയും ചെയ്തു.

**ആഗോള വിദ്യാർത്ഥിദിനം**

- കൊളക്കാട്, പേരാവൂർ, നെടുംപുറംചാൽ എന്നീ യൂണിറ്റുകൾ ആഗോള വിദ്യാർത്ഥിദിനം ആഘോഷിച്ചു.

**മറ്റു പ്രവർത്തനങ്ങൾ**

- കരുവഞ്ചാൽ യൂണിറ്റ് വിത്ത് ബാങ്കിലേക്ക് വിത്ത് ശേഖരണം നടത്തി.
- പൈസക്കരി യൂണിറ്റ് പാലിയേറ്റീവ് കെയർ സെൻറർ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ചെമ്പന്തൊട്ടി, അറബി യൂണിറ്റുകൾ ഡയാലിസിസ് പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകി.
- നെടുംപുറംചാൽ യൂണിറ്റ് ഒക്ടോബർ 2 ഗാന്ധി ജയന്തിയുടെ ഭാഗമായി ചിത്രരചന പരിശീലനം നടത്തി.
- നെല്ലിക്കാംപൊയിൽ ക്രെഡിറ്റ് യൂണിയൻ പ്രസിഡൻറ് കാരാമയിൽ ചാക്കോച്ചന്റെ മകളുടെ അകാല നിര്യാണത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.
- മണിക്കടവ് യൂണിറ്റ് എയർഫോഴ്സ് ദിനം ആചരിച്ചു.
- കാഞ്ഞിരക്കൊല്ലി യൂണിറ്റ് ക്രെഡിറ്റ് യൂണിയൻ ഡേ ആചരിച്ച് അതോടൊപ്പം തന്നെ വിളമന പ്രൊവിഡൻസ് ഹോം സന്ദർശിച്ചു.
- വെള്ളരിക്കുണ്ട് യൂണിറ്റ് പുതിയ അംഗങ്ങളെ യൂണിറ്റിലേക്ക് ചേർത്തു.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ**

2025 കേരള വിഷൻ കലക്ടീവ് ഫാമിംഗ് എക്സലൻസ് അവാർഡിന് ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി അർഹമായി. കണ്ണൂരിൽ വച്ച് നടന്ന ചടങ്ങിൽ കടന്നപ്പള്ളി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ നിന്നും (രജിസ്ട്രേഷൻ, മ്യൂസിയങ്ങൾ, പുരാവസ്തു, ആർക്കൈവ്സ് വകുപ്പ് മന്ത്രി) ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കുവേണ്ടി കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയിൽ, മാനേജിംഗ് ഡയറക്ടർ ഫാ. സ്കറിയ നിരപ്പേൽ എന്നിവർ ഏറ്റുവാങ്ങി.

**ആറാമത് വാർഷിക പൊതുയോഗം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആറാം വാർഷിക പൊതുയോഗം (AGM) കുന്നോത്ത് വെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനിയിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിന് ബയോമൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിക്കുകയും കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. 2024–2025 വർഷത്തിലെ പ്രവർത്തന റിപ്പോർട്ട് ഡയറക്ടർ ബോർഡ് മെമ്പർ ഫാ. ജോജി കാക്കരമറ്റത്തിൽ ബോർഡ് അംഗം ബിനോയി മാട്ടേലിന് കൈമാറി പ്രദർശനം ചെയ്തുകൊണ്ട് ചടങ്ങുകൾ ആരംഭിക്കുകയും തുടർന്ന് ഫാ. ജോജി കാക്കരമറ്റത്തിൽ പ്രവർത്തന റിപ്പോർട്ടും ഫാ. ബെന്നി നിരപ്പേൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകളും ഡയറക്ടർ റിപ്പോർട്ടും അവതരിപ്പിച്ചു.

തുടർന്ന് നടത്തിയ ചർച്ചയിൽ കമ്പനിയുടെ അടുത്ത വർഷത്തെ കർമ്മപദ്ധതികൾ സദസ്സിന് മുമ്പാകെ അവതരിപ്പിക്കുകയും കമ്പനിയുടെ പ്രവർത്തനങ്ങൾ വിശകലം ചെയ്യുകയും ചർച്ച നടത്തുകയും വിലയേറിയ അഭിപ്രായങ്ങൾ അംഗങ്ങളിൽ നിന്നും സ്വീകരിക്കുകയും ചെയ്തു. ഇടവകകളുടെ ഷെയർ സർട്ടിഫിക്കറ്റും കഴിഞ്ഞ മാസങ്ങളിൽ ഏറ്റവും അധികം ബയോമൗണ്ടൻ ഉത്പ്പന്നങ്ങളുടെ വിപണനം

നടത്തിയ യൂണിറ്റുകൾക്കുള്ള ഉപഹാരങ്ങളും അഭിവന്ദ്യ പിതാവ് ഇടവക കൾക്കും വികാരിയച്ചന്മാർക്കും കൈമാറി. യോഗത്തെ പിന്തുണച്ചുകൊണ്ട് ബോർഡ് മെമ്പർമാരായ ഡോ. ഫിലിപ്പ് കവിയിൽ, ഡോ. ബെനവാൻ ജോസഫ്, ജോളി അലക്സ്, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ എന്നിവർ ആശംസകളും അർപ്പിക്കു കയും ഫാ. ജോജി കാക്കരമറ്റത്തിൽ യോഗത്തിന് നന്ദി അർപ്പിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും പ്രത്യേക ഉപഹാരങ്ങളും കർഷകരുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സോണിയ, കോസേരി, ചക്കരക്കുട്ടി എന്നീ മികച്ചയിനം മാവിൻ തൈകൾ യോഗത്തിൽ പങ്കെടുത്ത എല്ലാ ബയോമൗണ്ടൻ അംഗങ്ങൾക്കും വിതരണം ചെയ്തു.

**ട്രെയിനിംഗ് പൂർത്തിയാക്കി**

ICAR - IIMR ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച്ച് ഹൈദരാബാദിൽ വച്ച് നടന്ന 'എന്റർപ്രണർഷിപ്പ് ഫൗണ്ടേഷൻ പ്രോഗ്രാം ഇൻ മില്ലറ്റിൽ' ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുക്കുകയും മില്ലറ്റിൽ നിന്നുമുള്ള ഉൽപന്നങ്ങളും അതിന്റെ സാധ്യതകളും പഠിക്കുകയും ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്തു.

**പ്രധാന മന്ത്രിയുടെ തൽസമയ സംപ്രേക്ഷണ പരിപാടിയിൽ പങ്കെടുത്തു**

'പ്രധാനമന്ത്രി ധൻ-ധന്യ കൃഷി യോജനയുടെയും പയറുവർഗ്ഗ സ്വാശ്രയ ദൗത്യം' പദ്ധതികളുടെ അവലോകനവുമായി ബന്ധപ്പെട്ട് ബഹു. പ്രധാന മന്ത്രി പങ്കെടുത്ത തൽസമയ സംപ്രേക്ഷണ പരിപാടിയിൽ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടറും ഒപ്പം നൂറോളം ബയോമൗണ്ടൻ കമ്പനി അംഗങ്ങളും പങ്കെടുത്തു. വിവിധ പദ്ധതികളുടെ കേന്ദ്രതല ഉദ്ഘാടനം ഒപ്പം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും ചടങ്ങിൽ ചർച്ച ചെയ്തു.

**കിസാൻ മേള**

ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തപ്പെട്ട കിസാൻ മേളയിൽ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഭാഗമായി. പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ബയോമൗണ്ടൻ കമ്പനിയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിനും ഉത്പ്പന്നങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനുമായി തയ്യാറാക്കിയ സ്റ്റാളിന് മികച്ച പ്രതികരണം ലഭിച്ചു.

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോ മൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ചക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനി യുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈകാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും.

ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടുവരിക എന്നത് ആവശ്യമാണ്. ലോൺ തെരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡൻറ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽനിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്കുവേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹ 2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹ 5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ട്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോ മൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ബയോ മൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും.

നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദ മാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം അപേക്ഷിക്കുന്നു.

**ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ**

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷ കർക്ക് 10 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപികരിച്ച് എടുക്കാവുന്നതാണ്. 2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും
2. രണ്ട് ലക്ഷം രൂപയുടെയും

ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹6000/ രൂപ വെച്ച് 39 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് SHG ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറി ന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവു കളും ബയോ മൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നത്തിന്റെ ചിലവുകൾ മാത്രമേ വരു ന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ
   * ഒരു ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും
   * രണ്ട് ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും

വിളിക്കുന്നതിനായി **9526054322** (ജാക്സൺ/കമൽ) എന്ന നമ്പർ ഉപയോഗിക്കാവുന്നതാണ്.

**ഇടവകകളിലെ ഷെയർ**

ചീമേനി, മുളപ്ര എന്നീ ഇടവകകൾ ബയോമണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ബഹു. വികാരി അച്ചന്മാർക്കും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ചു ബയോമാണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

നവംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

ഇന്ന് ഏറെ പ്രതിസന്ധി അനുഭവിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ കേരളത്തിലെ കർഷകർ. മാറിവരുന്ന കാലാവസ്ഥയും, നാണ്യവിളകളുടെ വിലത്തകർച്ചയും, അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും കർഷകരെ കൂടുതൽ ദുരിതങ്ങളിലേക്ക് നയിക്കുന്നു. അധികാരികൾ അവരുടെ സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവുമില്ലാതെ, കേരളത്തിലെ മലയോര മേഖലകളിലെ കർഷകരെയും അവരുടെ പ്രശ്നങ്ങളെയും ഗൗനിക്കാതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ്. കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും, ദിനംതോറുമുള്ള കർഷകരുടെ ജീവിതം കൂടുതൽ സുരക്ഷിതമാക്കാനും രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചേ മതിയാകൂ. നമുക്കൊന്നിച്ച് കൈകൾ കോർത്ത് മുന്നേറാം...

**വന്യമൃഗശല്യത്തിനെതിരായ സത്യാഗ്രഹത്തിന് ഇൻഫാമിന്റെ ഐക്യദാർഢ്യം**

വെള്ളരിക്കുണ്ടിൽ ആഗസ്റ്റ് 15 മുതൽ തുടരുന്ന വന്യമൃഗശല്യത്തിനെതിരായ അനശ്ചിതകാല സത്യാഗ്രഹത്തിന് ഇൻഫാം പ്രവർത്തകർ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സത്യാഗ്രഹ പന്തലിൽ എത്തി അവർ പ്രദേശവാസികളോടൊപ്പം നിലകൊണ്ട് പിന്തുണ അറിയിച്ചു. ഇൻഫാം തലശ്ശേരി രൂപത സെക്രട്ടറി ഗിരി മാത്യു തിരുത്താളിൽ, മുൻ രൂപത ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം, കാസർഗോഡ് ജില്ല ട്രഷറർ അപ്പച്ചൻ പുല്ലാട്ട്, ജിജി കുന്നപ്പള്ളി എന്നിവർ നേതൃത്വം നൽകി. സംഘം സത്യാഗ്രഹക്കാരെ സന്ദർശിച്ചു. ഇതിനോടൊപ്പം, വെള്ളരി ക്കുണ്ടിൽ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ നടക്കുന്ന വന്യമൃഗ ശല്യത്തിനെതിരായ റിലേ സത്യാഗ്രഹത്തിന് പിന്തുണയായി നവംബർ 1 ന് ഇൻഫാം ഔദ്യോഗികമായി പങ്കാളികളാകാനും തീരുമാനിച്ചു. പ്രദേശവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ഇൻഫാം നേതാക്കൾ ആവശ്യപ്പെട്ടു.

**റബ്ബർ ഇൻസന്റീവ് 300 രൂപയായി വർദ്ധിപ്പിക്കുക**

കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷം റബ്ബർ ഉൽപാദനം ഗണ്യമായി കുറയുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതിനെ തുടർന്ന് ഇൻഫാം കാർഷിക ജില്ലാ ജനറൽ ബോഡിയോഗം കേരള സർക്കാരിനോട് ആവശ്യപ്പെട്ടു, റബ്ബർ ഇൻസന്റീവ്

300 രൂപയായി വർദ്ധിപ്പിക്കണമെന്നും. കൂടാതെ കേരള സർക്കാർ റബ്ബർ കർഷകർക്കായി നടപ്പിലാക്കുന്ന കേര പദ്ധതി സംസ്ഥാനത്തിലെ മുഴുവൻ ജില്ലകളിലും വ്യാപിപ്പി ക്കണമെന്നും നിർദേശിച്ചു. കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ഇത് ഉടൻ നടപ്പാക്കണമെന്നും ഇൻഫാം നേതാക്കൾ പ്രത്യേകം ആവശ്യപ്പെട്ടു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 നവംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

01 : ഏകദിന കൺവെൻഷൻ
02-06 : ആന്തരിക സൗഖ്യ ധ്യാനം
09-12 : കന്നഡ ധ്യാനം
08, 15 : ഏകദിന കൺവെൻഷൻ
16-20 : ആന്തരിക സൗഖ്യ ധ്യാനം
21-23 : വിശ്വാസ പരിശീലകരുടെ ധ്യാനം
22, 29 : ഏകദിന കൺവെൻഷൻ
30 - ഡിസം 04 : ആന്തരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

01-04 : ആന്തരിക സൗഖ്യ ധ്യാനം
07, 14, 21, 28 : ഏകദിന ധ്യാനം
07-10 : പരിശുദ്ധാത്മാഭിഷേക ധ്യാനം
22-25 : ആന്തരിക സൗഖ്യ ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

01 : ഏകദിന ധ്യാനം (9 am - 2 pm)
02-04 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
14 : ജാഗരണ പ്രാർത്ഥന (06 pm - 09 pm)

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

07 : ജാഗരണ പ്രാർത്ഥന
20-23 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

02-06 : ആന്തരിക സൗഖ്യ ധ്യാനം
14 : ജാഗരണ പ്രാർത്ഥന
16-20 : ആന്തരിക സൗഖ്യ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### സെപ്റ്റംബർ 2025

21 അതിരുമാവ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഇടവകാ പൊതുയോഗത്തിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

22 തൃശൂരിൽവച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

23 മഞ്ഞളാംപുറം ഇടവകാ ദൈവാലയത്തിൽവച്ച് വിപിൻ ജോസഫ് മാറാട്ടുകുന്നേലിന്റെയും മരിയ ജോസഫ് പുളിക്കലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് പേരാവൂരിൽവച്ച് സംഘടിപ്പിച്ച ആദം മിനിസ്ട്രി പ്രോഗ്രാമിന് അധ്യക്ഷത വഹിച്ചു.

24 ജോസ്മൗണ്ട് ഇടവകയിൽ നിര്യാതനായ ശ്രീ. ചാക്കോ എടാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

25-26 വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു. ധ്യാന സമാപനത്തിന് സന്ദേശം നൽകി.

27-28 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

29 തലശ്ശേരി അതിരൂപതാ ആലോചനാ സമിതി, ഫിനാൻസ് കൗൺസിൽ യോഗങ്ങൾക്ക് അധ്യക്ഷത വഹിച്ചു.

30 രാവിലെ തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് ബയോമൗണ്ടൻ ജനറൽ ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം മക്കിയാട് ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

### ഒക്ടോബർ 2025

01 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ്, സാൻജോസ് അക്കാദമി ഗവേണിംഗ് ബോഡി മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു.

02 എടൂരിൽവച്ച് മിഷൻ ലീഗ് കൗൺസിൽ വാർഷികവും റാലിയും ഉദ്ഘാടനം ചെയ്തു.

03 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

04 ചെമ്പേരിയിൽവച്ച് നടത്തിയ അതിരൂപതയിലെ സംരംഭകരുടെ യോഗം

ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം മരിയൻ തീർത്ഥാടനവുമായി ബന്ധപ്പെട്ട് ചേർന്ന സംഘാടക സമിതി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05-07 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

08 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കരുവഞ്ചാലിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

09 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. രാത്രിയോടെ പരിയാരം മദർഹോമിലെത്തി ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.

10 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

11 തലശ്ശേരിയിൽവച്ച് നടത്തിയ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വിളക്കന്നൂർ ദൈവാലയത്തിലേക്ക് യുവജനങ്ങളോടൊപ്പം തീർത്ഥാടനം നടത്തുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

12 രാവിലെ കണ്ണൂർ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും പുതിയ ദൈവാലയ നിർമ്മാണത്തിനുള്ള തറക്കല്ല് വെഞ്ചരിക്കുകയും ചെയ്തു. വൈകുന്നേരം പയ്യാവൂരിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

13 ചെമ്പേരിയിൽവച്ച് കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം പാണത്തൂരിൽ പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് എ.കെ.സി.സി യുടെ നേതൃത്വത്തിൽ നടത്തുന്ന അവകാശ സംരക്ഷണ യാത്രയുടെ ഉദ്ഘാടനം പാണത്തൂരിൽ നിർവ്വഹിച്ചു.

14 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. പേരാവൂരിൽവച്ച് എ.കെ.സി.സി.യുടെ നേതൃത്വത്തിൽ നടത്തുന്ന അവകാശ സംരക്ഷണ യാത്രയുടെ സ്വീകരണ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

16 ന്യൂഡൽഹി സേക്രഡ് ഹാർട്ട് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് കെവിൻ മാത്യു തലയ്ക്കലിന്റെയും ആതിര ജെയിംസ് കുറ്റിക്കാട്ടുമണ്ണിലിന്റെയും വിവാഹം ആശീർവ്വദിച്ചു.

18 ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതനായ ശ്രീ. തോമസ് അട്ടേങ്ങാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

തുടർന്ന് ആലക്കോടുവച്ച് ചേർന്ന വിയാനിനിധി ഉപകാരികളുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം മണ്ടപം ഇടവകാംഗ മായ ബ്രദർ അനി വെള്ളാക്കോട്ടിലിന്റെ ഭവനം വെഞ്ചരിച്ചു. തുടർന്ന് നാട്ടക്കൽ ഇടവകാംഗമായ മാത്യു വളവനാൽ അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

19 രാവിലെ ശ്രീകണ്ഠാപുരത്ത് പുതുതായി നിർമ്മിക്കുന്ന ദൈവാലയ ത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം മാഹി ബസലിക്കാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി യർപ്പിച്ച് വചനസന്ദേശം നൽകി. രാത്രി ഒൻപതിന് ഓൺലൈനായി ചേർന്ന പാരിഷ് സോഫ്റ്റ്‌വെയർ അവലോകന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 രാവിലെ ചരൾ ഇടവകാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് കണ്ണിവയൽ ലിസ്യൂക്സ് ഭവൻ വൃദ്ധസദനത്തിന്റെ ജൂബിലിയോടനു ബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് അതിരൂപതയിലെ വൈദികർക്കായി നടത്തിയ സ്പോർട്സ് മീറ്റിന്റെ സമ്മാനദാനം നിർവ്വഹിച്ചു. തുടർന്ന് കോട്ടൂരിൽവച്ച് നടത്തിയ ബൈബിൾ കൺവെൻഷന് സന്ദേശം നൽകി.

---

**NOVEMBER 2025**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10:00 am | - | Finance Council |
| | 02:00 pm | - | Kunnoth: NS Convent Blessing |
| 02 | | - | Faridabad |
| 03-04 | | - | Ernakulam |
| 05 | | - | Belthangady |
| 06 | 10:00 am | - | Consultors Meet |
| 07 | | - | Bangalore |
| 08 | 10:00 am | - | Thalipparamba: Jeevothsavam |
| | 03:00 pm | - | Vattiyara: Church Blessing |
| 09 | 02:30 pm | - | Kallumuthirakkunnu: Jubilee |

| | | | |
|---|---|---|---|
| 10 | 09-12 pm | - | Thalassery: Visitors Day |
| 11 | 06:30 am | - | Melechovva |
| 12 | | - | Engaged |
| 13 | 10:30 am | - | Vilamana: LSDP - Vestition |
| | 03:30 pm | - | Vilakkannur |
| 14 | | - | Ernakulam |
| 15 | 10:00 am | - | Cathedral |
| | 03:30 pm | - | Edoor: Marriage |
| 16 | | - | Neeleswaram: Pastoral Visit |
| 17 | | - | Jubilarians Meet |
| 18 | 10:00 am | - | Presbyteral Council |
| | 06:00 pm | - | Shalome Shooting |
| 19 | 09-12 pm | - | Thalassery: Visitors Day |
| | 06:00 pm | - | Shalome Shooting |
| 20 | 10:30 am | - | Pariyaram: SMS Convent Blessing |
| | 03:30 pm | - | Kudiyanmala |
| 21 | | - | Ernakulam |
| 22 | 10:00 am | - | Thalipparamba: Presbytarium |
| | 06:00 pm | - | Thalipparamba: Deepika Annual Day Programme |
| 23 | 10:30 am | - | Karuvanchal: Jubilee |
| | 04:00 pm | - | Malome |
| 24 | 09:00 am | - | Angadikkadavu: Ordination |
| | 06:00 pm | - | Minor Seminary: Home Day |
| 25-26 | | - | Ernakulam |
| 27 | 10:00 am | - | Inter Curia Meeting |
| | 05:30 pm | - | Sanjos School Anniversary |
| 28 | 09-12 pm | - | Thalassery: Visitors Day |
| 29 | 10.00 am | - | Thalipparamba: Pastoral Council |
| | 04.00 pm | - | Karikkottakkary |
| 30 | | - | Pastoral Visit |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ഒക്ടോബർ 2025**

01 രാവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനത്തിൽ കോട്ടൂർ സെന്റ് തോമസ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം കരിക്കോട്ടക്കരി എൽ.എസ്. സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 രാവിലെ നെല്ലിക്കാംപോയിൽ ഇടവകയിൽ വച്ച് മാനന്തവാടി നിർമ്മല പ്രൊവിൻസിലെ കൊട്ടുകപള്ളി സി. ഡെയ്സി എസ്.എച്ചിന്റെയും, സി. ലിസി മരിയ എസ്.എച്ചിന്റെയും സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും, തുടർന്ന് നടന്ന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വൈകുന്നേരം കുന്നോത്ത് എഫ്.സി.സി. കോൺവെന്റിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ഫീസ്റ്റ് ആഘോഷത്തിൽ സംബന്ധിച്ചു.

05 വൈകുന്നേരം മാനന്തവാടി രൂപതയിലെ മീനങ്ങാടി അസീസി ഇടവകയുടെ തിരുനാളിനും ഫാ. ജോസഫ് പൊന്നമേൽ ടി ഓ ആർ അച്ചന്റെ സുവർണ്ണ ജൂബിലിക്കും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

06 വൈകുന്നേരം പട്ടാരം വിമലഗിരി ആശ്രമത്തിൽ വച്ചു നടന്ന അസീസി പുണ്യവാളന്റെ തിരുനാൾ ആഘോഷത്തിലും പ്രാർത്ഥനയിലും പങ്കെടുത്തു.

07 രാവിലെ നെല്ലിക്കാംപൊയിൽ ഇടവകയിൽ നിര്യാതയായ കാരമയിൽ അൽഫോൻസ ജേക്കബിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിൽ കാർമികത്വം വഹിച്ച.

വൈകുന്നേരം ചെമ്പേരി കരുണാലയത്തിൽ പുതുതായി നിർമ്മിച്ച ലൂർദ് മാതാവിന്റെ ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

11 വൈകുന്നേരം അങ്ങാടിക്കടവിൽ വച്ച് നടന്ന വിൻസെന്റ് ഡി പോൾ ഏരിയ കൗൺസിൽ ഉദ്ഘാടനം ചെയ്തു.

12 രാവിലെ മാനന്തവാടി രൂപതയിലെ ദ്വാരക ഇടവകയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം നടവയൽ ഇടവകയിൽ വച്ച് നടന്ന മാതൃസംഗമത്തിലും ജപമാല പ്രാർത്ഥനയുടെ സമാപനത്തിലും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 വൈകുന്നേരം എ.കെ.സി.സി.യുടെ അവകാശ സംരക്ഷണ യാത്രയ്ക്ക് ഉളിക്കല്ലിൽ വച്ച് നൽകിയ സ്വീകരണ യോഗം ഉദ്ഘാടനം ചെയ്തു.

15 രാവിലെ ഇടത്തൊട്ടി സാന്താ മരിയ എസ്.എച്ച്. ഭവനത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും രോഗികളായ സിസ്റ്റേഴ്സിനെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

19 രാവിലെ മാനന്തവാടി രൂപതയിലെ വെണ്ണിയോട് കപ്പേളയിൽ വിശുദ്ധ മദർ തെരേസയുടെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

20 രാവിലെ 2026 ജനുവരി 5ന് പൗരോഹിത്യപട്ടം സ്വീകരിക്കാൻ ഒരുങ്ങുന്ന ജോൺ ചെല്ലങ്ങോട്ട്, ജോസഫ് വലിയവീട്ടിൽ എന്നിവർ സന്ദർശനം നടത്തി.

22 രാവിലെ ജി.എസ്.എം.എസിൽ ക്ലാസ് എടുത്തു.

25 ഉച്ചയ്ക്ക് ക്ലരീഷ്യൻ ഭവനത്തിലെ തിരുനാൾ ആഘോഷത്തിൽ പങ്കുചേർന്നു.

26 രാവിലെ മാനന്തവാടി രൂപതയിലെ വഞ്ഞോട് ഇടവകയിൽ ദൈവാലയ നിർമ്മാണത്തിന് ഒരുക്കമായിട്ടുള്ള പ്രഥമ സംഭാവന സ്വീകരിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച സന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം ചെറുകാട്ടൂർ ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷ ത്തിലും, മിഷൻ ഞായർ അനുസ്മരണം, കൊന്ത നമസ്കാര സമാപനം എന്നിവയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

27 ഉച്ചകഴിഞ്ഞ് ചെമ്പേരി ഇടവക മണിമലതറപ്പേൽ ആകാശിന്റെയും മെറിന്റെയും വിവാഹ വാർവദിച്ചു.

28 രാവിലെ കരുണാപുരം ഇടവകയിൽ വി. യൂദാതദ്ദേവൂസിന്റെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 രാവിലെ ജി.എസ്.എം.എസ്. ക്ലാസ് എടുത്തു.

30 രാവിലെ കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സിസ്റ്റേഴ്സിന്റെ രജത-സുവർണ്ണ ജൂബിലിക്ക് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് മീറ്റിംഗിൽ സംബന്ധിക്കു കയും ചെയ്തു.

31 വൈകുന്നേരം ചെങ്ങോം ഇടവകയിൽ പണി പൂർത്തീകരിച്ച ഇടവക ഭവനത്തിന്റെ രണ്ടാം നില വെഞ്ചിരിച്ചു.

**NOVEMBER 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 2:00 pm | - | NS Generalate blessing and Jubilee, Kunnoth |
| 02 | 9:30 am | - | Festal mass, Panamaram |
| 03 | 5:00 pm | - | Festal mass, Poil |
| 04 | 7:30 am | - | Holy mass, Anara |
| 05 | 9:00 am | - | Consecration, Belthangady |
| 06 | 6:30 pm | - | Monthly recollection, Randamkadavu |
| 08 | 10:30 am | - | Jubilee, Panathur |
| | 5:00 pm | - | Baptism, Velimanam |
| 09 | 9:00 am | - | First Communion, Vattiyara |
| | 2:30pm | - | Golden Jubilee of Fr. Joseph Kakkattil, Kallumuthirakunnu |
| 11 | 10:30 am | - | Holy mass, SCJ convent, Alakode |
| 12 | 6:30 am | - | Holy mass, SABS Provincial House, Kiliyanthara |
| | 8:30 am | - | Class, GSMS Kunnoth |
| 15 | 10:00 am | - | Jubilee of Fr. Xavier Thelakkatt, Vellad |
| | 4:00 pm | - | Holy mass at Mananthavady Cathedral, Kaniyaram |
| 16 | 10:30 am | - | Holy mass, Vilakkannoor |
| | 5:00 pm | - | 50th Jubilee of Karunalayam, Chemperi |
| 18 | 3:00 pm | - | Batch gathering, Kochi |
| 19 | 6:30 pm | - | Batch gathering, Kochi |
| 22 | 10:00 am | - | Golden Jubilee at Vincentgiri, Mananthavady |
| | 4:00 pm | - | House warming, Nellikkampoyil |
| 23 | 10:30 am | - | Golden Jubilee of Fr. Jose Elayanithottam, Santhibhavan, Karuvanchal |
| | 7:00 pm | - | Holy mass, Mavullal |
| 24 | 10:30 am | - | Jubilee, SMS Pariyaram |
| 26 | 11:30 am | - | Holy mass, Nadavayal |
| 27 | 10:00 am | - | Thalassery Province meeting, Thalassery |
| | 4:00 pm | - | Jubilee, Koluvally |
| 29 | 10:30 am | - | Golden Jubilee of Fr. James Kuttimackal, Kolakkad |
| 30 | 10:00 am | - | Festal mass, Chettiyamparamba |
| | 4:00 pm | - | Holy mass, Nellikkampoyil |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**സെപ്റ്റംബർ 2025**

21 ഉച്ചയ്ക്ക് തൃശ്ശൂരിൽ വച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

22 രാവിലെ കോഴിക്കോട് വച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

24 രാവിലെ കുഞ്ഞിപറമ്പിൽ ഫാ. ടോമി എടാട്ടിന്റെ പിതാവിന്റെ വിയോഗത്തിൽ അനുശോചനം അറിയിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**ഒക്ടോബർ 2025**

04 ഉച്ചക്ക് മേലേചൊവ്വ ഒ.എഫ്.എം പ്രൊവിൻഷ്യൽ ഹൗസിൽ സെന്റ് ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ ആഘോഷത്തിൽ പങ്കെടുത്തു.

06 രാവിലെ തളിപ്പറമ്പ് പള്ളിയിൽ വച്ച് ചവനാലിൽ കുടുംബത്തിലെ അനൂപിന്റെയും ജെസ്‌ലിന്റെയും വിവാഹം ആശീർവ്വദിച്ചു.
വൈകിട്ട് കണ്ണൂർ MIMS ആശുപത്രിയിൽ കഴിയുന്ന മൈക്കിൾ കാരിമറ്റത്തിലച്ചനെ സന്ദർശിച്ചു.

10 രാവിലെ എടൂരിൽ മേരിക്കുട്ടി ടീച്ചറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

11 രാവിലെ കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ചർച്ചിൽ പിതാവിന്റെ അമ്മയുടെ മരണ വാർഷികത്തിൽ വി. കുർബാന ചൊല്ലി പ്രാർത്ഥിച്ചു.

12 വൈകിട്ട് മണിക്കടവിൽ ഫാ. ബിനോയി പാലാക്കുഴി സി.എസ്.ടി യുടെ ജൂബിലിയിൽ പങ്കെടുത്തു.

19 കല്യാൺ അതിരൂപതയിൽ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിച്ചു.

25 അദിലാബാദ് രൂപതയിൽ വച്ച് മാർ ജോസഫ് തച്ചപ്പറമ്പത്ത് സി.എം.ഐ. യുടെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

26 ഷംഷാബാദ് രൂപതയിൽ വച്ച് മാർ പ്രിൻസ് ആന്റണി പണേങ്ങാടൻ പിതാവിന്റെ സ്ഥാനാരോഹണത്തിൽ പങ്കെടുത്തു.

---

**NOVEMBER 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

O1 - N.S. Golden Jubilee Conclusion at Kunnoth

O5 - Episcopal Ordination at Belthangady

**Secretary to the Archbishop Emeritus**

# GOLDEN JUBILERIANS


50 Years Golden Jubilee



Rev. Fr. Joseph **Chathanattu**



Rev. Fr. Jose **Elayanithottam**



Rev. Fr. George **Elukkunnel**




Rev. Fr. Jose **Kakkattil**



Rev. Fr. Joseph **Karukamalil**



Rev. Fr. Mathew **Payyanatt**




Rev. Fr. Emmanuel **Poovathinkal**

# SILVER JUBILERIANS

25 years Silver Jubilee



Rev. Fr. Sebastian **Ambattu**




Rev. Fr. James **Areeparambil**



Rev. Fr.Mathew **Areeplackal**




Rev. Fr.Sebastian **Cheripurath**




Rev. Fr. Philip **Eruppakkattu**




Rev. Fr. Thomas **Noorammackal**




Rev. Fr. Joseph **Puthussery**



Rev. Fr. Martin **Thattaparambil**



Rev. Fr. Xavier **Thelakkatt**



Rev. Fr. Mathew **Valavanal**





Congratulations...... Congratulations...... Congratulations......

RNI Reg. No. 5910  Date of Publication: 28/10/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 11 വില : ₹10

## നവംബർ 01

## സകല വിശുദ്ധരുടെയും തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.